

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

നെല്ലനാട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ ജി.പി.13/1344/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 27/09/2024
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെല്ലനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ ജി.പി.13/1344/2024 തീയ്യതി: 27/09/2024

തിരുവനന്തപുരം ജില്ലയിലെ നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

58 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 56 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
പ്രതാപ് കുമാർ .ആർ	ഡെപ്യൂട്ടി ഡയറക്ടർ	23-07-2024	31-07-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
23-07-2024	31-07-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. ബിന്ദു .ഒ, ഓഡിറ്റ് ഓഫീസർ
ശ്രീ. പ്രവീൺ .എൻ.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. ലേഖ .എം.എൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. രശ്മി .ആർ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ശ്രീലതാ ദേവി .എൻ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)

ശ്രീമതി. ബീന കുമാരി	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീ. ജോയ് കുമാർ .വി	സെക്രട്ടറി	01-04-2023	01-11-2023
ശ്രീ. രാജീവ് .റ്റി.കെ	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-11-2023	28-11-2023
ശ്രീ. രാജേഷ് .എസ്.എസ്	സെക്രട്ടറി	29-11-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. സുജ .കെ.കെ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	31-03-2024
ശ്രീമതി. സുമ റോസ് സുന്ദരൻ	കൃഷി ഓഫീസർ	01-04-2023	31-03-2024
ഡോ. സജി കുമാർ	മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി	01-04-2023	21-06-2023
ഡോ. അനു തോമസ്	മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി	21-06-2023	31-03-2024
ഡോ. സ്മിത .എൻ	മെഡിക്കൽ ഓഫീസർ ആയുർവേദം	01-04-2023	01-09-2023
ഡോ. ജയശങ്കർ .പി	മെഡിക്കൽ ഓഫീസർ ആയുർവേദം	01-09-2023	31-03-2024
ശ്രീമതി. സരിത വിജയൻ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	17-07-2023
ശ്രീമതി. മിനി .കെ. നായർ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	18-07-2023	31-03-2024
ശ്രീ. പ്രദീപ് കുമാർ .വി.ആർ	വി.ഇ.ഒ. ഗ്രേഡ് 1	01-04-2023	05-07-2023
ഒഴിവ്	വി.ഇ.ഒ. ഗ്രേഡ് 1	06-07-2023	12-07-2023
ശ്രീമതി. സുമീറ .എസ്	വി.ഇ.ഒ. ഗ്രേഡ് 1	13-07-2023	07-09-2023
ഒഴിവ്	വി.ഇ.ഒ. ഗ്രേഡ് 1	08-09-2023	11-09-2023
ശ്രീമതി. ആശാ റാണി .റ്റി	വി.ഇ.ഒ. ഗ്രേഡ് 1	12-09-2023	31-03-2024
ഡോ. ബീന .കെ	മെഡിക്കൽ ഓഫീസർ ഹോമിയോ	01-04-2023	31-03-2024
ശ്രീമതി. പുഷ്പകുമാരി .ആർ.എസ്	ഹെഡ് മിസ്ട്രസ് (ഗവ. യു.പി.എസ്. നെല്ലനാട്)	01-04-2023	31-03-2024
ഡോ. ഇന്ദു ലേഖ.വി.എം	വെറ്റിനറി സർജൻ	01-04-2023	31-03-2024
ശ്രീ. രാജീവ് .റ്റി.കെ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	31-03-2024
ശ്രീമതി.സാവിത്രി.എ	ഐ.സി.ഡി.എസ്,സൂപ്പർവൈസർ	01-04-2023	14-05-2023
ശ്രീമതി.വനജകുമാരി	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	15-05-2023	31-03-2024
ശ്രീ.വിനീഷ്.വി	വി.ഇ.ഒ II	01-04-2023	31-03-2024

ഉള്ളടക്കം

ക്രമനം	ഭാഗം 1	ഖണ്ഡിക നമ്പർ
1	വാർഷിക അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യപത്രികയ്ക്കാപ്പം സമർപ്പിച്ചിട്ടില്ല	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
3	ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല	1-1-2
4	തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന് വ്യക്തതയില്ല	1-1-3
5	ബാധ്യതയായി നിലനിർത്തിയിട്ടുള്ള സ്റ്റെയിൽ ചെക്കുകളിൽ നിയമാനുസൃത കാലാവധി കഴിഞ്ഞവ ബന്ധപ്പെട്ട ഫയലുകളിൽ ക്രമീകരിക്കേണ്ടതാണ്.	1-1-4
6	സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല	1-1-5
7	സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല	1-1-6
8	ബാങ്ക് ബുക്കിൽ ക്രെഡിറ്റ് ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നു.	1-1-7
9	ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് അഡ്വാൻസ് അനുവദിക്കുന്നത് - അക്കൗണ്ടിംഗിലെ അപാകം	1-1-8
10	ലഭ്യമായ ഗ്രാന്റുകൾ ചെലവഴിച്ചെങ്കിലും ബാധ്യതാ ശീർഷകത്തിൽ നിന്നും ക്രമീകരിച്ചില്ല	1-1-9
11	വസ്തു നികുതി ഡിമാന്റിൽ നിന്നും കുറവ് ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല	1-1-10
12	അക്കൗണ്ട്സ് പരിശോധനയിലെ മറ്റ് നിരീക്ഷണങ്ങൾ	1-1-11
13	ബജറ്റ്	1-2
14	സാമ്പത്തിക വിശകലനം	1-3
15	ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ	1-4-1
16	ഗ്രാന്റ് വിനിയോഗം	1-4
17	പദ്ധതി അവലോകനം	1-5
18	ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ	1-6
19	ക്യാഷ് പരിശോധന	1-7
20	ആഭ്യന്തരനിയന്ത്രണം	1-8
21	തൊഴിലുറപ്പ് പദ്ധതി	1-9
22	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
23	വസ്തുനികുതി പരിഷ്കരണം - നടപടിക്രമങ്ങൾ പൂർത്തിയായില്ല	1-11
24	പരിഷ്ക്കരിച്ച നിരക്കിൽ വസ്തു നികുതി ഈടാക്കിയിട്ടില്ല.	1-12
25	വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചു	1-13
26	മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയില്ല	1-14
27	കേന്ദ്ര സർക്കാർ കെട്ടിടങ്ങളിൽ നിന്നും സർവീസ് ചാർജ് ഈടാക്കാവുന്നതാണ്	1-15
28	തനത് വരുമാനം പിരിച്ചെടുക്കാൻ അവശേഷിക്കുന്നു	1-16
29	പ്രൈവറ്റ് ബസ് സ്റ്റാൻഡിലെ അനധികൃത മത്സ്യലേലം - തുടർനടപടി അനിവാര്യം	1-17
30	കച്ചവടക്കാരിൽ നിന്നും സി.എസ്.ആർ ഫണ്ട് - പ്രാദേശിക വികസനം ഉറപ്പാക്കേണ്ടതാണ്.	1-18
31	ടൂറിസം വികസനത്തിലൂടെ പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ സാധ്യതകൾ തേടേണ്ടതാണ്	1-19

32	പൊതുകുളങ്ങൾ മത്സ്യകൃഷിയ്ക്കായി ലേലം ചെയ്ത് നൽകുന്നതിനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതാണ്	1-20
33	ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നല്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.	1-21
34	മാർക്കറ്റ്, പാഴ് വസ്തുക്കൾ എന്നിവയുടെ ലേലം -53,000/- രൂപ ഈടാക്കാനവശേഷിക്കുന്നു.	1-22
35	കടമുറി ലേലം -അപാകതകൾ	1-23
36	വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല- 246402/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.	1-24
37	ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾ ഹരിതകർമ്മസേനയിലൂടെ	1-25
38	റോഡ് കണക്ടിവിറ്റി മാപ്പിംഗ് പദ്ധതി	1-26
39	ഭവനപുനരുദ്ധാരണം (എസ്.സി) നിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരം	1-27
40	ഭവനപുനരുദ്ധാരണം (ജനറൽ) നിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരം	1-28
41	ആസ്തികൾ പ്രയോജനകരമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം	1-29
42	അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൌണ്ടിൽ അവശേഷിക്കുന്ന ടെണ്ടർ ഫാറം തുക അടവാക്കണം	1-30
43	വയോജന പരിപാലനം പദ്ധതി - 21000 /- രൂപ തടസ്സപ്പെടുത്തുന്നു	1-31
44	വയോക്ലബ് പദ്ധതി, അപാകതകൾ - 152646/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-32
45	കരിയർ ഗൈഡൻസ് പദ്ധതി - 214239/- രൂപ തടസ്സപ്പെടുത്തുന്നു.	1-33
46	ഭിന്നശേഷി കലാമേള – പദ്ധതിയിലെ അപാകതകൾ	1-34
47	വയോജന കലാമേള – പദ്ധതിയിലെ അപാകതകൾ	1-35
48	ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ നൽകൽ- സ്പിൽ ഓവർ പദ്ധതി നടപ്പിലാക്കിയിട്ടില്ല	1-36
49	MGNREGA സോക്ക്വിറ്റ് നിർമ്മാണം - അപാകതകൾ	1-37
50	MGNREGA കാലിതൊഴുത്ത് നിർമ്മാണം- അനുബന്ധരേഖകൾ സൂക്ഷിച്ചിട്ടില്ല	1-38
51	കെൽട്രോണിൽ നിന്നും ലാപ്ടോപുകൾ ലഭ്യമായില്ല – 193104/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-39
52	"ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ" - മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല – 145140/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-40
53	അംഗൻവാടി ഭൗതികസാഹചര്യം - അവലോകനം	1-41
54	മഴക്കാല പൂർവ്വശുചീകരണം -ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല – 134000/- രൂപ തടസ്സപ്പെടുത്തുന്നു.	1-42
55	വാട്ടർ ടാങ്ക് വാങ്ങിനൽകൽ – എസ് സി -ഗുണഭോക്ത്യവിഹിതമിനത്തിലെ തുക CFC ഫണ്ടിൽ നിന്ന് അനുവദിച്ചു - 34938/-രൂപ തടസ്സം ചെയ്യുന്നു	1-43
56	കുടുംബശ്രീ ഹെൽപ്ഡെസ്ക് സംവിധാനം പ്രവർത്തനം ആരംഭിച്ചില്ല – ചെലവ് തുക (608085 /- രൂപ) തടസ്സം ചെയ്യുന്നു	1-44
57	പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പഠനമുറി - പ്രവൃത്തി പൂർത്തീകരിച്ചില്ല	1-45
58	ബഡ്സ് സ്കൂൾ അദ്ധ്യാപികയ്ക്കും ആയയ്ക്കും ഓണറേറിയം നൽകൽ – സേവന രേഖകൾ പരിപാലിക്കുന്നില്ല	1-46

59	കൂൺകൃഷി ധനസഹായം - അധികമായി അനുവദിച്ച സബ്സിഡി തുക(4973/- രൂപ) തടസ്സം ചെയ്യുന്നു	1-47
60	ഫലവൃക്ഷതൈ വിതരണം - മാനദണ്ഡങ്ങൾ പാലിച്ചില്ല – 43,750/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു	1-48
61	SSK വിഹിതം ഒടുക്കൽ- ചെലവ് വിശദാംശം ലഭ്യമല്ല	1-49
62	വിദ്യാവെളിച്ചം പദ്ധതി - ലക്ഷ്യം നേടിയില്ല - തുടർ നടപടി അനിവാര്യം	1-50
63	അലങ്കാര മത്സ്യകൃഷി - ചെലവ് വിശദാംശങ്ങളുടെ അഭാവം - ചെലവ് തുക (20,000/-) തടസ്സം ചെയ്യുന്നു	1-51
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	സംയുക്ത പ്രോജക്ടുകൾക്കായുള്ള ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപ പ്രവൃത്തികൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ്	4-3
4	വായ്പ / വായ്പ തിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം	4-7
8	ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1-1 വാർഷിക അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യപത്രികയ്ക്കാപ്പം സമർപ്പിച്ചിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ , ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. വാർഷിക അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ എന്നിവ ILGMS മുഖേന ലഭ്യമാകാത്തതിനാലാണ് അവ ഉൾപ്പെടുത്താത്തതെന്ന് മറുപടി (18/26.07.2024) ലഭ്യമാക്കിയിട്ടുണ്ട്. ഐ.കെ.എമ്മുമായി ബന്ധപ്പെട്ട് സോഫ്റ്റ്വെയറിൽ വാർഷിക അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തുന്നതിനുള്ള ക്രമീകരണം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. നെല്ലനാട് ഗ്രാമ പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 23.05.2024 തീയതിയിലെ 1(4)നം. തീരുമാനം പ്രകാരം അംഗീകരിച്ച് 10.06.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, നെല്ലനാട് ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

"Net Decrease In Cash And Cash Equivalence" ആയി രേഖപ്പെടുത്തിയ തുകയും (-23845289/-) "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയ തുകയും (30068816/-) തമ്മിൽ പൊരുത്തപ്പെടുന്നില്ല. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റ് സിസ്റ്റം ജനറേറ്റഡ് ആണെന്നാണ് മറുപടി (18/26.07.2024) ലഭ്യമാക്കിയത്. ഐ.കെ.എമ്മുമായി ബന്ധപ്പെട്ട് അപാകം ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-1-3 തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന് വ്യക്തതയില്ല.

തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്ക് പഞ്ചായത്ത് ഫണ്ട് നിർണ്ണയിച്ചത് ഉൾപ്പെടുത്തിയ പത്രിക വാർഷിക കണക്കുകളോടൊപ്പം സമർപ്പിച്ചിട്ടില്ല. ILGMS സോഫ്റ്റ്വെയറിൽ നിന്നും ലഭ്യമാകുന്ന വാർഷിക ധനകാര്യപത്രികയിൽ മേൽ പത്രിക ലഭ്യമല്ലായെന്ന് മറുപടി (18/26.07.2024) ലഭ്യമാക്കിയിട്ടുണ്ട്. ഐ.കെ.എമ്മുമായി ബന്ധപ്പെട്ട് അപാകം ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-1-4 ബാധ്യതയായി നിലനിർത്തിയിട്ടുള്ള സ്റ്റെയിൽ ചെക്കുകളിൽ നിയമാനുസൃത കാലാവധി കഴിഞ്ഞവ ബന്ധപ്പെട്ട ഫയലുകളിൽ ക്രമീകരിക്കേണ്ടതാണ്.

ബി - 9 ഷെഡ്യൂൾ ഹെഡ് കോഡ് 350800101 Liability In Respect Of Stale Cheques ആയി രേഖപ്പെടുത്തിയ 580120/ രൂപ ഏതൊക്കെ ചെക്കുകളാണെന്നും ടി ചെക്കുകളിൽ നിയമാനുസൃത കാലാവധി കഴിഞ്ഞവ ബന്ധപ്പെട്ട ഫയലുകളിൽ ക്രമീകരിക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിശദാശവും ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (18/26.07.2024) 28307/- രൂപയുടെ ചെക്കുകൾ കാലാവധി കഴിഞ്ഞവയാണെന്നും (3 വർഷം) പ്രസ്തുത ചെക്കുകൾ 2024-25 സാമ്പത്തികവർഷം ക്രമീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

1-1-5 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചതും, ഡിമാന്റുകളിലും അഡ്ജസ്റ്റ്മെന്റുകളിലും വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ചതും, തിരിച്ച് നൽകൽ/ കുറവ് വരുത്തൽ എന്നിവ സംബന്ധിച്ചതും, എഴുതിത്തള്ളൽ എന്നിവ സംബന്ധിച്ചതും, പിരിവിന്റെ വിശദാംശങ്ങൾ സംബന്ധിച്ചതുമായ പ്രതിമാസ സമ്മറി സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി തയ്യാറാക്കേണ്ടതും, ഇവയുടെ അടിസ്ഥാനത്തിൽ അക്കൗണ്ട് പുസ്തകത്തിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തേണ്ടതുമാണ്. മേൽപറഞ്ഞ കാര്യങ്ങളിൽ പുതിയ വിവരങ്ങൾ ഒന്നും രേഖപ്പെടുത്തേണ്ടതില്ലെങ്കിൽ ഒരു "ശൂന്യപത്രിക" തയ്യാറാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളായ വസ്തു നികുതിക്കും തൊഴിൽ നികുതിക്കും 2023-24 വർഷാവസാനം മാത്രമാണ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

ഹെഡ് കോഡ്	ഇനം	ഡിമാന്റ് രേഖപ്പെടുത്തിയ വൗച്ചർ നമ്പർ / തീയതി
110100101	Property Tax On Residential Buildings	42301705/31.03.2024
110100102	Property Tax On Non Residential Buildings	42301704/31.03.2024
110200101	Profession Tax - Institutions	42301760/31.03.2024

വസ്തു നികുതി, തൊഴിൽ നികുതി എന്നിവ മാസാമാസം ഡിമാന്റ് ചെയ്യുന്നത് പ്രായോഗികമല്ലാത്തതിനാലാണ് ഡിമാന്റ് വാർഷികമായി നൽകി വരുന്നതെന്ന് മറുപടി (18/26.07.2024) ലഭ്യമാക്കിയിട്ടുണ്ട്. അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് എൻട്രി വരുത്തുന്നതിൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-1-6 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

2023-24 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാത്ത ചെലവുകൾ (കുടിശ്ശിക ചെലവുകൾ – ഇന്ധന ചെലവ്, ജനപ്രതിനിധികൾക്കുള്ള ഹോണറേറിയം എന്നിവ) Income And Expenditure സ്റ്റേറ്റുമെന്റിലെ Expenditure ഹെഡിലും, ബാലൻസ് ഷീറ്റിലെ Current Liabilities ഹെഡിലും ഉൾപ്പെടുത്തിയിട്ടില്ല.

1-1-7 ബാങ്ക് ബുക്കിൽ ക്രെഡിറ്റ് ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നു.

KERALA GRAMIN BANK (40338101037861) അക്കൗണ്ടിൽ 23.11.2023 മുതൽ 27.11.2023 വരെയുള്ള കാലയളവിൽ ക്രെഡിറ്റ് ബാലൻസ് കാണിക്കുന്നു. അക്കൗണ്ടിൽ ക്രെഡിറ്റ് ആയ തുകകൾ ബാങ്ക് ബുക്കിൽ വരവായി ചേർക്കുന്നതിലുണ്ടായ കാലതാമസമാണ് അപാകത്തിന് കാരണമായതെന്ന് മറുപടി(18/26.07.2024) ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ അപാകം ഒഴിവാക്കേണ്ടതാണ്.

1-1-8 ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് അഡ്വാൻസ് അനുവദിക്കുന്നത് - അക്കൗണ്ടിംഗിലെ അപാകം

കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി എന്നിവിടങ്ങളിൽ ഡെപ്പോസിറ്റ് ചെയ്തതിൽ ക്രമീകരിക്കാതെ അവശേഷിക്കുന്ന തുക വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

	മുന്നിരിപ്പ്	2023-24 വർഷത്തെ നിക്ഷേപം	ആകെ	വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത്	നീക്കിയിരിപ്പ്	2023-24 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ്
കേരള വാട്ടർ അതോറിറ്റി	4762608	0	4762608	0	4762608	5870336
കെ.എസ്.ഇ.ബി	423308	283573	706881	29193	677688	706881

1) കേരള വാട്ടർ അതോറിറ്റിയിൽ തൻവർഷം യാതൊരു തുകയും ഡെപ്പോസിറ്റ് ചെയ്തിട്ടില്ലെങ്കിലും വാർഷിക ധനകാര്യപത്രിക പ്രകാരം 1107728/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. ഹെഡ്കോഡ് 460500201 Advance To Implementing Agencies - Deposit With Kerala Water Authority ലെഡ്ജർ പരിശോധിച്ചതിൽ 328,800/- രൂപ CFC- Basic Grant, 778,928/- രൂപ CFC- Tied Fund എന്നിവയിൽ നിന്നും Rectification Journal For Refund Amount From E Gram Adjusted To Concerned Head എന്ന് രേഖപ്പെടുത്തി അഡ്വാൻസ് ഹെഡിൽ ഉൾപ്പെടുത്തിയിരിക്കുന്നു. വ്യത്യാസം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. വ്യത്യാസത്തിന്റെ കാരണം രേഖകൾ സഹിതം വ്യക്തമാക്കേണ്ടതാണ്.

2) കെ.എസ്.ബി യിൽ നിന്നും ലഭ്യമായ വിനിയോഗ സാക്ഷ്യപത്രത്തിന് തത്തുല്യമായ തുക (29193/- രൂപ) അഡ്വാൻസ് ഹെഡിൽ നിന്നും ക്രമീകരിച്ചിട്ടില്ല. തൻവർഷം ടി തുക ക്രമീകരിക്കുന്നതാണെന്ന് മറുപടി (24/29.07.2024) ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-1-9 ലഭ്യമായ ഗ്രാന്റുകൾ ചെലവഴിച്ചെങ്കിലും ബാധ്യതാ ശീർഷകത്തിൽ നിന്നും ക്രമീകരിച്ചില്ല

1) ഹെഡ് കോഡ് 320800199 Other Grants, Funds & Contributions For Specific Purposes - Capital പരിശോധിച്ചതിൽ 6,82,719/- രൂപ 27.12.2023 തീയതിയിൽ DFK CHALLENGE FUND II INSTALLMENT ആയി വരവ് വന്നിട്ടുണ്ട്. ടി തുക 20.03.2024 – ന് സി.ഡി.എസ് - ന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തുവെങ്കിലും ബി - 4 ഷെഡ്യൂളിൽ നിന്നും ക്രമീകരിച്ചിട്ടില്ല. 2024-25 സാമ്പത്തിക വർഷം ടി തുക ബാധ്യത ശീർഷകത്തിൽ നിന്നും ക്രമീകരിക്കുന്നതാണെന്ന് മറുപടി (19/27.07.29024) ലഭ്യമാക്കിയിട്ടുണ്ട്. അപാകം ക്രമീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2) Literacy Scheme Grant ഇനത്തിൽ ലഭ്യമായ 8555/- രൂപ തൻവർഷം ചെലവഴിച്ചുവെങ്കിലും (വൗച്ചർ നമ്പർ 22301171) ടി തുക ബാധ്യതാ ഹെഡിൽ നിന്നും ക്രമീകരിച്ചിട്ടില്ല. ഹെഡ് കോഡ് 320100197 Literacy Scheme Grant -ൽ 2022- 23 വർഷത്തെ നീക്കിയിരിപ്പായ 97541/- രൂപയും, തൻവർഷത്തെ വരവ് 8555/- രൂപ, പലിശയിനത്തിലെ 957/- രൂപയും ഉൾപ്പെടെ 107053/- രൂപ ചെലവഴിക്കാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷം ടി തുക ബാധ്യത ശീർഷകത്തിൽ നിന്നും ക്രമീകരിക്കുന്നതാണെന്ന് മറുപടി (19/27.07.29024) ലഭ്യമാക്കിയിട്ടുണ്ട്. അപാകം ക്രമീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-1-10 വസ്തു നികുതി ഡിമാന്റിൽ നിന്നും കുറവ് ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല

Income & Expenditure I-19 ഷെഡ്യൂൾ Prior Period Income – Property Tax ഇനത്തിൽ 15559/- രൂപ ഡിമാന്റിൽ നിന്ന് ഒഴിവാക്കിയതായി കാണുന്നു. ഇതിനെ സാധൂകരിക്കുന്ന രേഖകൾ, ഭരണസമിതി തീരുമാനം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (55/31.07.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

1-1-11 അക്കൗണ്ട്സ് പരിശോധനയിലെ മറ്റ് നിരീക്ഷണങ്ങൾ

1) അഡ്വാൻസ് തുകകൾ ക്രമീകരിച്ചിട്ടില്ല

A) 2022-23 സാമ്പത്തിക വർഷം അഡ്വാൻസ് നൽകിയതിൽ ക്രമീകരിക്കാൻ അവശേഷിച്ച ചുവടെ ചേർക്കുന്ന തുക തൻവർഷവും ക്രമീകരിച്ചിട്ടില്ല.

ഹെഡ്കോഡ്	ഇനം	തുക
460100103	Temporary Advance For Official Purpose	225887

ഐ.എൽ.ജി.എം.എസ് നിലവിൽ വരുന്നതിന് മുൻപ് എം.ജി.എൻ.ആർ.ഇ.ജി.എസ് - ന് നൽകുന്ന അഡ്വാൻസ് തുക 460100103-എന്ന ഹെഡിലാണ് ബുക്ക് ചെയ്തിരുന്നതെന്നും ഐ.എൽ.ജി.എം.എസ് നിലവിൽ വന്നത് മുതൽ (2022-23 മുതൽ) 460500801 എന്ന ഹെഡിലാണ് ചെലവ് കാണിക്കുന്നതെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ 2022-23 മുതൽ എം.ജി.എൻ.ആർ.ഇ.ജി.എസ്-ൽ നിന്നും റീകൂപ്പ് ചെയ്ത തുക 460500801 എന്ന ഹെഡിലാണ് ക്രമീകരിക്കുന്നതെന്നും, 2024-25 വർഷം മുതൽ റീകൂപ്പ് ചെയ്യുന്ന തുകകൾ 460100103 എന്ന ഹെഡിൽ ക്രമീകരിക്കുന്നതാണെന്നും മറുപടി(18/26.07.2024) ലഭ്യമാക്കിയിട്ടുണ്ട്. അഡ്വാൻസ് ഇനത്തിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക ക്രമീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

B) Festival Advance (ഹെഡ് കോഡ് - 460100101) ഇനത്തിൽ 24000/- രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നു. പ്രസ്തുത തുകയിൽ 10000/- രൂപ 24/07/2024 ന് അടവാക്കിയതായും, 14000/- രൂപ തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി(18/26.07.2024) ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2) ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂൾ ഹെഡ് കോഡ് 350400107 - Refunds Payable - Entertainment Tax ഇനത്തിൽ 23700/- രൂപ രേഖപ്പെടുത്തിയിരിക്കുന്നു. വിശദാംശം ലഭ്യമാക്കേണ്ടതാണ്.

3) ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂൾ ഹെഡ് കോഡ് 350400999 Refund Of Unutilised Grants - Prior Period ഇനത്തിൽ 105000/- രേഖപ്പെടുത്തിയിരിക്കുന്നു. തുക ചെലവഴിക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

1-2 ബജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തെ ബജറ്റ്, റിവൈസ്ഡ് ബജറ്റ് എന്നിവ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു .

	ബജറ്റ്	റിവൈസ്ഡ് ബജറ്റ്
പാസ്സാക്കിയ തീയതി	29.03.2023	09.02.2024
ഭരണസമിതി തീരുമാനം	1(1)	1(1)
മുന്നിരിപ്പ്	23744290	36090172
പ്രതീക്ഷിത വരവ്	502974000	525701818
ആകെ	526718290	561791990
പ്രതീക്ഷിത ചെലവ്	519776500	534766830
നീക്കിയിരിപ്പ്	6941790	27025160

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	51973676
ഓഡിറ്റ് വർഷത്തെ വരവ്	66537172
ആകെ	118510848
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	90382461
നീക്കിയിരിപ്പ്	28128387

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ട്രഷറി അലോട്ട്മെന്റ്) എന്നീ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് തുക റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

1-4-1 ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ

1) ഗ്രാമപഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

മേഖല	വിഭാഗം	അടങ്കൽ (മറ്റുള്ളവ ഒഴികെ)	ചെലവ് (മറ്റുള്ളവ ഒഴികെ)	ചെലവ് %

ഉല്പാദനം	പൊതുവിഭാഗം	7551867	2037874	26.99
സേവനം	പൊതുവിഭാഗം	95302260	36459572	38.26
	പട്ടിക ജാതി	20529618	9837559	47.92
പശ്ചാത്തലം	പൊതുവിഭാഗം	32116520	8965820	27.92

ട്രഷറി നിയന്ത്രണം ഉള്ളതിനാൽ ബില്ലുകൾ മാറുന്നതിൽ കാലതാമസം ഉണ്ടായെന്നും, വികസന ഫണ്ടിന്റെ അവസാന വിഹിതം ലഭിച്ചത് 22/03/2024 ൽ ആയതിനാലും ചെലവ് ശതമാനം കുറയാനിടയായതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 5.4.1.9 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തണ്ടേതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയും കുറഞ്ഞത് 5 % തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം.പ്രസ്തുത വിഭാഗങ്ങൾക്ക് വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

വിഭാഗം	**അടങ്കൽ തുക (മറ്റുള്ളവ ഒഴികെ)**	**ചെലവഴിച്ച തുക (മറ്റുള്ളവ ഒഴികെ)**	**ചെലവ്ശതമാനം (%)**
വനിത ഘടക പദ്ധതി	2553224	751500	29.43
കുട്ടികൾ	2915854	540000	18.52
വൃദ്ധർ	3500000	2230722	63.73
ഭിന്നശേഷിയുള്ളവർ	477100	0	0
പാലിയേറ്റീവ് കെയർ രോഗികൾ	1700000	778940	45.82
അതിദരിദ്രർ	160000	0	0

ഭിന്നശേഷിയുള്ളവർ, അതിദരിദ്രർ എന്നീ വിഭാഗങ്ങൾക്കായി വകയിരുത്തിയ തുക ചെലവഴിച്ചിട്ടില്ല.

ട്രഷറി നിയന്ത്രണം ഉള്ളതിനാൽ ബില്ലുകൾ മാറുന്നതിൽ കാലതാമസം ഉണ്ടായെന്നും, വികസന ഫണ്ടിന്റെ അവസാന വിഹിതം ലഭിച്ചത് 22/03/2024 ൽ ആയതിനാലും ചെലവ് ശതമാനം കുറയാനിടയായതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

3) സംയുക്ത പ്രോജക്കുകൾക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച ചുവടെ ചേർക്കുന്ന തുക 2023-24 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല.

ക്രമ നം.	**കോഡ്**	**തദ്ദേശ സ്ഥാപനം**	**തുക**
1	320700104	ബ്ലോക്ക് പഞ്ചായത്ത് (Capital Expenditure)	1500000
2	320700204	ബ്ലോക്ക് പഞ്ചായത്ത് (Revenue Expenditure)	899559

അപാകം സംബന്ധിച്ച് മറുപടി ലഭ്യമാക്കിയില്ല. തുടർ നടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

4) ഹെഡ് കോഡ് 320100162 Sarva Siksha Abhiyan ഇനത്തിലെ തുക തുക തൻവർഷം ചെലവഴിച്ചിട്ടില്ല. 2022- 23 വർഷത്തെ നീക്കിയിരിപ്പായ 181076/- രൂപയും പലിശയിനത്തിലെ 20880/- രൂപയും ഉൾപ്പെടെ 201956/- രൂപ 2023-24 വർഷം ചെലവഴിക്കാതെ അവശേഷിക്കുന്നു. 2023-24 സാമ്പത്തിക വർഷം എസ്.എസ്.എ യുമായി ബന്ധപ്പെട്ട് പ്രോജക്കുകൾ രൂപീകരിച്ചില്ലായെന്ന് അറിയിച്ചിട്ടുണ്ട്. തുക ചെലവഴിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

5) പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants / Contributions തുകകൾ 2023-24 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടില്ല. 2022-23 സാമ്പത്തിക വർഷം നീക്കിയിരിപ്പായി അവശേഷിച്ച അതേ തുക തന്നെയാണ് 2023-24 വാർഷികധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിലും ഉൾപ്പെട്ടിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

ഹെഡ് കോഡ്	ഇനം	B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക
320100181	**Total Sanitation Campaign**	1178026
320100182	**Total Sanitation Scheme**	9135

320200304	Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Grant For Solid Waste Management	200000
320200399	**Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Other Purposes**	66000
320300199	**Grants, Funds & Contributions For Specific Purposes - Other Government Agencies**	54294
320400199	**Grants, Funds & Contributions For Specific Purposes - Other Financial Institutions**	50804
320900102	Donations Related To Pandemic/Epidemic Control	150000

മേൽ തുകകൾ ഏതിനത്തിൽ ലഭിച്ചതാണെന്നും, അവ ചെലവഴിക്കാത്തതിന്റെ കാരണവും ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി ശുചിത്വവുമായി ബന്ധപ്പെട്ട് ലഭിച്ച മുഴുവൻ തുകയ്ക്കും പദ്ധതികൾ രൂപീകരിച്ച് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങി പദ്ധതി നിർവഹണം ആരംഭിച്ചുവെന്നും ഗുണഭോക്താക്കൾ പ്രവർത്തി പൂർത്തിയാക്കുന്ന മുറയ്ക്കാണ് തുക നൽകുന്നതെന്നും, ഗുണഭോക്താക്കൾ പ്രവർത്തി യഥാസമയം പൂർത്തീകരിക്കാത്തതാണ് തുക ചെലവഴിക്കുന്നതിലെ കാലതാമസത്തിന് കാരണമെന്നും അറിയിച്ചിട്ടുണ്ട്. മറ്റ് ഗ്രാന്റുകൾ ചെലവഴിക്കാത്തത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കിയില്ല. ചെലവഴിക്കാതെ അവശേഷിക്കുന്ന ഗ്രാന്റ് തുകകൾ ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

6) Beneficiary Contribution ഇനത്തിൽ 374616/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. മേൽ തുക അസിസ്റ്റന്റ് സെക്രട്ടറി, വി.ഇ.ഒ എന്നിവർ സ്പിൽ ഓവറായി ഏറ്റെടുത്തിട്ടുള്ള പദ്ധതികളിൽ ഗുണഭോക്തൃ വിഹിതമായി ലഭിച്ച തുകയാണെന്നും, ടി തുക തൻവർഷം ചെലവഴിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക പൂർണ്ണമായും ചെലവഴിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(അവലംബം - ഓഡിറ്റ് അന്വേഷണക്കുറിപ്പ് 19/27.07.2024 ന്റെ മറുപടി)

1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ്	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
വികസനഫണ്ട് (ജനറൽ)	0	16350189	16350189	13748814	2601375
വികസനഫണ്ട് (എസ്.സി.പി)	0	6513494	6513494	5693697	819797
ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied)	0	2385000	2385000	3037531	-652531
ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied)	0	3179000	3179000	3360306	-181306
മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം	0	4874600	4874600	4700402	174198
മെയിന്റനൻസ് ഗ്രാന്റ്-റോഡ്	0	8825350	8825350	4109656	4715694
കേന്ദ്രാവിഷ്കൃത ഫണ്ട്	0	0	0	1217654	-1217654
സംസ്ഥാനാവിഷ്കൃത ഫണ്ട്	0	0	0	2783017	-2783017

*വികസന ഫണ്ട് ജനറൽ, എസ്.സി.പി വിഹിതങ്ങളിലെ സോഴ്സ് ഡിഡക്ഷൻ തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി ചേർത്തിട്ടില്ല.

* കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ്, അൺടൈഡ് ഇനങ്ങളിലെ മുന്നിരിപ്പ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടില്ല.

* കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാന ആവിഷ്കൃത ഫണ്ട് എന്നിവയുടെ മുന്നിരിപ്പ്, വരവ് എന്നിവ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

*അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ ബിൽ ജനറേറ്റ് ചെയ്യുമ്പോൾ തന്നെ ചെലവ് രേഖപ്പെടുത്തുന്നതിനാൽ ക്യൂബില്ലുകളും ട്രഷറിയിൽ നിന്നും പേയ്മെന്റ് ചെയ്യാത്ത (റിജക്ട് ചെയ്ത ബില്ലുകൾ, ട്രഷറിയിൽ സമയബന്ധിതമായി സമർപ്പിക്കാത്ത ബില്ലുകൾ) തുകകളും ഉൾപ്പെടുന്നുണ്ട്. ആയതിനാൽ വാർഷിക ധനകാര്യ പത്രിക , ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , എ.സി.ആർ എന്നിവയിലെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകളിൽ പൊരുത്തക്കേടുണ്ട്.

1-5 പദ്ധതി അവലോകനം

2023-24 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ ചെലവ്, നീക്കിയിരുപ്പ്

എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(എ)

നിർവ്വഹണ ഉദ്യോഗസ്ഥർ	ആകെ ഏറ്റെടുത്ത പദ്ധതികൾ	നടപ്പിലാക്കിയവ	നടപ്പിലാക്കാത്തവ	ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴികെ)	ആകെ പദ്ധതി ചെലവ് (മറ്റുള്ളവ ഒഴികെ)	ചെലവ് ശതമാനം
കൃഷി ഓഫീസർ	14	10	4	2773867	758877	27.35
വെറ്റിനറി സർജൻ	9	8	1	3075500	919771	29.90
മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)	11	8	3	3925678	2526163	64.3
മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	5	4	1	2205000	1944528	88.1
വി.ഇ.ഒ	28	22	6	53915328	13321730	24.7
ഐസിഡിഎസ് സൂപ്പർവൈസർ	26	18	8	10151047	5078376	50
സെക്രട്ടറി	43	30	13	18963170	10974739	57.87
അസിസ്റ്റന്റ് എഞ്ചിനീയർ	78	40	38	46333489	13439529	29
എച്ച്.എം.	10	9	1	5985000	5318224	88.9
ഡയറി എക്സ്റ്റൻഷൻ ഓഫീസർ	1	1	0	800000	479668	60
അസിസ്റ്റന്റ് സെക്രട്ടറി	21	10	11	7378186	2553220	34.6
ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	2	2	0	44000	36000	81.8
ആകെ	248	162	86	155550265	57350825	

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ആകെ വകയിരുത്തിയ ഫണ്ടിന്റെ 24.7% മാത്രമാണ് ചെലവഴിച്ചത്.

അസിസ്റ്റന്റ് എഞ്ചിനീയർ 78 മരാമത്ത് പ്രവൃത്തികൾക്കായി അംഗീകാരം വാങ്ങിയെങ്കിലും 38 പ്രവൃത്തികൾ നടപ്പാക്കിയില്ല. ആകെ വകയിരുത്തിയ ഫണ്ടിന്റെ 29% മാത്രമാണ് ചെലവഴിച്ചത്.

(ബി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

ഫണ്ട്	വകയിരുത്തിയ തുക	ചെലവ് തുക	ശതമാനം
പൊതുവിഭാഗം (ജനറൽ)	27332595	13748814	50.30%
എസ്.സി.പി.	10319611	5693697	55.17%
ടി.എസ്.പി.	0	0	0
ധനകാര്യ കമ്മിഷൻ അവാർഡ്	13351317	6397837	45
കേന്ദ്രാവിഷ്കൃത ഫണ്ട്	2732247	1217654	44%
സംസ്ഥാനാവിഷ്കൃത ഫണ്ട്	13280800	2783017	13.3%
തനത് ഫണ്ട്	42565254	16751752	33.1%
മറ്റ് ബ്ലോക്ക്പഞ്ചായത്ത്	11200625	499000	45%
മറ്റ് ജില്ലാ പഞ്ചായത്ത്	12361145	1295371	10.5%
മെയിന്റനൻസ് റോഡ്	17967807	4109656	22.9%
മെയിന്റനൻസ് നോൺ റോഡ്	7140000	4700402	62.6%
മറ്റുള്ളവ	35053706	3166515	9%

ആകെ ഏറ്റെടുത്ത	നടപ്പിലാക്കിയവ	നടപ്പിലാക്കാത്തവ	ആകെ പദ്ധതി	ആകെ പദ്ധതി	ചെലവ് ശതമാനം

പദ്ധതികൾ			അടങ്കൽ (മറ്റുള്ളവ ഒഴിവാക്കി)	ചെലവ് (മറ്റുള്ളവ ഒഴിവാക്കി)	
248	162	86	155550265	57350825	36.86%

ആസൂത്രണ സമിതി

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ [സ.ഉ.(കൈ)നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022] ഖണ്ഡിക, 3.1.1അനുസരിച്ച് 1(5)/30.11.2022തീരുമാനപ്രകാരം ആസൂത്രണസമിതി പുന:സംഘടിപ്പിച്ചിട്ടുണ്ട്.

പുന:സംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡുകളിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പ്

സ.ഉ.കൈ.നം 84/2022 തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 3.1.2 എ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ പുനഃ സംഘടിപ്പിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വർക്കിംഗ് ഗ്രൂപ്പ്	യോഗം കൂടിയ തീയതി
1	കൃഷി	9.12.22 26.12.22
2	മൃഗസംരക്ഷണവും ക്ഷീരവികസനവും	9.12.22 26.12.22
3	ആരോഗ്യം	9.12.22 26.12.22
4	വിദ്യാഭ്യാസം, കല,സംസ്കാരം, യുവജനകാര്യം	9.12.22 26.12.22
5	ദാരിദ്ര്യ ലഘൂകരണം	9.12.22 26.12.22
6	കുടിവെള്ളം, ശുചിത്വം	9.12.22 26.12.22

വർക്കിംഗ് ഗ്രൂപ്പുകൾ 2023-24 പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് രണ്ട് യോഗങ്ങൾ മാത്രമാണ് കൂടിയിട്ടുള്ളത്. ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും വിവിധ പ്രോജക്ട് നിർദ്ദേശങ്ങൾ നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്.

ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. എന്നാൽ പദ്ധതികളുടെ ഫയലിൽ വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി മോണിട്ടർ ചെയ്തതായി കാണുന്നില്ല.

സ്റ്റാറ്റസ് റിപ്പോർട്ട്

വാർഷികപദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്റ്റാറ്റസ് റിപ്പോർട്ട് (അവസ്ഥാരേഖ) പരിഷ്കരിച്ചിട്ടുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ടിൽ ഓരോ മേഖലയും നേരിടുന്ന പ്രശ്നങ്ങൾ അവയുടെ തീവ്രത അനുസരിച്ച് ലഘു, ഗുരുതരം, അതീവ ഗുരുതരം എന്നിങ്ങനെ അവസ്ഥാവിശകലനം കൃത്യമായി നിർണ്ണയിച്ചിട്ടില്ല. അതിനാൽ ഓരോ മേഖലയും നേരിടുന്ന പ്രശ്നങ്ങൾ കൃത്യമായി നിരീക്ഷിച്ച് അവയുടെ പരിഹാരമാർഗ്ഗം നിർദ്ദേശിച്ചിട്ടില്ല.

സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുമ്പോൾ ഇത്തരം ന്യൂനതകൾ പരിഹരിക്കേണ്ടതും ഓരോ മേഖലയിലേയും പ്രശ്നങ്ങൾ പരിഹരിക്കാൻ അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുമാണ്.

ഗ്രാമസഭ

ഖണ്ഡിക 3.1.2(ബി) 7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ടതാണ്. എന്നാൽ, ഇപ്രകാരം ഗ്രാമസഭയിൽ കണക്കുകൾ അവതരിപ്പിച്ചിട്ടില്ല. പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേക്ഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. ഗ്രാമസഭ മിനിട്സിന്റെ പരിശോധനയിൽ, പ്രസ്തുത വ്യവസ്ഥ/ നിബന്ധനകൾ പാലിച്ചിട്ടുള്ളതായി കാണുന്നില്ല..

വായ്പ

മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾ ചർച്ച ചെയ്ത് വ്യക്തത വരുത്താവുന്നതാണ്. വായ്പാ ബന്ധിത പദ്ധതികൾ തൻവർഷം നടപ്പിലാക്കിയിട്ടില്ല.

തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനം

മാർഗ്ഗരേഖ 3.5.6.3 (എ) യുടെ അടിസ്ഥാനത്തിൽ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച് തൻവർഷം പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല.

നൂതന പ്രോജക്ടുകൾ

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിൽ നൂതന പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ല.

CSR ഫണ്ട്

വാർഷിക പദ്ധതി രൂപീകരണ സമയത്ത് CSR ഫണ്ട് ലഭിച്ചിട്ടില്ലാത്തതിനാൽ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

ആസ്തി സംരക്ഷണം

ആസ്തി സംരക്ഷി ക്കുന്നതിന്റെ ഭാഗമായി ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്.

പദ്ധതി വിഹിതത്തിലൂടെ ഗ്രാമപഞ്ചായത്തിന്റെ വികസന ലക്ഷ്യങ്ങൾ പൂർണമായി നേടുന്നതിനും ലഭ്യമാകുന്ന തുക പാഴാക്കാതെ പൂർണമായി ചെലവഴിക്കുന്നതിനും കൂടുതൽ തുക നിയമാനുസൃത മാർഗ്ഗേന ലഭ്യമാക്കുന്നതിനും സർക്കാർ ഉത്തരവുകൾ, മാർഗരേഖ എന്നിവ കൃത്യമായി അനുവർത്തിക്കേണ്ടതിന്റെ ആവശ്യകത ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും പ്രത്യേകം ഉൾക്കൊള്ളേണ്ടതുണ്ട് എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

1-6 ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്ഷേമ പദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷക തൊഴിലാളി പെൻഷൻ	2676800	222
വിധവാപെൻഷൻ	16578900	1570
വാർദ്ധക്യകാല പെൻഷൻ	28132900	2721
വികലാംഗ പെൻഷൻ	4013300	361
50 വയസ്സിന് മുകളിലുള്ള അവിവാ ഹിതരായ സ്ത്രീകളുടെ പെൻഷൻ	482600	43
വിധവകളുടെ മക്കൾക്കുള്ള വിവാഹ ധനസഹായം	30000	1

1-7 ക്യാഷ് പരിശോധന

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.07.2024 തീയതിയിൽ 10.15AM സമയത്ത് ഉത്തരവാദത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 21,122/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

1-8 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിൽ പൊതുവേ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ശരിയായ രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ടെങ്കിലും ചില ന്യൂനതകളും കാണുന്നു. ഓഫീസ് ഉത്തരവു മുഖേന ജോലി വിഭജനം ചെയ്ത് നൽകിയിട്ടുണ്ട്. ILGMS നിലവിൽ വന്ന ശേഷം P.R സൂക്ഷിക്കുന്നില്ല. സോഫ്റ്റ്വെയറിൽ ഫയൽ ഡിറ്റെൽസ് ലഭിക്കുന്നത് കാരണം ILGMS സോഫ്റ്റ്വെയറിൽ ഫയൽ അപ്ഡേഷൻ കിട്ടുന്നു. ഫയൽ നോട്ട് ILGMS വഴി എഴുതുന്നു. ജൂനിയർ സൂപ്രണ്ട് ഫയൽ പരിശോധിച്ച് അഭിപ്രായം രേഖപ്പെടുത്തി സെക്രട്ടറിക്ക് നൽകുന്നുണ്ട്. എല്ലാ മാസവും സ്റ്റാഫ് മീറ്റിംഗ് വിളിച്ച് ചേർത്ത് ഓഫീസ് പ്രവർത്തന പുരോഗതി വിലയിരുത്തി വരുന്നു. അപാകതകൾ ഫയലുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. ഇൻക്യുബൻസി രജിസ്റ്റർ, പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ, ക്യാഷൽ ലീവ് രജിസ്റ്റർ, മൂവ്മെന്റ് രജിസ്റ്റർ, ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിച്ച് വരുന്നു. ജനറൽ കമ്മിറ്റി മിനിട്സ്, സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് എന്നിവ യഥാസമയം ക്ലോസ് ചെയ്ത് പരിപാലിക്കുന്നുണ്ട്. 2023-24 വർഷം രണ്ട് ഗ്രാമസഭകൾ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. ഗ്രാമസഭ മിനിട്സ് എഴുതി സൂക്ഷിച്ചു വരുന്നു. വർക്കിംഗ് ഗ്രൂപ്പ് യോഗം

കൂടി പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കി വരുന്നു. സ്റ്റോക്ക് രജിസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവ സൂക്ഷിച്ച് വരുന്നു. തനത് വരുമാനം പിരിച്ചെടുക്കുന്നതിൽ ശ്രദ്ധ പുലർത്തുന്നുണ്ടെങ്കിലും വരുമാനം വർദ്ധിപ്പിക്കാൻ കൂടുതൽ സ്രോതസ്സ് കണ്ടെത്തേണ്ടതാണ്. സാമൂഹ്യ സുരക്ഷ പെൻഷൻ സമയപരിധിക്കുള്ളിൽ തീർപ്പ് കല്പിക്കുകയും മരണപ്പെട്ടവരെ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

വാഹന ഉപയോഗം സംബന്ധിച്ച് ലോഗ് ബുക്ക് പരിപാലിച്ചു വരുന്നു. ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ സമയബന്ധിതമായി തീർപ്പ് കല്പിക്കാൻ നടപടി സ്വീകരിച്ച് കാണുന്നില്ല.പദ്ധതിയുമായി ബന്ധപ്പെട്ട് വാങ്ങലുകൾ നടത്തുമ്പോൾ പ്രൊക്യൂർമെന്റ് കമ്മിറ്റി സാധനങ്ങളുടെ ഗുണനിലവാരം കൃത്യമായി ഉറപ്പ് വരുത്തി, ഗുണമേന്മയും കുറഞ്ഞവിലയിലും ലഭിക്കുന്ന സാധനങ്ങൾ തെരഞ്ഞെടുക്കേണ്ടതും അവ കൃത്യ സമയത്ത് തന്നെ വിതരണം ചെയ്യുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്ന വ്യക്തിഗത ആനുകൂല്യത്തിനുള്ള പദ്ധതികൾ കൂടുതൽ പേരിലേക്ക് എത്തിക്കാൻ നടപടി സ്വീകരിക്കേണ്ടതും അർഹതാ മാനദണ്ഡം കൃത്യമായും പാലിച്ചുകൊണ്ട് ഇത്തരം പ്രവൃത്തികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ശുചിത്വ മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ കൂടുതൽ ഏറ്റെടുത്ത് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.പദ്ധതികളുടെ ആസൂത്രണം, അവയുടെ സംഘാടനം, ലക്ഷ്യപ്രാപ്തി, ഉദ്ദേശ്യ ശുദ്ധി എന്നിവയിൽ കുറച്ച് കൂടി ശ്രദ്ധ പുലർത്തേണ്ടതുണ്ട്. ഓരോ പദ്ധതികളും ആവിഷ്ക്കരിക്കുമ്പോൾ വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ കൃത്യമായി വിലയിരുത്തി , അവ പ്രായോഗിക തലത്തിൽ നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന ഗുണദോഷങ്ങൾ, ഫലപ്രാപ്തി എന്നിവ കൂടി കണക്കിലെടുത്ത് ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

മേൽ ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിക്കേണ്ടതും പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിന് കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതുമാണ്.

1-9 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണചെലവുകൾ	0	1779795	1779795	1779795	0
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	39341036	39341036	39341036	0
ആകെ	0	41120831	41120831	41120831	0

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	10.05.22 മുതൽ 12.05.22 വരെ	01/8/21 മുതൽ 31/3/22 വരെ	ലഭ്യമല്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	10.10.22	4/17 മുതൽ 8/22 വരെ	30.11.22

1-11 വസ്തുനികുതി പരിഷ്കരണം - നടപടിക്രമങ്ങൾ പൂർത്തിയായില്ല

സ.ഉ(കൈ)നം.77/2023/LSGD തീയതി 22.03.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്തിലെ എല്ലാ കെട്ടിടങ്ങളുടെയും വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതും 2023-24 വർഷത്തെ ഡിമാന്റും ഓരോ വർഷവും 5% വീതം നികുതി വർദ്ധിക്കും എന്ന വ്യവസ്ഥയും ഉൾപ്പെടുത്തിയ ഡിമാന്റ് നോട്ടീസ്, മേൽ ഉത്തരവ് പ്രകാരമുള്ള 9 എ ഫോറത്തിൽ 31.03.2023 -നകം കെട്ടിട ഉടമകൾക്ക് നൽകേണ്ടതുമാണ്.

2) ഫീൽഡ് പരിശോധന നടത്തി കെട്ടിടങ്ങളുടെ വിവര ശേഖരണം 30.06.2023 -നകം പൂർത്തീകരിക്കേണ്ടതും, വിവര ശേഖരണത്തിനും ഡേറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ.ടി.ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ.ടി.ഐ സർവെയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയോഗിക്കാവുന്നതുമാണ്. .

3)കെട്ടിടങ്ങളുടെ വിവരം സോഫ്റ്റ് വെയറിൽചേർക്കുന്ന മുറയ്ക്ക് 10% കെട്ടിടങ്ങൾ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ നേരിട്ട് പരിശോധന നടത്തേണ്ടതാണ്.
ഗ്രാമപഞ്ചായത്തിൽ മേൽ നിർദ്ദേശങ്ങൾ നടപ്പാക്കിയത് സംബന്ധിച്ച വിശദാംശംങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻകൗയറിക്ക് (08/12.07.2024) ഡിമാന്റ് നോട്ടീസ് വിതരണം ചെയ്തതായും, കെട്ടിടങ്ങളുടെ വിവര ശേഖരണത്തിനായി പഞ്ചായത്തിൽ 10 പേരെ നിയോഗിക്കുകയും നാളിതുവരെ 11709 കെട്ടിടങ്ങളുടെ വിവരശേഖരണം

പൂർത്തിയാക്കിയതായും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആകെയുള്ള 16 വാർഡുകളിൽ 14 എണ്ണത്തിന്റെ വിവരശേഖരണം പൂർത്തിയായതായും ഒരു വാർഡിന്റെ വിവരശേഖരണം നടന്നു വരുന്നതായും, ടി വിവരങ്ങൾ ഡേറ്റാ എൻട്രി നടത്തുന്നതിനായി പ്രത്യേക ലോഗിൻ അനുവദിക്കാത്തതിനാൽ ഡാറ്റാ എൻട്രി ഓഡിറ്റ് തീയതി വരെയും ആരംഭിച്ചിട്ടില്ലായെന്നും അറിയിച്ചു. പഞ്ചായത്തിലെ 16 വാർഡുകളിലേയും വിവര ശേഖരണം അടിയന്തിരമായി പൂർത്തീകരിക്കേണ്ടതും, ഡിമാന്റ് എൻട്രി വരുത്തുന്നതിനുള്ള സൗകര്യം സഞ്ചയയിൽ ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് പരിഷ്ക്കരിച്ച് നികുതി വർദ്ധനവ് ഉറപ്പാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

1-12 പരിഷ്ക്കരിച്ച നിരക്കിൽ വസ്തു നികുതി ഈടാക്കിയിട്ടില്ല.

സ.ഉ(കൈ)നം.77/2023/LSGD തീയതി 22.03.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനെ തുടർന്ന് ഭരണസമിതിയുടെ 27/07/2023 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം പഞ്ചായത്തിന് ബാധകമായ പുതുക്കിയ വസ്തുനികുതി നിരക്കുകൾ 01.04.2023 പ്രാബല്യത്തിൽ അംഗീകരിക്കുകയും, 07.09.2023 തീയതിയിൽ എ3-4430/2023 നമ്പർ പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) അന്തിമ വിജ്ഞാപനത്തിന് മുൻപ് നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾക്ക് (01.04.2023 മുതൽ 06.09.2023), അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചതിന് ശേഷവും പരിഷ്ക്കരിച്ച നിരക്കിൽ നികുതി ഈടാക്കിയിട്ടില്ല. പഞ്ചായത്തിലെ 7, 12 എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ നിന്ന് ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	കെട്ടിട നം	ഉപയോഗ ക്രമം	വിസ്തീർണ്ണം (M^2)	Signed Date	ഒരു ച.മീറ്ററിന് ഈടാക്കിയ അടിസ്ഥാന വസ്തു നികുതി	ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി
1	7/503C	പാർപ്പിടാവശ്യം	148.13	26/05/2023	5	6
2	7/841 D	പാർപ്പിടാവശ്യം	212.07	07/07/2023	5	6
3	7/564A	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ	140.68	26/07/2023	60	80
4	7/253C	പാർപ്പിടാവശ്യം	333.69	02/08/2023	5	8
5	7/513 A	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ	7.52	24/08/2023	50	55
6	12/410C	പാർപ്പിടാവശ്യം	106.79	28/04/2023	5	6
7	12/380A	പാർപ്പിടാവശ്യം	127.3	02/05/2023	5	6
8	12/417 B	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ	30.3	02/05/2023	50	55
9	12/9 B	പാർപ്പിടാവശ്യം	236.94	19/05/2023	5	6
10	12/244A	പാർപ്പിടാവശ്യം	133.74	27/06/2023	5	6
11	12/569D	പാർപ്പിടാവശ്യം	161.56	26/07/2023	5	6
12	12/62 C	പാർപ്പിടാവശ്യം	85.58	29/07/2023	5	6
13	12/522A	പാർപ്പിടാവശ്യം	150.2	08/08/2023	5	6
14	12/258A	പാർപ്പിടാവശ്യം	110.78	22/08/2023	5	6

2023-24 ഒന്നാം അർദ്ധവർഷം മുതൽ പുതിയ നിരക്ക് പ്രാബല്യത്തിൽ വരുന്നതുവരെയുള്ള കാലയളവിൽ നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി പുനർനിർണ്ണയിക്കുന്നതിനുള്ള ക്രമീകരണം സഞ്ചയ സോഫ്റ്റ്വെയറിൽ ഏർപ്പെടുത്തിയിരുന്നില്ലായെന്നും നിലവിൽ ടി കെട്ടിടങ്ങളുടെ നികുതി മാനുവൽ ആയി പുനർനിർണ്ണയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം IKM ലഭ്യമാക്കിയിട്ടുണ്ടെന്നും, സഞ്ചയ പ്യൂരിഫിക്കേഷൻ ലഭ്യമല്ലാത്തതിനാൽ അപ്രകാരം പരിഷ്കരിക്കുവാൻ കഴിഞ്ഞിട്ടില്ലായെന്നും മറുപടി (20/27.07.2024) ലഭ്യമാക്കിയിട്ടുണ്ട്. വസ്തു നികുതി പരിഷ്ക്കരണത്തിന് ശേഷം പഴയ നിരക്കിൽ നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള പഞ്ചായത്തിലെ മുഴുവൻകെട്ടിടങ്ങളുടെയും നികുതി പരിഷ്ക്കരിച്ച് ഡിമാന്റ് പുനർനിർണ്ണയിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2) അന്തിമ വിജ്ഞാപനത്തിന് ശേഷവും പഴയ നിരക്കിൽ നികുതി നിർണ്ണയിച്ചു.

പഞ്ചായത്തിലെ 7, 12 എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ നിന്നും ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	കെട്ടിട നം	ഉപയോഗ ക്രമം	വിസ്തീർണ്ണം (M^2)	Signed Date	ഈടാക്കിയ അടിസ്ഥാന വസ്തു നികുതി	ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി
1	7/503 D	പാർപ്പിടാവശ്യം	117.51	23/09/2023	5	6
2	7/208 B	പാർപ്പിടാവശ്യം	249.9	27/09/2023	5	6
3	7/922 A	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ	33.83	29/09/2023	50	55
4	7/253 A	പാർപ്പിടാവശ്യം	169.25	07/10/2023	5	6
5	7/164 A	പാർപ്പിടാവശ്യം	87.34	26/12/2023	5	6
6	7/557 A	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ	20.74	02/03/2024	50	55
7	12/216 A	പാർപ്പിടാവശ്യം	84.06	07/09/2023	5	6
8	12/13 B	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ	8.55	07/09/2023	50	55
9	12/179	പാർപ്പിടാവശ്യം	241.51	11/09/2023	5	6
10	12/246 B	പാർപ്പിടാവശ്യം	143	23/09/2023	5	6
11	12/246 A	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ	13.9	26/09/2023	50	55
12	12/577 I	പാർപ്പിടാവശ്യം	150.03	20/10/2023	5	6
13	12/569 C	പാർപ്പിടാവശ്യം	135.29	15/11/2023	5	6
14	12/63 B	പാർപ്പിടാവശ്യം	89.31	07/02/2024	5	6
15	12/471 A	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ	41.65	08/02/2024	50	55
16	12/569 B	പാർപ്പിടാവശ്യം	76.39	29/02/2024	5	6
17	12/577 C	പാർപ്പിടാവശ്യം	117.32	14/03/2024	5	6

അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചതിന് ശേഷവും പഴയ നിരക്കിൽ നികുതി നിർണ്ണയിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയിട്ടില്ല (അന്വേഷണക്കുറിപ്പ് 20/27.07.2024). അപാകത്തിന് മറുപടി ലഭ്യമാക്കേണ്ടതും നികുതി പുനർനിർണ്ണയിച്ച് ഡിമാന്റ് പരിഷ്ക്കരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

1-13 വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചു

31.03.2023 വരെ പഞ്ചായത്തിൽ 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി 60/- രൂപയും, 100 ച.മീറ്ററിൽ കൂറവ് വിസ്തീർണമുള്ള കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി 50/- രൂപയുമായാണ് നിശ്ചയച്ചിരുന്നത്. സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള താഴെ പറയുന്ന വാണിജ്യകെട്ടിടങ്ങളെ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചു. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	കെട്ടിട ഐ.ഡി	കെട്ടിട നം.	ഉടമയുടെ പേര്	തറ വിസ്തീർണ്ണം (M2)	നികുതി നിലവിൽ വന്ന അർദ്ധവർഷം
1	50248010013870	6/13/A	Abdul Salam	143.93	2019 ഒന്നാം അർദ്ധവർഷം
2	50248010011238	11/404/A	Babu	150.14	2013 ഒന്നാം അർദ്ധവർഷം മുതൽ
3	50248010011237	11/404/B	Babu	150.14	2014 ഒന്നാം അർദ്ധവർഷം മുതൽ
4	50248010012196	15/270/A	Sheejakumari	152.91	2015 ഒന്നാം അർദ്ധവർഷം മുതൽ

മേൽ കെട്ടിടങ്ങലെ ടാക്സ് റിവിഷനിൽ ഉൾപ്പെടുത്തി നികുതി പരിഷ്ക്കരിച്ച് കുറവ് വന്ന തുകയ്ക്ക് ആനുപാതികമായി നികുതി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിച്ചതായി അന്വേഷണക്കുറിപ്പിന് (9/25.07.2024) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-14 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയില്ല

ചുവടെ ചേർക്കുന്ന മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി പൂർണ്ണമായും ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

Sl.No	Building ID	Door NO	Owner Name	Owner Address	നികുതി കുടിശ്ശികയായ അർദ്ധ വർഷം	അടവാക്കേണ്ട തുക
1	5024801001107	04/65/A	Manager Bharathi Infracal LTD	Bharathi Infracal LTD	2013 ഒന്നാം അർദ്ധ വർഷം മുതൽ 2023 രണ്ടാം അർദ്ധവർഷം വരെ	76577
2	50248010005520	4/271	MANAGER BHARATHI ARATHI MOBILE	BHARATHI ARATHI MOBILE	2013 ഒന്നാം അർദ്ധ വർഷം മുതൽ 2023 രണ്ടാം അർദ്ധവർഷം വരെ	76577
3	50248010011697	7/951/A	General Manger Sub Division Engineer	Telecom Civil Sub Division	2018 ഒന്നാം അർദ്ധ വർഷം മുതൽ 2023 രണ്ടാം അർദ്ധവർഷം വരെ	37800

വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതായി ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (10/25.07.2024) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക പൂർണ്ണമായും ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-15 കേന്ദ്ര സർക്കാർ കെട്ടിടങ്ങളിൽ നിന്നും സർവീസ് ചാർജ് ഈടാക്കാവുന്നതാണ്

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ, ചട്ടം 30പ്രകാരം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതും ഭരണഘടനയുടെ 285-ാം

അനുച്ഛേദം അനുസരിച്ച് വസ്തുനികുതി ഉൾപ്പെടെയുള്ള നികുതികളിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ ഗ്രാമ പഞ്ചായത്തിന് ശുചിത്വ പരിപാലനം, ജലവിതരണം, ഡ്രെയിനേജ്, തെരുവ് വിളക്കുകൾ എന്നീ സേവനങ്ങൾക്കായി സർവീസ് ചാർജ് ചുമത്താവുന്നതാണ്. പഞ്ചായത്ത് പരിധിയിലെ കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് സർവീസ് ചാർജ് ചുമത്തിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (21/27.07.2024) മറുപടിയായി പഞ്ചായത്തിൽ കേന്ദ്ര സർക്കാർ ഉടമസ്ഥതയിലുള്ള പോസ്റ്റ് ഓഫീസ് കെട്ടിടം മാത്രമാണുള്ളതെന്നും ടി കെട്ടിടത്തിന് ചട്ടം 30 പ്രകാരമുള്ള സർവീസ് ചാർജ് ഈടാക്കിയിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്. ടി കെട്ടിടത്തിൽ നിന്നും സർവീസ് ചാർജ് ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

1-16 തനത് വരുമാനം പിരിച്ചെടുക്കാൻ അവശേഷിക്കുന്നു

2023-24 സാമ്പത്തിക വർഷം പഞ്ചായത്ത് തൻവർഷത്തേയും, മുൻവർഷങ്ങളിലേയും തനത് വരുമാനം പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല. വാർഷിക ധനകാര്യ പത്രിക B-15 ഷെഡ്യൂൾ പ്രകാരം പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ഹെഡ് കോഡ്	ഇനം	തുക	റിമാർക്സ്
431100101	Receivables For Property Tax On Residential Buildings (Current)	26500	
431100102	Receivables For Property Tax On Residential Buildings (Arrears)	65678	2013-14 മുതൽ 2022-23 വരെയുള്ള കുടിശ്ശിക
431100103	Receivables For Property Tax On Non-Residential Buildings (Current)	108581	
431100104	Receivables For Property Tax On Non-Residential Buildings (Arrears)	341176	2013-14 മുതൽ 2022-23 വരെയുള്ള കുടിശ്ശിക
431190202	Receivables For Advertisement Tax (Arrears)	94500	2014-15, 2015-16, 2016-17 വർഷങ്ങളിലെ കുടിശ്ശിക
431400101	Rent Receivables From Buildings (Current)	123130	
431400101	Rent Receivables From Buildings (Arrears)	738333	2013-14 മുതൽ 2022-23 വരെയുള്ള കുടിശ്ശിക
431400105	Receivables Towards Market Receipts (Current)	18620	
431400106	Receivables Towards Market Receipts (Arrears)	301251	2018-19 മുതൽ 2020-21 വരെയുള്ള കുടിശ്ശിക
431400112	Rent Receivables Towards Public Comfort Station Receipts (Arrears)	53000	2012-13 – 22500/- 2020-21 – 30500/- കുടിശ്ശിക
431400116	Receivables Towards Usufructs Of Trees - Arrears	500	2019-20 – 350/- 2020-21 – 150/-

സ.ഉ(കൈ)നം.179/2022/ധന തീയതി 18/10/2022 ഉത്തരവ് പ്രകാരം ഡിമാന്റ് ചെയ്യപ്പെടുന്ന തനത് വരുമാനത്തിന്റെ 90% എങ്കിലും ശേഖരിക്കാത്ത പ്രാദേശിക സർക്കാരുകളുടെ വികസന ഫണ്ടിൽ നിന്നും ഒരു ശതമാനം കുറവ് ചെയ്യുന്നതാണ്. തനത് വരുമാനം പിരിച്ചെടുക്കുന്നതിലെ കുറവ് വികസന ഫണ്ടിന്റെ ലഭ്യതയെ ബാധിക്കുമെന്നിരിക്കെ തനത് വരുമാനം പൂർണ്ണമായും പിരിച്ചെടുക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (34/29.07.2024), മേൽ തുകകൾ പിരിച്ചെടുക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതായി സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക പൂർണ്ണമായും പിരിച്ചെടുത്ത് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-17 പ്രൈവറ്റ് ബസ് സ്റ്റാൻഡിലെ അനധികൃത മത്സ്യലേലം - തുടർനടപടി അനിവാര്യം

2022-23 സാമ്പത്തിക വർഷത്തെ നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-14 -ൽ പഞ്ചായത്തിന്റെ അധീനതയിലുള്ള പ്രൈവറ്റ് ബസ് സ്റ്റാൻഡിൽ അനധികൃതമായി മത്സ്യ മാർക്കറ്റ് പ്രവർത്തിക്കുന്നതായും, പ്രസ്തുത കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനും പഞ്ചായത്തിന് ആദായകരമായ രീതിയിൽ ആസ്തി വിനിയോഗിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. ഗ്രാമ പഞ്ചായത്ത് പ്രൈവറ്റ് ബസ് സ്റ്റാന്റിൽ അനധികൃതമായി പ്രവർത്തിക്കുന്ന മത്സ്യ ലേലം നിർത്തിവയ്ക്കുന്നതിനു സെക്രട്ടറി നോട്ടീസ് നൽകി എങ്കിലും മത്സ്യ ലേലം അവസാനിപ്പിക്കാൻ ബന്ധപ്പെട്ടവർ തയ്യാറാകാത്തതിനാൽ പുതിയ സ്ഥലം കണ്ടെത്തി പ്രസ്തുത സ്ഥലത്തേക്ക് മത്സ്യ ലേലം മാറ്റുകയോ അല്ലങ്കിൽ ഗ്രാമ പഞ്ചായത്ത് പൊതു

മാർക്കറ്റിലേക്ക് മത്സ്യ ലേലം മാറ്റുകയോ ചെയ്യേണ്ടതാണെന്ന് എന്ന് 25/01/2024 ലെ 10(1) തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി നിർദേശിക്കുകയും മത്സ്യ ലേലവുമായി ബന്ധപ്പെട്ടവരുമായി ഒരു കൂടിയാലോചന യോഗം കൂടുന്നതിന് തീരുമാനിക്കുകയും ചെയ്തു.

മേൽ വിഷയത്തിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (25/29.07.2024) 15/07/2024 ന് മാർക്കറ്റിന് സമീപത്ത് താമസിക്കുന്നവരുടെ ഒരു യോഗം നടത്തുകയും പലവിധ ബുദ്ധിമുട്ടുകൾ ഉണ്ടാകുമെന്നതിനാൽ മത്സ്യ ലേല കേന്ദ്രം പൊതുമാർക്കറ്റിലേയ്ക്ക് മാറ്റാൻ അനുവദിക്കില്ലായെന്ന് സ്ഥലവാസികൾ അറിയിച്ചതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മത്സ്യ ലേലം നടത്തുന്നതിനായി പൊതു മാർക്കറ്റിന്റെ അടിസ്ഥാന സൗകര്യ വികസനം പൂർത്തിയാകുന്ന മുറയ്ക്ക് പ്രൈവറ്റ് ബസ് സ്റ്റാൻഡിൽ പ്രവർത്തിക്കുന്ന മത്സ്യ ലേല കേന്ദ്രം പൊതുമാർക്കറ്റിലേയ്ക്ക് മാറ്റുന്നതിന് 25/07/2024 ന് ഭരണസമിതി 11(1) നമ്പരായി തീരുമാനം എടുത്തതായി കാണുന്നു. പരിസര വാസികൾക്ക് ബുദ്ധിമുട്ടില്ലാത്ത വിധം മത്സ്യലേലം നടത്തുന്നതിനാവശ്യമായ ക്രമീകരണങ്ങളും അടിസ്ഥാന സൗകര്യവികസനവും പൊതുമാർക്കറ്റിൽ ഏർപ്പെടുത്തിയ ശേഷം മത്സ്യലേല കേന്ദ്രം പഞ്ചായത്ത് പൊതുമാർക്കറ്റിലേയ്ക്ക് മാറ്റുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതും പഞ്ചായത്ത് ഭൂമി കൈയ്യേറി നടത്തുന്ന അനധികൃത മത്സ്യ മാർക്കറ്റിനെതിരെ നിയമ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-18 കച്ചവടക്കാരിൽ നിന്നും സി.എസ്.ആർ ഫണ്ട് - പ്രാദേശിക വികസനം ഉറപ്പാക്കേണ്ടതാണ്.

ലൈസൻസ് രജിസ്റ്റർ പ്രകാരം പഞ്ചായത്തിൽ നാല് കച്ചവടക്കാർ (ശ്രീ. ആദർശ് എസ്. ബാബുവിന്റെ ഉടമസ്ഥതയിലുള്ള കച്ചവടക്കാരി, ആരാമം റോക്ക് പ്രൈവറ്റ് ലിമിറ്റഡ്, ശ്രീ. അബ്ദുൾ നാസർ – ന്റെ ഉടമസ്ഥതയിലുള്ള കച്ചവടക്കാരി, എ.വി കച്ചവടക്കാരി) പ്രവർത്തിക്കുന്നുണ്ട്.

മേൽ കച്ചവടക്കാരിൽ നിന്നും സി.എസ്.ആർ ഫണ്ട് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും, ടി ഫണ്ട് ഉപയോഗിച്ച് സാമൂഹിക പ്രതിബദ്ധതാ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (46/30.07.2024) മറുപടിയായി ശ്രീ. ആദർശ് ബാബു എന്ന വ്യക്തി സി.എസ്.ആർ ഫണ്ട് ഉപയോഗിച്ച് 2022-23 കാലഘട്ടത്തിൽ ആലന്തറ രംഗപ്രഭാത് റോഡിൽ ഇന്റർലോക്ക് പാകി റോഡ് ഗതാഗത യോഗ്യമാക്കിയെന്നും, ആരാമം റോക്ക് പ്രൈവറ്റ് ലിമിറ്റഡ് എന്ന കച്ചവടക്കാരി 2022-23 കാലഘട്ടത്തിൽ ആനപ്പാറ റോഡ് കോൺക്രീറ്റ് ചെയ്തു ഗതാഗത യോഗ്യമാക്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ശ്രീ അബ്ദുൾ വി നാസർ ന്റെ ഉടമസ്ഥതയിലുള്ള കച്ചവടക്കാരി, എ.വി കച്ചവടക്കാരി എന്നിവ സി.എസ്.ആർ ഫണ്ട് ഉപയോഗിച്ച് പ്രവർത്തികൾ ഒന്നും നടപ്പാക്കിയിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്. 2013 ലെ കമ്പനീസ് ആക്ട്, സെക്ഷൻ 135 വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ പരിസ്ഥിതി വിഭവങ്ങൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾ സി.എസ്.ആർ പ്രവർത്തനങ്ങൾ നടത്തുന്നതിനായി സംസ്ഥാന/ജില്ലാതല പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് സ്ഥാപനം നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-19 ടൂറിസം വികസനത്തിലൂടെ പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ സാധ്യതകൾ തേടേണ്ടതാണ്

ടൂറിസം വികസന സാധ്യതയുള്ള പ്രദേശം കണ്ടെത്തി പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള ഡെസ്റ്റിനേഷൻ ചലഞ്ച്, ഉത്തരവാദിത്വ ടൂറിസം ഉൾപ്പെടെയുള്ള പദ്ധതികളുമായി സഹകരിച്ച് പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് സ.ഉ.(കൈ)നം.84/2022/ത.സ്വ.ഭ.വ തീ. 19-04-2022 പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണ മാർഗ്ഗരേഖയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാന ടൂറിസം വകുപ്പുമായി ചേർന്നുള്ള 'ഡെസ്റ്റിനേഷൻ ചലഞ്ച്' പദ്ധതികൾ കൂടുതൽ ഊർജ്ജിതമായി നടപ്പിലാക്കുന്നതിനും കേരളത്തിലെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും ഒരു ടൂറിസം കേന്ദ്രമെങ്കിലും വികസിപ്പിക്കാനുള്ള പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിന് സർക്കുലർ നം. ഡി.എ1/287/2023-തസ്വഭവ തീ. 17/04/2023 പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുമുണ്ട്. ഗ്രാമപഞ്ചായത്തിൽ നിലവിൽ ഡെസ്റ്റിനേഷൻ ചലഞ്ച്, ഉത്തരവാദിത്വ ടൂറിസം ഉൾപ്പെടെയുള്ള പദ്ധതികളുമായി സഹകരിച്ച് പ്രോജക്ട് ഏറ്റെടുത്ത് നടപ്പാക്കിയിട്ടില്ലെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (03/ 23.07.2024) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ടൂറിസം വികസന സാധ്യതയുള്ള പ്രദേശം കണ്ടെത്തി ടൂറിസം സാദ്ധ്യതകൾ മെച്ചപ്പെടുത്തുന്നതിനും, അതിലൂടെ പ്രാദേശിക സാമ്പത്തിക വികസനം നേടുന്നതിനുമുള്ള സാധ്യതകൾ തേടേണ്ടതാണ്.

1-20 പൊതുകുളങ്ങൾ മത്സ്യകൃഷിയ്ക്കായി ലേലം ചെയ്ത് നൽകുന്നതിനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതാണ്

സ.ഉ(സാധാ)നം. 1833/2017/ ത.സ്വ.ഭ.വ തീയതി 02.06.2017 ഉത്തരവ് പ്രകാരം അംഗീകരിച്ച " Manual On Finance Management : Revenue For Grama Panchayats In Kerala " ഖണ്ഡിക 5.7 പ്രകാരം മത്സ്യ കൃഷിക്കായി പൊതു കുളങ്ങളും തടാകങ്ങളും പൊതു ലേല നടപടികളിലൂടെ മാത്രം നൽകാവുന്നതാണെന്നും ഖണ്ഡിക 5.7.1.7 നിർദ്ദേശ പ്രകാരം മത്സ്യ കൃഷിക്കായി കുളം ലേലം കൊണ്ട വ്യക്തി സെക്രട്ടറിയുമായി കരാറിലേർപ്പെടേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പിന്റെ ആർ.സി/4/149/2020/ത.സ്വ.ഭ.വ തീയതി 15/07/2020 നമ്പർ സർക്കുലർ പ്രകാരം കേരള പഞ്ചായത്ത് രാജ് ആക്ട് 166(2), 218 എന്നീ വകുപ്പുകളുടെ പരിധിയിൽ നിന്നുകൊണ്ട് തദ്ദേശ സർക്കാരുകളുടെ ഉടമസ്ഥതയിലുള്ള പൊതുകുളങ്ങൾ / ജലാശയങ്ങൾ എന്നിവ ഫിഷറീസ് വകുപ്പുമായി ചേർന്ന് മത്സ്യകൃഷി നടത്തുന്നതിന് പാട്ടത്തിന് നൽകുന്നതിനായുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇതിൻ പ്രകാരം പൊതുകുളങ്ങൾ / ജലാശയങ്ങളിൽ മൽസ്യകൃഷി നടത്താൻ അനുമതി നൽകുന്നതിന്റെ ഉത്തരവാദിത്തം ഭരണസമിതി തീരുമാന പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്കാണ്.

പഞ്ചായത്ത് പരിധിയിൽ 19 പൊതു കുളങ്ങൾ ഉള്ളതായും അവയിൽ യാതൊന്നും മത്സ്യകൃഷിയ്ക്കായി ലേലം ചെയ്തു നൽകിയിട്ടില്ലെന്നും ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (03/ 23.07.2024) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മത്സ്യകൃഷിയ്ക്ക് യോജിച്ച പൊതുകുളങ്ങൾ കണ്ടെത്തി അവ ലേലം ചെയ്തുനൽകുന്നതിനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതാണ്.

1-21 ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നല്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2023-24 വർഷം ട്രെഡേഴ്സ് ലിസ്റ്റ് പ്രകാരം 874 വാണിജ്യ സ്ഥാപനങ്ങൾ ഉണ്ട്. ലൈസൻസ് രജിസ്റ്റർ പ്രകാരം 812 സ്ഥാപനങ്ങൾക്കാണ് തൻവർഷം ലൈസൻസ് നൽകിയിട്ടുള്ളത്. പ്രസ്തുത വിവരം അനുസരിച്ച് 62 സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി കാണുന്നു. പഞ്ചായത്തിൽ നിലവിൽ 15 റേഷൻകടകൾ പ്രവർത്തിക്കുന്നുന്നെണ്ടെങ്കിലും അവയ്ക്ക് ലൈസൻസ് നല്കിയിട്ടില്ല. കൂടാതെ റേഷൻകടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുമില്ല.

പ്രസ്തുത വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം.40 തീയതി 30.07.24) 2023-24 വർഷത്തെ ട്രെഡേഴ്സ് ലിസ്റ്റ് പ്രകാരം ലൈസൻസ് പുതുക്കാത്ത മുഴുവൻ സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകിയിട്ടുണ്ട് എന്നും തുടർന്ന് പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ നേരിട്ട് അന്വേഷണം നടത്തി കണ്ടെത്തി ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി.

പഞ്ചായത്തിൽ 15 റേഷൻകടകൾ ഉണ്ടെന്നും ഇവയ്ക്ക് ലൈസൻസ് എടുക്കാൻ നോട്ടീസ് നൽകിയിരുന്നുവെന്നും അറിയിച്ചു. റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി റേഷൻവ്യാപാരികൾക്കായി കത്ത് നൽകുകയും, ആയതിന്റെ മറുപടിയായി ബഹു. ഹൈക്കോടതിയുടെ പരിധിയിലുള്ള വിഷയമാണെന്നും റേഷൻവ്യാപാരികളുടെ ഒരു മാസത്തെ വിറ്റ് വരവിന് അനുസൃതമായിട്ടുള്ള കമ്മീഷൻ തുകയാണ് നൽകി വരുന്നതെന്നുമുള്ള വിവരം താലൂക്ക് സപ്ലൈ ഓഫീസർ അറിയിച്ചു എന്നും മറുപടി നൽകി. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.1.2019 ലെ (സി എസ്) എ9-764/19 കത്ത് പ്രകാരം റേഷൻ കടകളെ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്.

റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവ ഈടാക്കാൻ പാടില്ല എന്ന് ബഹു. ഹൈക്കോടതിയിൽ നിന്നും നിർദ്ദേശങ്ങളൊന്നും ലഭിക്കാത്ത സാഹചര്യത്തിൽ റേഷൻകടകളുടെ തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതും അതോടൊപ്പം ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി ലൈസൻസ് എടുപ്പിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതും തുടർനടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-22 മാർക്കറ്റ്, പാഴ് വസ്തുക്കൾ എന്നിവയുടെ ലേലം -53,000/- രൂപ ഈടാക്കാനവശേഷിക്കുന്നു.

നെല്ലനാട് ഗ്രാമപഞ്ചായത്തിലെ മാർക്കറ്റ് ലേലം, പാഴ് വസ്തുക്കളുടെ ലേലം എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2023-24 വർഷത്തെ മാർക്കറ്റിന്റെയും കംഫർട്ട് സ്റ്റേഷന്റെയും ലേലം ശ്രീ. സുൽഫിക്കർ, ഈന്തിവിളവീട്, നാഗരുകുഴി, വെഞ്ഞാറമൂട് എന്നയാൾക്ക് 20.03.2023-ലെ 3(3) -ാം നമ്പർ തീരുമാന പ്രകാരം 268000/- രൂപയ്ക്ക് ലേലം ചെയ്ത് നൽകി. ഒന്നാം ഗഡു, രണ്ടാം ഗഡു, ഡെപ്പോസിറ്റ് എന്നിവ

കഴിഞ്ഞ് ബാലൻസ് 53000/- രൂപ ഒടുക്ക് വരുത്താൻ അവശേഷിക്കുന്നു. ടിയാളിൽ നിന്നും സോൾവൻസി സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല.

2. ലേല രജിസ്റ്റർ പ്രകാരം ചുവടെ ചേർത്തിട്ടുള്ള ഇനങ്ങൾ 2023-24 വർഷം ലേലം ചെയ്തിട്ടുള്ളതായി കാണുന്നില്ല.

എ) പ്രൈവറ്റ് ബസ് സ്റ്റാൻഡിലെ കോമ്പൗണ്ടിൽ നിൽക്കുന്ന തെങ്ങുകളിൽ നിന്നുള്ള മേലാദായം

ബി) ഗവ. UPS പൊളിച്ച് മാറ്റിയ മേൽക്കൂരയുടെ ലേലം

സി) ഹോമിയോ ആശുപത്രിയിലെ മഴമരത്തിന്റെ ലേലം

ഡി) ഗവ. UPS കോമ്പൗണ്ടിൽ മുറിച്ചിട്ടിരിക്കുന്ന തേക്ക് മരത്തിന്റെ ലേലം

ഇ) വെറ്റിനറി ആശുപത്രി കോമ്പൗണ്ടിലെ മുറിച്ചിട്ടിരിക്കുന്ന യൂക്കാലി മരത്തിന്റെ ലേലം

എഫ്) ഗ്രാമപഞ്ചായത്തിലെ KL-01-N-5633 നമ്പർ മഹീന്ദ്ര ട്രാക്ടർ വിത്ത് ട്രെയിലർ വാഹനത്തിന്റെ ലേലം

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം.23 തീയതി 27.07.24) നൽകിയ മറുപടി ചുവടെ ചേർക്കുന്നു.

ശ്രീ. സുൽഫിക്കർ, ഈന്തിവിളവീട് എന്നയാൾ ഒടുക്കു വരുത്തുവാൻ അവശേഷിക്കുന്ന 53000/- രൂപയ്ക്ക് പ്രോസിക്യൂഷൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചു. ടിയാളിൽ നിന്നും ബാലൻസ് ലേല തുക 53000/- രൂപ ഈടാക്കി അറിയിക്കേണ്ടതാണ്. കുടിശ്ശിക തുക ഈടാക്കാൻ കഴിയാത്ത പക്ഷം നടപടിക്രമങ്ങളിലെ വീഴ്ച മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന് സോൾവെൻസി/ ഈട് ഇല്ലാതെ മാർക്കറ്റ് പിരിവിന് കരാർ നൽകിയ ഉദ്യോഗസ്ഥർ ഉത്തരവാദികളായിരിക്കുന്നതാണ്.
ഗവ.UPS-ലെ പൊളിച്ച് മാറ്റിയ മേൽക്കൂര ലേലം ചെയ്ത് നൽകുന്നതിന് പലതവണ ലേലം നടത്തിയിട്ടും ആരും ലേലം എടുക്കാൻ തയ്യാറായിരുന്നില്ല എന്നും ഹോമിയോ ആശുപത്രി പരിസരത്ത് നിൽക്കുന്ന മഴമരം ഗവ.UPS കോമ്പൗണ്ടിൽ മുറിച്ചിട്ടിരിക്കുന്ന തേക്ക് മരക്കഷണങ്ങളുടെ ലേലം എന്നിവ നിരവധി തവണ ലേലം ചെയ്തെങ്കിലും ആയതിന് നിശ്ചയിച്ചിരുന്ന വാല്യുവേഷൻ തുക കൂടുതലായതിനാലും പ്രസ്തുത മരഭാഗങ്ങൾ കേട് വന്നതിനാലും ലേലം കൊള്ളാൻ ആരും തയ്യാറായില്ല എന്ന് അറിയിച്ചു.

KL-01 N 5633-ാം നമ്പർ മഹീന്ദ്ര ട്രാക്ടറിന്റെ ലേലം നിരവധി തവണ നടത്തിയിട്ടുണ്ടെങ്കിലും ആയതിന് നിശ്ചയിച്ച വാല്യുവേഷൻ തുക കൂടുതലായതിനാൽ ലേലത്തിൽ ആരും പങ്കെടുത്തില്ലെന്ന് അറിയിച്ചു.
മുകളിൽ ചേർത്തിട്ടുള്ള ഇനങ്ങളുടെ വാല്യുവേഷൻ പുതുക്കി നിശ്ചയിച്ച് അവ പുനർ ലേലം ചെയ്ത് വിശദാംശം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-23 കടമുറി ലേലം -അപാകതകൾ

ഗ്രാമപഞ്ചായത്തിൽ 2023-24 വർഷം ചുവടെ ചേർക്കുന്ന കടമുറികൾ ലേലം ചെയ്തു നല്കിയിട്ടില്ല. വിശദാംശം ചുവടെ.

ക്രമ നം	കടമുറിയുടെ നമ്പർ
1	NMS 4, New Nms 13
2	New Nms 16, Sc 27

AFS പ്രകാരം Rent Receivable From Buildings തൻവർഷ ഡിമാന്റ് 4179032/- രൂപയും കളക്ഷൻ 4055902/- രൂപയും ബാലൻസ് 123130/- രൂപയും കുടിശ്ശിക ബാലൻസ് 738333/- രൂപയുമാണ്. തൻവർഷ ബാലൻസ്,കുടിശ്ശിക ബാലൻസ് ഇനത്തിൽ ആകെ (123130+738333) 861463/-രൂപ ഒടുക്കാൻ അവശേഷിക്കുന്നു.

മേൽ അപാകതകളിന്മേൽ വിശദാംശം ആവശ്യപ്പെട്ട ഓഡിറ്റ് എൻകുയറിക്ക് (നം.22, തീയതി 27.07.24) NMS 4, New NMS 13 എന്നീ കടമുറികൾ നിരവധി തവണ ലേലം ചെയ്തെങ്കിലും ആരും ലേലത്തിൽ പങ്കെടുത്തില്ല എന്ന് മറുപടി നൽകി.

New NMS 16-ാം നമ്പർ കടമുറി ശിവപ്രസാദ്, എസ്.എസ് ഭവൻ എന്നയാൾ ലേലത്തിൽ പിടിച്ചിട്ടുള്ളതും എന്നാൽ എഗ്രിമെന്റ് പുതുക്കുകയോ വാടക ഒടുക്ക് വരുത്തുകയോ ചെയ്തിട്ടില്ല എന്നും SC 27-ാം നമ്പർ കടമുറി ബാബു, വിപിൻ നിവാസ് എന്നയാൾ വാടകയ്ക്ക് എടുത്തിട്ടുള്ളതും ടിയാൻ 2020-21 സാമ്പത്തിക വർഷം മുതൽ വാടക ഒടുക്ക് വരുത്തിയിട്ടില്ല എന്നും ഇവർക്കെതിരെ ആർ.ആർ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചു (എൻകുയറി നം.22/27.07.2024). ആർ.ആർ നടപടിയുടെ തുടർനടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-24 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല- 246402/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികളിൽ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തവയുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ട് നം. /പേര്	അടങ്കൽ തുക	ചെലവ് തുക	ബിൽ നം തീയതി, തുക	തുക കൈപ്പറ്റിയ സ്ഥാപനം
1	SO 222/24 മാർക്കറ്റിൽ കുഴൽക്കിണർ നിർമ്മാണം	200000 (CFC Teid ഗ്രാന്റ്)	71141 (CFC Teid ഗ്രാന്റ്)	422/2.3.24 71141/-	ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്
2	SO 241/24 വെഞ്ഞാറമൂട് UPS കുഴൽകിണർ നിർമ്മാണം, പമ്പ്സെറ്റ് സ്ഥാപിക്കൽ	200000 (CFC ഗ്രാന്റ്)	175261/- (CFC ഗ്രാന്റ്)	365/7.2.24-91761/- 454/13.3.24-83500/-	ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം.15/26.07.24) പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ 246402/- രൂപയുടെ ചേലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

1-25 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾ ഹരിതകർമ്മസേനയിലൂടെ

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പിന് കീഴിലുള്ള മൂന്നാം പട്ടികയിൽ പ്രതിപാദിക്കുന്ന, ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ട വിഷയമാണ് മാലിന്യ സംസ്ക്കരണം ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഹരിതകർമ്മസേന മുഖാന്തിരം നടപ്പാക്കിയ വിവിധ പ്രവർത്തനങ്ങളുടെയും പ്രസ്തുത പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങളുടെയും (ഓഡിറ്റ് എൻകുയറി നമ്പർ 02/23.07.2024 ന് ലഭ്യമാക്കിയ മറുപടി)അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

മാലിന്യ ശേഖരണം - അടിസ്ഥാന വിവരങ്ങൾ

1	പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം	16
2	വാസഗൃഹങ്ങളുടെ എണ്ണം	7343
3	സ്ഥാപനങ്ങൾ	1379
4	പൊതു ചന്തകളുടെ എണ്ണം	1
5	ഹരിതകർമ്മ സേനാംഗങ്ങളുടെ എണ്ണം	32
6	പാഴ് വസ്തുക്കൾ ഏറ്റെടുക്കുന്നതിനായി കരാറിൽ ഏർപ്പെട്ടിട്ടുള്ള സ്ഥാപനം	Best Industries
7	മിനി എം സി എഫ്	16
8	എം സി എഫ്	1
9	ആകെ ജനസംഖ്യ	26314

ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി 16 വാർഡുകളിലായി രണ്ട് ഹരിതകർമ്മസേന അംഗങ്ങൾ വീതം ആകെ 32 അംഗങ്ങളെയാണ് നിയോഗിച്ചിട്ടുള്ളത് {(സ.ഉ(സാധാ)നം.2470/2017/തസ്വഭവ തീ.15.07.2017 പ്രകാരം രൂപീകൃതമായി). ഗ്രാമപഞ്ചായത്തിൽ 100% വാതിൽപ്പടി ശേഖരണം നടപ്പാക്കുക എന്ന ലക്ഷ്യത്തോടെ {20.05.2023 ലെ സ.ഉ.(സാധാ)നം.1068/2023/LSGD ഉത്തരവ് പ്രകാരം} ശുചിത്വ മിഷൻ കലണ്ടർ പ്രകാരമുള്ള വാതിൽപ്പടി സേവനം 2023-24 വർഷം ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടുണ്ട്. ഹരിതകർമ്മസേനയ്ക്കായി KL16Z2129ബൊലിറൊ പിക്കപ്പ് വാഹനം ഉപയോഗിക്കുന്നുണ്ട്. ഹരിത കർമ്മ സേനയുടെ സേവനം ഉറപ്പാക്കുന്നതിനും ഹരിത കർമ്മ സേനയ്ക്ക് ലഭിക്കേണ്ട സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനം ഹരിത കർമ്മ സേനയുമായി കരാർ ചമയ്ക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട് (സ.ഉ.(സാധാ)നം.1496/2020/ത.സ.ഭ.വ തീ.12.08.2020, സ.ഉ.(സാധാ)നം.1971/2023/LSGD തീ.07.10.2023). എന്നാൽ ഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മസേനയും ഗ്രാമപഞ്ചായത്തും തമ്മിൽ നാളിതുവരെ കരാർ ചമച്ചിട്ടില്ല. കരാർ ചമയ്ക്കുന്നതിനായി നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനവും ഹരിത കർമ്മ സേനയുമായുള്ള കരാർ ചമയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

മാലിന്യം ഉറവിടത്തിൽ തരം തിരിക്കൽ

ഉല്പാദകരുടെ ഉത്തരവാദിത്വത്തിൽ ഉറവിടത്തിൽ തന്നെ ജൈവ/അജൈവ മാലിന്യം സംസ്കരിക്കുന്നതിനാവശ്യമായ വിവിധ നടപടികൾ ഗ്രാമപഞ്ചായത്ത് മുഖേന നടപ്പാക്കി വരുന്നുണ്ട്. മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരംതിരിക്കുന്നതിലേയ്ക്കായി 282 ബയോബിന്നുകൾ വീടുകളിൽ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ പൊതു സ്ഥലങ്ങളിലും സ്ഥാപനങ്ങളിലും ഇവ തരംതിരിക്കുന്നതിനായി ബിന്നുകളോ മറ്റ് സംവിധാനങ്ങളോ സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല {സ.ഉ. (സാധാ) നം. 1971/2023/LSGD തീ.07.10.2023}. 2024-25 സാമ്പത്തിക വർഷം 118 ബയോ ബിന്നുകൾ കൂടി വിതരണം ചെയ്യുന്നതിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഉറവിടത്തിൽ തന്നെ, തരം തിരിച്ച ജൈവ/ അജൈവ മാലിന്യങ്ങൾ കൈയ്യൊഴിയുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഗ്രാമപഞ്ചായത്ത് മുഖേന നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

മിനി എം.സി.എഫ്, എം.സി.എഫ്, ആർ.ആർ.എഫ്

ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 16 വാർഡുകളിലുമായി 16 മിനി എം.സി.എഫുകളാണ് നിലവിൽ സ്ഥാപിച്ചിട്ടുള്ളത്. ആർ ആർ എഫ് വാമനപുരം ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ പ്രവർത്തിച്ചു വരുന്നു. എം.സി.എഫിൽ നിലവിൽ സോർട്ടിംഗ് ഏരിയ സ്റ്റോറെജ് ഏരിയ എന്നിവ വേർതിരിച്ചിട്ടുണ്ടെങ്കിലും ടിപ്പിംഗ് ഏരിയ, മെഷീണറി ഏരിയ എന്നിവ വേർതിരിച്ചിട്ടില്ല. ബെയലിംഗ് മെഷീൻ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ സോർട്ടിംഗ് ടേബിൾ കണ്വെയർ ബെല്റ്റ് എന്നിവയും എം.സി.എഫിൽ സ്ഥാപിച്ചിട്ടില്ല. വരും വർഷം കെട്ടിടത്തിൽ കൂടതൽ സൗകര്യം ഒരുക്കി എം.സി.എഫിലെ അടിസ്ഥാന സൗകര്യങ്ങൾ, ഫയർസേഫ്റ്റി ഉപകരണങ്ങൾ, സ്റ്റോറേജ് ഫെസിലിറ്റി എന്നിവ ഉറപ്പാക്കുന്നതിന് {സ.ഉ. (സാധാ) നം. 1971/2023/LSGD തീ.07.10.2023} പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.





മാലിന്യം ശേഖരണം, നീക്കം ചെയ്യൽ

ഹരിതകർമ്മസേന മുഖേന ശേഖരിക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി ബെസ്റ്റ് ഇൻഡ്സ്ട്രീസ് എന്ന സ്ഥാപനവുമായാണ് ഗ്രാമപഞ്ചായത്ത് കരാർ ചമച്ചിട്ടുള്ളത്.കൂടാതെ ബാഗ്, ചെരുപ്പ് മുതലായവ ക്ളീൻ കേരള കമ്പനിയ്ക്കും നൽകുന്നു. 2023-24 വർഷം പ്രവർത്തനകലണ്ടർ തയ്യാറാക്കിയിട്ടില്ല. 2023-24 വർഷത്തെ മാലിന്യ നീക്കത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

ഓഡിറ്റ് വർഷം ശേഖരിച്ച ആകെ മാലിന്യത്തിന്റെ അളവ്	84.934tonne
കരാർ സ്ഥാപനത്തിന് തരം തിരിച്ച് നൽകിയ മാലിന്യത്തിന്റെ/ പാഴ്വസ്തുക്കളുടെ അളവ്	30.855 Tonne
തരം തിരിക്കാതെ നൽകിയ മാലിന്യത്തിന്റെ (ലെഗസി) അളവ്	54.079 Tonne
മാലിന്യം/പാഴ്വസ്തുക്കൾ വിറ്റ വകയിൽ ലഭിച്ച തുക	67534/-
ലെഗസി മാലിന്യം ഏറ്റെടുത്ത വകയിൽ കരാർ സ്ഥാപനത്തിന് നൽകിയ തുക	46127/-

ബന്ധപ്പെട്ട ഏജൻസി നിലവിൽ ഷെഡ്യൂൾ പ്രകാരമുള്ള കാലയളവിൽ മാലിന്യം നീക്കം ചെയ്യുന്നുണ്ട്. എന്നാൽ ക്ലീൻ കേരള കമ്പനി കൃത്യമായ ഇടവേളകളിൽ മാലിന്യം നീക്കം ചെയ്യുന്നില്ല. ഗ്രാമപഞ്ചായത്തിൽ പൊതു ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ നടപ്പാക്കിയിട്ടില്ല. പൊതു ഇടങ്ങളിൽ അമ്പതോളം ബിന്നുകൾ സ്ഥാപിക്കുന്നതിനായി 2024-25 വർഷം പദ്ധതി തയ്യാറാക്കിയിട്ടുണ്ട്, തുംബൂർമൂഴി പ്രവർത്തനങ്ങളും ഗ്രാമപഞ്ചായത്തിൽ തുടർന്നു വരുന്നുണ്ട്. കൂടാതെ കമ്മ്യൂണിറ്റി തലത്തിൽ തുമ്പൂർമുഴി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നതായി അറിയിച്ചിട്ടുണ്ട്. എം.ജി.എൻ.ആർ.ഇ.ജി.എസ് മുഖേന വീടുകളിൽ സോക്ക് പിറ്റ്, കമ്പോസ്റ്റ് പിറ്റ് എന്നിവ നിർമ്മിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിലെ ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സമയബന്ധിതമായി നടപ്പാക്കേണ്ടതാണ്.

ആപത്കരമായ മാലിന്യങ്ങൾ, ബയോ മെഡിക്കൽ മാലിന്യങ്ങൾ

വ്യാപാര സ്ഥാപനങ്ങളിൽ ഉൾപ്പെടെ ആപത്കരമായ മാലിന്യം ശേഖരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് മുഖേന പ്രത്യേക ബിന്നുകൾ സ്ഥാപിക്കുന്നതിന് {സ.ഉ. (സാധാ) നം. 1971/2023/LSGD തീ.07.10.2023, G.O. (Rt) No. 922/2023/LSGD, തീ. 26.04.2023, സ.ഉ. (സാധാ) നം. 1068/2023/LSGD തീ. 20.05.2023.} നടപടികൾ സ്വീകരിച്ചിട്ടില്ല. കൂടാതെ ഗാർഹിക ബയോമെഡിക്കൽ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും നീക്കം ചെയ്യുന്നതിനും ഗ്രാമപഞ്ചായത്ത് പ്രത്യേകം സംവിധാനം

ഒരുക്കിയിട്ടില്ല (16.05.2022 ലെ സ.ഉ. (സാധാ) നം. 1227/2022/LSGD). ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ആശുപത്രികളിലെ ബയോ മെഡിക്കൽ മാലിന്യങ്ങൾ ബന്ധപ്പെട്ട ഏജൻസി(ഇമേജ്) മുഖാന്തിരമാണ് നിലവിൽ ശേഖരിച്ച് വരുന്നത്. എന്നാൽ നാപ്കിനുകൾ, സാനിട്ടറി പാഡുകൾ എന്നിവ സംസ്കരിക്കുന്നതിനുള്ള സൗകര്യം ലഭ്യമല്ല. ആപത്കരമായ മാലിന്യങ്ങൾ, ബയോമെഡിക്കൽ മാലിന്യങ്ങൾ എന്നിവ ശേഖരിക്കുന്നതിനും നീക്കം ചെയ്യുന്നതിനുമായി സർക്കാർ നിർദ്ദേശ പ്രകാരമുള്ള സംവിധാനങ്ങൾ ഗ്രാമപഞ്ചായത്ത് മുഖേന നടപ്പാക്കേണ്ടതാണ്.

പൊതു ഇടങ്ങളിലേയും, ജല സ്രോതസ്സുകളിലെയും മാലിന്യം നീക്കം ചെയ്യൽ

പൊതു ഇടങ്ങളിലെയും, ജല സ്രോതസ്സുകളിലെയും മാലിന്യം നീക്കം ചെയ്യുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു (26.04.2023 ലെ G.O. (Rt) No. 922/2023/LSGD). എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇതിനായി പ്രത്യേക പദ്ധതികൾ രൂപീകരിച്ചിട്ടില്ല. 2023-24 വർഷം മുതൽ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ചാണ് ഇത്തരം പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നത് എന്നാണ് അറിയിച്ചിട്ടുള്ളത്. 2023-24 സാമ്പത്തിക വർഷം മാലിന്യ മുക്തം നവകേരളം പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ 4 മാലിന്യ കൂനകൾ നീക്കം ചെയ്തിട്ടുണ്ട്. ബഹു ഹൈക്കോടതി പുറപ്പെടുവിച്ച {WP(C)No.7844/2023(S)} നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും പൊതു ഇടങ്ങളിലേയും, ജല സ്രോതസ്സുകളിലെയും മാലിന്യം നീക്കം ചെയ്യുന്നതിനായി കർമ്മപദ്ധതികൾ നടപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹരിതമിത്രം ആപ്പ്, ഹരിത കർമ്മസേനയുടെ യൂസർ ഫീ, മറ്റ് വരവുകൾ

ഹരിത കർമ്മസേനയുടെ പ്രതിമാസ യൂസർ ഫീ കളക്ഷൻ ഹരിതമിത്രം ആപ്പ് മുഖേന നടപ്പാക്കുന്നുണ്ട്. നിലവിൽ ഹരിത മിത്രം ആപ്പ് മുഖേന ഗ്രാമപഞ്ചായത്തിലെ 100 % വീടുകളുടെയും/സ്ഥാപനങ്ങളുടെയും ഡേറ്റാ എൻട്രി പൂർത്തീകരിച്ച് കളക്ഷൻ ആരംഭിച്ചിട്ടുള്ളതായാണ് അറിയിച്ചിട്ടുള്ളത്. പൂട്ടിയിട്ട വീടുകളും സ്ഥാപനങ്ങളും ഒഴികെ ഡേറ്റാ എൻട്രി പൂർത്തീകരിച്ച വീടുകളിലും സ്ഥാപനങ്ങളിലും നിന്നും പ്രതിമാസ കളക്ഷൻ സ്വീകരിച്ചു വരുന്നതായും അറിയിച്ചിട്ടുണ്ട്. സ.ഉ.(സാധാ) നം.2481/2023/LSGD തീ.13.12.2023 പ്രകാരമുള്ള വിവിധ വിഭാഗത്തിൽപ്പെട്ടവർക്ക് ഗ്രാമസഭ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ യൂസർ ഫീ ഇളവ് നൽകി വരുന്നു. 2023-24 വർഷം 25350/-രൂപ ഇപ്രകാരം ഹരിതകർമ്മസേനയ്ക്ക് നൽകിയിട്ടുണ്ട്. പൊതു പരിപാടികൾ, ആഘോഷങ്ങൾ, മീറ്റിംഗുകൾ, ഓഡിറ്റോറിയങ്ങൾ എന്നിടങ്ങളിലെ അധിക മാലിന്യ ശേഖരണത്തിനും, ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനും ഹരിതകർമ്മസേനാംഗങ്ങളെ നിയോഗിച്ച് ഗ്രീൻ പ്രോട്ടോക്കോൾ ഉറപ്പാക്കാനുണ്ട്. (07.10.2023 ലെ സ.ഉ. (സാധാ) നം. 1971/2023/LSGD). ഹരിതകർമസേനയുടെ 2023-24 വർഷത്തെ പ്രധാന വരവ് വിവരം ചുവടെ ചേർക്കുന്നു.

ഓഡിറ്റ് വർഷം യൂസർ ഫീ ഇനത്തിൽ ലഭിച്ച തുക	3195250/- രൂപ
ഹരിത ചട്ട ലംഘനങ്ങളുടെ പിഴ ഈടാക്കിയ ഇനത്തിൽ ലഭിച്ച തുക	160000/-
മാലിന്യം/പാഴ്വസ്തുക്കൾ വിറ്റ വകയിൽ ലഭിച്ച തുക	67534/-

മാലിന്യമുക്ത കേരളം കാമ്പയിൻ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ (07.10.2023 ലെ സ.ഉ. (സാധാ) നം. 1971/2023/LSGD) ഭാഗമായി ശരാശരി 10,000 രൂപ മാസവരുമാനം പഞ്ചായത്തിലെ 2 വാർഡുകളിലെ ഹരിതകർമ്മസേന അംഗങ്ങൾക്ക് മാത്രമേ ലഭിക്കുന്നുള്ളൂ. യൂസർഫീ നൽകാത്ത വീടുകൾക്ക് നോട്ടീസുകൾ നൽകിയും പ്ലാസ്റ്റിക് സെഗ്രഗേറ്റ് ചെയ്ത് വരുമാനം വർദ്ധിപ്പിച്ചും അംഗങ്ങൾക്ക് 10000/- രൂപ വേതനം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്. ഹരിത കർമ്മസേനയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി സ.ഉ. (സാധാ) നം. 1496/2020/LSGD തീ. 12.08.2020 ഖണ്ഡിക 13, 14 എന്നിവ പ്രകാരമുള്ള സാധ്യതകൾ കൂടി പ്രയോജനപ്പെടുത്തേണ്ടതാണ്.

മാലിന്യ ചട്ടങ്ങളുടെ ലംഘനം

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട സർക്കാർ / കോടതി ഉത്തരവുകളുടെയും ചട്ടങ്ങളുടെയും നിയമങ്ങളുടെയും ലംഘനം കണ്ടെത്തി കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ഹെൽത്ത് ഇൻസ്പെക്ടർ, അസി. സെക്രട്ടറി, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ, സെക്ഷൻ ക്ലാർക്ക്, വിഇഒ മാർ, ശുചിത്വമിഷനൻ എന്നിവരടങ്ങിയ പ്രത്യേക വിജിലൻസ് സ്ക്വാഡ് (04.08.2023 ലെ തദ്ദേശ സ്വയം ഭരണ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 1/5826040/23 -ാം നമ്പർ സർക്കുലർ പ്രകാരം) രൂപീകരിച്ചിട്ടുണ്ട്..

2023-24 സാമ്പത്തിക വർഷത്തിൽ മാലിന്യച്ചട്ടങ്ങൾ ലംഘിച്ച വ്യക്തികളിലും സ്ഥാപനങ്ങളിലും നിന്നും പിഴ ഇനത്തിൽ 1,60,000/- രൂപ ഈടാക്കിയിട്ടുണ്ട്. കൂടാതെ മാലിന്യച്ചട്ടങ്ങൾ ലംഘിച്ചവർക്കെതിരെ നോട്ടീസുകളും മുന്നറിയിപ്പ് കത്തുകളും ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ 16 ബൾക്ക് വേസ്റ്റ് ജനറേറ്റർ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

നിശ്ചിത ഇടവേളകളിൽ വിജിലൻസ് സ്കാഡ് പരിശോധന കർശനമായി നടപ്പാക്കേണ്ടതും ചട്ടലംഘനങ്ങൾക്ക് പിഴ ഈടാക്കേണ്ടതുമാണ്.

ബോധവത്കരണം, പ്രചാരണം

മാലിന്യനിർമാജനത്തിനായി ബോധവത്കരണം നടത്തുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾ, റസിഡൻസ് അസോസിയേഷനുകൾ, വ്യാപാരി വ്യവസായി പ്രതിനിധികൾ എന്നിവരുമായി ചേർന്ന് പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. എൻ എസ് എസിന്റെ സഹായത്തോടെ ആലന്തറ അമ്പലത്തിന് സമീപം മാലിന്യങ്ങൾ നീക്കി സ്നേഹാരാമം സ്ഥാപിച്ചു. യുവജന വിദ്യാർത്ഥി സംഘടനകൾ, ക്ലബ്ബുകൾ, മറ്റ് കൂട്ടായ്മകൾ എന്നിവയെ പരമാവധി പ്രയോജനപ്പെടുത്തി ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ് എന്ന് സ.ഉ.(സാധാ)നം. 1971/2023/LSGD തീ.07.10.2023) അനുശാസിക്കുന്നു. കൂടാതെ സ.ഉ(സാധാ)നം. 1200/2023/LSGD തീ.09.06.2023 പ്രകാരമുള്ള പാരിതോഷികങ്ങൾ നൽകുന്നതിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതും ആയതിന് പരാമവധി പ്രചാരണം നൽകേണ്ടതുമാണ്.

മോണിറ്ററിംഗ്

ഹരിത കർമ്മ സേനയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും, മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കുമായി 2023-24 വർഷം ഗ്രാമപഞ്ചായത്ത് 467615/- രൂപ ചെലവഴിച്ചിട്ടുണ്ട്. പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിനാവശ്യമായ സി.സി.ടി.വി ക്യാമറ സ്ഥാപിക്കുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള സർക്കാർ നിർദ്ദേശം പ്രകാരം {സ.ഉ.(സാധാ)നം.1971/2023/LSGD തീ.07.10.2023} നെല്ലനാട് മാർക്കറ്റിൽ 12 ക്യാമറകൾ സ്ഥാപിച്ച് മോണിറ്ററിംഗ് പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്. ഹരിത കർമ്മസേന പ്രവർത്തനങ്ങൾ മോണിറ്ററിംഗ് ചെയ്യുന്നതിനായി ഹരിതമിത്രം ആപ്പ് വഴി ജനറേറ്റ് ചെയ്യുന്ന റിപ്പോർട്ടുകൾ ആഴ്ചയിലൊരിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അവലോകനം ചെയ്യേണ്ടതും വാർഡ് അടിസ്ഥാനത്തിലുള്ള റിപ്പോർട്ടുകൾ, വാർഡ് മെമ്പർമാർക്ക് നൽകേണ്ടതുമാണ് {സ.ഉ.(സാധാ)നം.2231/2023/LSGD തീ.12.11.2023 പ്രകാരം.} എല്ലാ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗങ്ങളിലും ഹരിതമിത്രം ആപ്ലിക്കേഷൻ മോണിറ്ററിംഗ് നടത്താറുള്ളതായി അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് തലത്തിലുള്ള മോണിറ്ററിംഗ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതും പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിനാവശ്യമായ സി.സി.ടി.വി ക്യാമറകൾ കൂടുതൽ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടപ്പാക്കി ഗ്രാമപഞ്ചായത്തിനെ മാലിന്യ മുക്തമാക്കുന്നതിന് നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്.

അഭിനന്ദനാർഹമായ പ്രവർത്തനം

മാലിന്യത്തിന്റെ ബാഹുല്യവും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും ഹരിതകർമ്മസേനാംഗങ്ങൾക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പു വരുത്താൻ സാധിക്കാത്തതും ഗ്രാമ പഞ്ചായത്തിലെ ഹരിത കർമ്മ സേന അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ്. ഇത്തരം പരിമിതികൾക്കിടയിലും കാര്യക്ഷമമായ പ്രവർത്തനം നടത്തുന്നതിനും പഞ്ചായത്തിലെ അജൈവ മാലിന്യങ്ങൾ ഭൂരിപക്ഷവും ശേഖരിച്ച് നീക്കം ചെയ്യുന്നതിനും ഹരിതകർമ്മസേനയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

മാലിന്യ നിർമ്മാർജ്ജനം കൂടുതൽ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനുള്ള പൊതുവായ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രവർത്തന കലണ്ടർ അനുസരിച്ച് വിവിധ മാലിന്യങ്ങളുടെ ശേഖരണം കർശനമാക്കി ഗാർഹിക-വാണിജ്യ സ്ഥാപനങ്ങളിൽ അവ കെട്ടിക്കിടക്കുന്നത് ഒഴിവാക്കാവുന്നതാണ്.

ഹരിത കർമസേനാംഗങ്ങൾക്കിടയിലുള്ള പരാതികൾ പരിഹരിക്കുന്നതിന് ഒരു പരാതി പരിഹാര സമിതി രൂപീകരിക്കാവുന്നതാണ്.

ഉറവിട മാലിന്യ സംസ്കരണത്തിനായി ഗാർഹികതല സബ്സിഡി അനുവദിക്കുന്നതിനുള്ള പ്രോജക്റ്റുകൾ ഏറ്റെടുക്കേണ്ടതാണ്.

മാലിന്യമുക്ത പഞ്ചായത്ത് എന്ന ലക്ഷ്യത്തിലെത്താനായി എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഉചിതമായ ഉറവിട മാലിന്യ പരിപാലന സംവിധാനങ്ങൾ ഒരുക്കുന്നതിനായി ആവശ്യകതാ നിർണ്ണയ സർവെ നടത്തി, സബ്സിഡി നിരക്കിൽ ഇത്തരത്തിലുള്ള സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

ഗ്രാമപഞ്ചായത്തിന്റെ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ മാലിന്യങ്ങൾ തരംതിരിച്ച് ജൈവമാലിന്യങ്ങൾ വേർതിരിച്ചു ശേഖരിച്ച് ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനുള്ള പരിശോധന കർശനമാക്കേണ്ടതാണ്.

സമയബന്ധിതമായും,കൃത്യമായ ഇടവേളകളിലും പഞ്ചായത്തുമായി കരാറിലേർപ്പെട്ടിരിക്കുന്ന സ്ഥാപനം മാലിന്യം ഏറ്റെടുക്കുകയും കരാർ വ്യവസ്ഥ പ്രകാരം തുക നൽകുകയും

ചെയ്യുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

ബദൽ ഉൽപന്നങ്ങളുടെ ഉപയോഗം പ്രോൽസാഹിപ്പിക്കേണ്ടതാണ്. ഹരിതകർമ്മസേനയുടെ പ്രവർത്തനം വിപുലീകരിച്ച് എല്ലാ വീടുകളിലേയും കച്ചവട സ്ഥാപനങ്ങളിലേയും അജൈവ മാലിന്യങ്ങൾ എം.എസി.എഫിൽ എത്തുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

മാലിന്യം സ്രോതസ്സിൽ നിന്ന് തന്നെ തരംതിരിച്ച് ലഭ്യമാക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

പാഴ്വസ്തുക്കളുടെ ശേഖരണത്തിനും എം.സി.എഫി ൽ സൂക്ഷിക്കുന്നതിനും മുൻഗണന നൽകുകയും അത്തരം പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകാത്ത വിധത്തിൽ മാർഗ്ഗരേഖ പ്രകാരമുള്ള മറ്റ് സേവനങ്ങൾക്ക് ഹരിതകർമ്മസേനാംഗങ്ങളെ നിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.മാലിന്യ സംസ്ക്കരണം, തരം തിരിക്കൽ എന്നീ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

മാലിന്യം വേർതിരിച്ച് ഏജൻസിക്ക് നൽകി വരുമാനം ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.യൂസർ ഫീ കൃത്യമായി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

അംഗീകൃത പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ പ്രകാരമുള്ള പ്രവർത്തനങ്ങൾ ഉറപ്പാക്കേണ്ടതാണ്.

എം.സി.എഫിൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹരിതകർമസേനാംഗങ്ങൾക്ക് വരുമാനദായകമായ സംരംഭങ്ങൾ തുടങ്ങാൻ ധനസഹായം അനുവദിക്കുന്ന പ്രോജക്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. ഹരിത കർമസേനാംഗങ്ങൾക്ക് ആരോഗ്യ പരിരക്ഷാ പദ്ധതികൾ, ഇ.എസ്.ഐ സൗകര്യം, നിശ്ചിത കാലയളവിൽ സൗജന്യ ആരോഗ്യ പരിശോധനകൾ എന്നിവ ഉറപ്പു വരുത്താവുന്നതാണ്.

പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്കെതിരെ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 220(C) അനുസരിച്ചുള്ള ശിക്ഷാ രീതികൾ കർശനമാക്കേണ്ടതാണ്.

1-26 റോഡ് കണക്കിവിറ്റി മാപ്പിംഗ് പദ്ധതി

പഞ്ചായത്തിലെ റോഡ് കണക്കിവിറ്റി മാപ്പിംഗ് തയ്യാറാക്കുന്നതിനായി രൂപീകരിച്ച പദ്ധതിയായ R Track Data Collection & Processing, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 26.06.2023 ലെ DB3/753/2013/CE/LID&EW(Part D)നം സർക്കുലർ പ്രകാരം 31.10.2023 ന് മുമ്പ് പദ്ധതി പൂർത്തീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. കൂടാതെ 9.6.2024 ലെ LSGD/PD/55564/2023-DB5 നമ്പർ സർക്കുലർ പ്രകാരം 2024 ജൂൺ മാസത്തിൽ R Trackമായി ബന്ധപ്പെട്ട നടപടികളെല്ലാം പൂർത്തിയാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻകുയറി നമ്പർ -14/26.7.24ന് മറുപടിയായി സർവ്വെയർ വെരിഫിക്കേഷൻ പൂർത്തിയായതായും എഇ വെരിഫിക്കേഷൻ 80ശതമാനത്തോളം പൂർത്തിയായതായും അറിയിച്ചിട്ടുണ്ട്.

നെല്ലനാട് പഞ്ചായത്തിലെ R Track Asset Digitilisationനടപടികൾ പൂർത്തിയാക്കി KSRECയുടെ ഓൺലൈൻ പ്ളാറ്റ് ഫോമിലേക്ക് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-27 ഭവനപുനരുദ്ധാരണം (എസ്.സി) നിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരം

വി.ഇ.ഒ സർക്കിൾ 2 നിർവ്വഹണം നടത്തിയ ഭവനപുനരുദ്ധാരണം (എസ് സി)പദ്ധതി (36/24) പ്രകാരം തുകകൾ കൈപ്പറ്റിയിട്ടും നാളിതുവരെ ഭവനപുനരുദ്ധാരണം പൂർത്തിയാക്കാത്തവരുടെ വിവരം ചുവടെ ചേർക്കുന്നു. കരാർ പ്രകാരം 2023-24 സാമ്പത്തികവർഷം തന്നെ പുനരുദ്ധാരണം പൂർത്തിയാക്കേണ്ടിയിരുന്നു.

ക്രമ നമ്പർ	പേര്	ആദ്യ ഗഡു കൈപ്പറ്റിയ തീയതി	ആകെ കൈപ്പറ്റിയ തുക	ഓഡിറ്റ് എൻകുയറി നം 13/26.7.24 ന്റെ മറുപടി
1	സുജാത, വിളയിൽ വീട്	7.11.2023	50000/-	തുടർ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നതായി അറിയിച്ചിട്ടുണ്ട്.
2	ജയ.എസ്, ചരുവിളപുത്തൻ വീട്	7.11.2023	50000/-	തുടർ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു

				വരുന്നതായി അറിയിച്ചിട്ടുണ്ട്.
3	ഷിബിൻ.യു.കെ, കാവറവിള വീട്	7.11.2023	50000/-	തുടർ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നതായി അറിയിച്ചിട്ടുണ്ട്.

പദ്ധതി മാർഗരേഖ, കരാർ വ്യവസ്ഥ എന്നിവ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-28 ഭവനപുനരുദ്ധാരണം (ജനറൽ) നിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരം

വി.ഇ.ഒ സർക്കിൾ 1 നിർവ്വഹണം നടത്തിയ ഭവനപുനരുദ്ധാരണം (ജനറൽ) പദ്ധതി (46/24) പ്രകാരം തുകകൾ കൈപ്പറ്റിയിട്ടും നാളിതുവരെ ഭവനപുനരുദ്ധാരണം പൂർത്തിയാക്കാത്തവരുടെ വിവരം ചുവടെ ചേർക്കുന്നു. കരാർ പ്രകാരം 2023-24 സാമ്പത്തികവർഷം തന്നെ പുനരുദ്ധാരണം പൂർത്തിയാക്കേണ്ടിയിരുന്നു.

ക്രമ നമ്പർ	പേര്	ആദ്യ ഗഡു കൈപ്പറ്റിയ തീയതി	ആകെ കൈപ്പറ്റിയ തുക
1	സരള, സരിതഭവൻ	05.02.24	50000/-
2	ലീലമണി, ശരണ്യഭവൻ	03.02.24	50000/-
3	ബിന്ദു. ഡി, കൊച്ചുകുന്നിൽ വീട്	09.02.24	50000/-
4	ബേബി. പി, മേലേവിള പുത്തൻ വീട്	09.02.24	50000/-
5	ഷീജ. എസ്, മംഗ്ലാവുവിള വീട്	12.02.24	50000/-

പ്രസ്തുത ഗുണഭോക്താക്കൾ 2 മാസത്തിനുള്ളിൽ നിർമ്മാണം പൂർത്തിയാക്കുന്നതാണെന്ന് വി.ഇ.ഒ അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻകെയറി നം. 12/26.07.24) നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് വിവരം അറിയിക്കേണ്ടതാണ്.

1-29 ആസ്തികൾ പ്രയോജനകരമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികളിൽ കഴിഞ്ഞ അഞ്ചു വർഷം വിവിധ ഫണ്ടുകൾ വിനിയോഗിച്ച് നടത്തിയ പ്രവൃത്തികളുടെ ആസ്തികളുടെ നിലവിലെ അവസ്ഥ ചുവടെ ചേർക്കുന്നു. (30.7.2024ന് നടത്തിയ ഫീൽഡ് പരിശോധനയുടെയും ഓഡിറ്റ് അന്വേഷണം നമ്പർ 11/26.7.24ന് ലഭ്യമാക്കിയ മറുപടിയുടേയും അടിസ്ഥാനത്തിൽ തയ്യാറാക്കിയത്)

ക്രമ നമ്പർ	പ്രോജക്ട് നമ്പർ	പദ്ധതിയുടെ പേര്	ചെലവ് തുക	നിലവിലെ അവസ്ഥ
1	212/19	MGNREGS ബിൽഡിംഗ് മെറ്റീരിയൽ നിർമ്മാണ യൂണിറ്റിന് ഷെഡ് നിർമ്മാണം	447772	പ്രവർത്തനരഹിതം
2	166/21	പുതുക്കുളം ചിറ നവീകരണം	623076	നിലവിൽ ഉപയോഗ്യ യോഗ്യമല്ല.
3	37/23	എംസിഎഫ് കെട്ടിടം മാറ്റി സ്ഥാപിക്കുന്നതിന് ഭൂമി നിരപ്പാക്കൽ	281649	പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ നടന്നു വരുന്നു.

MGNREGS ബിൽഡിംഗ് മെറ്റീരിയൽ നിർമ്മാണ യൂണിറ്റിന് ഷെഡ് നിർമ്മാണം

30.07.2024ന് നടത്തിയ സ്ഥലപരിശോധനയിൽ പ്രസ്തുത ഷെഡിൽ യാതൊരുവിധത്തിലുള്ള പ്രവർത്തനങ്ങളും നടക്കുന്നില്ല എന്നു കാണുവാൻ കഴിഞ്ഞു.

ഹോളോബ്രിക്സ് നിർമ്മാണത്തിനായി വാങ്ങിയ വിവിധ യന്ത്രങ്ങൾ നിലവിൽ വെയിലും മഴയുമേറ്റ് തുരുമ്പിച്ച് ഉപയോഗയോഗ്യമല്ലാത്ത അവസ്ഥയിലാണുള്ളത്.

പദ്ധതി പ്രവർത്തനക്ഷമമല്ലാത്തതിനാൽ ഷെഡ് നിർമ്മാണത്തിനും യന്ത്രങ്ങൾ വാങ്ങുന്നതിനുമായി ചെലവാക്കിയ തുക പഞ്ചായത്തിനുണ്ടായ നഷ്ടമായി ഓഡിറ്റ് വിലയിരുത്തുന്നു.





പുതുക്കുളം ചിറ നവീകരണം

സ്ഥലപരിശോധനയിൽ പ്രസ്തുത ചിറ നിറയെ കാടുപിടിച്ച് ഉപയോഗയോഗ്യമല്ലാതെ കാണപ്പെടുന്നു.



എംസിഎഫ് കെട്ടിടം മാറ്റി സ്ഥാപിക്കുന്നതിന് ഭൂമി നിരപ്പാക്കൽ

നടപടികൾ പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

ആസ്തികൾ സംരക്ഷിച്ച് അവ ജനോപകാരപ്രദമാക്കുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

1-30 അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൌണ്ടിൽ അവശേഷിക്കുന്ന ടെണ്ടർ ഫാറം തുക അടവാക്കണം

നെല്ലനാട് ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൌണ്ടിൽ (SBI-38559453953) 10.06.2024ൽ 8,15,168/- രൂപ അവശേഷിക്കുന്നു. ഇത്രയും വലിയ തുക അക്കൌണ്ടിൽ അവശേഷിക്കുന്നതിന്റെ കാരണം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻകയറി നമ്പർ -35/29.07.24ന് മറുപടിയായി പ്രസ്തുത തുക ടെണ്ടർ ഫീസ് ഇനത്തിൽ ലഭിച്ചതാണെന്നും ആയതിന്റെ സൂക്ഷ്മ പരിശോധന പൂർത്തിയാക്കി ഉടൻ തന്നെ തുക പഞ്ചായത്ത് ഫണ്ടിലേക്ക്

അടയ്ക്കുന്നതുമാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത തുക പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റി വിവരം അറിയിക്കേണ്ടതാണ്.

1-31 വയോജന പരിപാലനം പദ്ധതി - 21000 /- രൂപ തടസ്സപ്പെടുത്തുന്നു

പദ്ധതി നം , പേര്	SO 165/24 വയോജന പരിപാലനം
അടങ്കൽ തുക	248210/-
ചെലവ് തുക	21000 /- (തനത് ഫണ്ട്)
ബിൽ നം തീയതി	വൌച്ചർ നം. 22300172, ചെക്ക് നം. 55562, 22.05.23, 13 000/- വൌച്ചർ നം. 22300173 ചെക്ക് നം. 55562, 22.05.23, 8000/-

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ മേൽ പദ്ധതിയുടെ ചെലവ് രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻകുയറിക്ക് (നം. 30/29.7.24) ടി കാലയളവിൽ സേവനമനുഷ്ഠിച്ച ICDS Supervisor ആണ് പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളതെന്നും, നിലവിലെ ഐ സി ഡി എസ് സൂപ്പർവൈസർക്ക് രേഖകൾ കൈമാറിയിട്ടില്ല എന്നും അറിയിച്ചു. ഈ സാഹചര്യത്തിൽ ചെലവ് തുക 21000/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-32 വയോക്ലബ് പദ്ധതി, അപാകതകൾ - 152646/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പദ്ധതി നം , പേര്	SO 170/24 വയോക്ലബ്
അടങ്കൽ തുക	250000/-
ചെലവ് തുക	157146 /- (വികസന ഫണ്ട് ജനറൽ)
ബിൽ നം തീയതി	13/15.5.23 81000/- 50/ 15.6.23 71646/- 272/ 17.12.23 4500/-

ഐ സി ഡി എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ മേൽ പദ്ധതി പ്രകാരം ചുവടെ ചേർക്കുന്ന സാധനങ്ങൾ സിഡ്കോയിൽ നിന്നും വാങ്ങിയിട്ടുണ്ട്.

ക്രമ നം	ഇനം	എണ്ണം	തുക
1	സ്റ്റീൽ ടേബിൾ	3	16398
2	പ്ലാസ്റ്റിക് കസേര	30	25500
3	വൈറ്റ് ബോർഡ്	3	11700
4	കാരംബോർഡ്	3	7500
	ആകെ		71646(SGST,CGST ഉൾപ്പെടെ)

3 വയോക്ലബുകൾക്കായാണ് സാധനങ്ങൾ വാങ്ങിയിട്ടുള്ളത്. 26/7/24 ൽ ഓഡിറ്റ് ടീം നടത്തിയ ഭൗതിക പരിശോധയിൽ ആലന്തറ വാർഡിൽ സ്ഥിതി ചെയ്യുന്ന അംഗൻവാടിയുടെ മുകളിലത്തെ നിലയിലും ദീപാനഗറിൽ ഒരു ഷോപ്പിംഗ് കോപ്ലക്സിന്റെ താഴത്തെ ഒരു മുറി കടയിലും, വലിയകട്ടക്കാലിൽ ഒരു ഷോപ്പിംഗ് കോംപ്ലക്സിന്റെ മുകളിലത്തെ നിലയിലും മേൽ പദ്ധതിയ്ക്കായി വാങ്ങിയ സാധനങ്ങൾ പൊടിപിടിച്ച് വ്യത്തിയില്ലാത്ത അവസ്ഥയിൽ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു. മുൻവർഷം ഈ പദ്ധതിയ്ക്കായി വാങ്ങിയ TV ഉൾപ്പെടെ ഇതുവരെ പ്രവർത്തിപ്പിച്ചിട്ടില്ലാത്ത അവസ്ഥയിൽ ഇവിടെ സൂക്ഷിച്ചിരിക്കുന്നു. മേൽ പദ്ധതി ചെലവിൽ ഡിഷ് ആക്സസറീസ് ഉൾപ്പെടെ കേബിൾ നെറ്റ് വർക്ക് ചാർജ്ജായി 4500/- രൂപയും നല്കിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു

1. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ, സ.ഉ(കൈ)നം. 84/2022/തസ്വഭവ തീയതി 19.4.2022 ഖണ്ഡിക 6.5 ക്രമ നം 12 ൽ പരാമർശിച്ചിട്ടുള്ള നിർദ്ദേശ പ്രകാരം വയോജനങ്ങൾക്ക് പെട്ടെന്ന് എത്തിച്ചേരാൻ പറ്റുന്ന സ്ഥലത്ത് വയോക്ലബ് ആരംഭിക്കേണ്ടതും പരിശീലനം ലഭിച്ച ഒരു കെയർടേക്കറുടെ സേവനം കുടുംബശ്രീ സംവിധാനത്തിൽ നിന്നും എടുക്കേണ്ടതുമാണ് .എന്നാൽ ഇത്തരം വ്യവസ്ഥകൾ വയോക്ലബ് പദ്ധതിയിൽ പാലിച്ചിട്ടില്ല.

2. പദ്ധതിയ്ക്കായി ചെലവഴിച്ച തുകയിൽ 76146/- രൂപയുടെ അനുബന്ധ രേഖകൾ മാത്രമാണ് ഓഡിറ്റിൽ ഹാജരാക്കിയിട്ടുള്ളത്. 81000/- രൂപയുടെ ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല.

3. വയോക്ലബുകൾ ഒന്നും തന്നെ ഇതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

4. അംഗൻവാടികളിൽ വയോക്ലബുകൾ ആരംഭിക്കാൻ അനുമതിയിനല്കികൊണ്ടുള്ള ഉത്തരവ് ലഭ്യമാക്കിയിട്ടില്ല.

5. പഞ്ചായത്തിന്റെ പദ്ധതി പണം ഉപയോഗിച്ച് വാങ്ങിയ സാധനങ്ങൾ സ്വകാര്യ ഷോപ്പിംഗ് കോംപ്ലക്സുകളിൽ സൂക്ഷിച്ചിരിക്കുന്നു.

6. പ്രവർത്തനം തുടങ്ങാത്ത സ്ഥാപനത്തിന് കേബിൾ ചാർജ്ജിനത്തിൽ തുക നല്കിയിരിക്കുന്നു.

7. പദ്ധതിയുടെ മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

പദ്ധതി കൃത്യമായി ആസൂത്രണം ചെയ്യാതെ യാതൊരു മുന്നൊരുക്കവും നടത്താതെ, സാധനങ്ങൾ മാത്രം വാങ്ങി പദ്ധതി പണം ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻകെയറിക്ക് (നം. 29.7.24) വ്യക്തമായ മറുപടി നല്കിയിട്ടില്ല. തുക ചെലവ് ചെയ്തത് സംബന്ധിച്ച് വിശദീകരണം നല്കിയിട്ടുണ്ട്. 81000 രൂപയുടെ ബിൽ മുൻ ഐ.സി.ഡി.എസ് സൂപ്പർവൈസർ ആയ ശ്രീമതി. സാവിത്രി ആണ് ട്രാൻസ്ഫർ ചെയ്തിട്ടുള്ളതെന്നും ആയതിന്റെ രേഖകൾ കൈമാറി നൽകിയിട്ടില്ല എന്നും അറിയിച്ചു. സിഡ്കോയിൽ നിന്നും സാധനങ്ങൾ വാങ്ങിയ തുകയായ 71646/- രൂപയുടെ ബിൽ നിലവിലത്തെ ഐ.സി.ഡി.എസ് സൂപ്പർവൈസർ ആയ ശ്രീമതി വനജകുമാരിയ്ക്ക്, മുൻ ഐ.സി.ഡി.എസ് സൂപ്പർവൈസർ കൈമാറി നൽകിയെന്നും, എന്നാൽ പ്രസ്തുത ബിൽ പ്രകാരമുള്ള സാധനങ്ങൾ എല്ലാം തന്നെ നിലവിലെ സൂപ്പർവൈസർ ആയ ശ്രീമതി വനജകുമാരി ജോയിൻ ചെയ്യുന്നതിന് മുമ്പ് 08.03.23-ൽ വാങ്ങിയതാണെന്നും ബിൽ മാത്രമാണ് ശ്രീമതി വനജകുമാരി മാറി നൽകിയിട്ടുള്ളതെന്നും അറിയിച്ചു. ദീപാനഗർ വയോക്ലബ് രണ്ട് മാസം താല്ക്കാലികമായി പ്രവർത്തിച്ചിരുന്നുവെന്നും 4500/- രൂപ കേബിൾ ചാർജായി ആ സമയത്ത് അടച്ചതാണെന്നും അറിയിച്ചു.

മുകളിൽ ചേർത്ത അപാകതകൾ പരിഹരിച്ച് വയോക്ലബ് ഉചിതമായ സ്ഥലത്ത് പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും എൻകെയറിക്കുള്ള മറുപടിയിൽ അറിയിച്ചു. ഈ സാഹചര്യത്തിൽ വയോക്ലബിന് വേണ്ടി ചെലവഴിച്ച തുകയിൽ 4500/- രൂപ ഒഴികെയുള്ള ബാക്കി തുക 152646 (81000+71646) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇതിൽ ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ 81000/- രൂപ മുൻ ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ ബാദ്ധ്യതയായി നിജപ്പെടുത്തി തുക തടസ്സപ്പെടുത്തുന്നു. ആവശ്യകതാ നിർണ്ണയം നടത്താതെയും പദ്ധതി കൃത്യമായി ആസൂത്രണം ചെയ്യാതെയും പദ്ധതി പ്രകാരം സാധനങ്ങൾ വാങ്ങിയതിനാൽ മുൻ ഐസിഡിഎസ് സൂപ്പർവൈസർക്കും പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ കൃത്യമായി നടത്താതിരുന്നതിനാൽ നിലവിലെ ഐസിഡിഎസ് സൂപ്പർവൈസർക്കും 71646/- രൂപയുടെ ചെലവ് ബാധ്യത തുല്യമായി വിഭജിച്ച് നിജപ്പെടുത്തി തുക തടസ്സപ്പെടുത്തുന്നു. ഇത്തരത്തിൽ ആകെ 152646(81000+71646) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഖണ്ഡികയിൽ പരാമർശിക്കുന്ന അപാകതകൾ കൃത്യമായും പരിഹരിച്ച് ആയതിനെ സാധൂകരിക്കുന്ന അനുബന്ധരേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. അല്ലാത്തപക്ഷം ടി തുക മേൽ ചേർത്തിട്ടുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബാദ്ധ്യതയായി പരിഗണിക്കുന്നതാണ്.

1-33 കരിയർ ഗൈഡൻസ് പദ്ധതി - 214239/- രൂപ തടസ്സപ്പെടുത്തുന്നു.

പദ്ധതി നം , പേര്	SO 166/24 അംഗനവാടികളിൽ കരിയർ ഗൈഡൻസ് സെന്റർ
അടങ്കൽ തുക	400000/-
ചെലവ് തുക	214239/- തനത് ഫണ്ട്
വൌച്ചർ നം തീയതി	വൗച്ചർ നം. 223000028, ചെക്ക് നം. 55769, 22.06.23, തുക- 100680/- വൗച്ചർ നം. 223000361, ചെക്ക് നം. 55978, 13.7.23, തുക- 1740/- വൗച്ചർ നം. 223000785, ചെക്ക് നം. 89075, 31.10.23, തുക- 730/- വൗച്ചർ നം. 223001352, ചെക്ക് നം. 100990, 2.3.24, തുക- 109981/- വൗച്ചർ നം. 223001551, ചെക്ക് നം. 21807, 25.03.24, തുക- 1108/-

മേൽ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യവും പ്രവർത്തനങ്ങളും പ്രോജക്ട് രൂപീകരണഫോറത്തിൽ വിശദമാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ രണ്ട് കരിയർ ഗൈഡൻസ് സെന്റുകൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ടാണ് തുക ചെലവഴിച്ചിരിക്കുന്നത്.
പദ്ധതി നിർവഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.
1. അംഗൻവാടികളിൽ കരിയർ ഗൈഡൻസ് സെന്ററുകൾ ആരംഭിക്കാൻ അനുമതി നല്കികൊണ്ടുള്ള ഉത്തരവ് ലഭ്യമാക്കിയിട്ടില്ല.

2. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ, സഉ(കൈ)നം. 84/2022/ തീയതി 19.4.2022 ഖണ്ഡിക 8.12 ക്രമ നം 5 ൽ തൊഴിൽ മത്സര പരീക്ഷാ പരിശീലനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഗ്രന്ഥശാലകളെ കേന്ദ്രീകരിച്ച് നടപ്പിലാക്കാൻ ശ്രമിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നിർദ്ദേശങ്ങൾ കരിയർ ഗൈഡൻസ് സെന്ററുകൾ ആരംഭിക്കൽ പദ്ധതിയിൽ പാലിച്ചതായി കാണുന്നില്ല.

3. പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടില്ല.

4. പദ്ധതിയ്ക്കായി മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തുകയോ, സ്ഥാപനത്തിന്റെ പ്രവർത്തനം സംബന്ധിച്ച് ധാരണയോ ഇല്ലാതെ സാധനങ്ങൾ മാത്രം വാങ്ങി സൂക്ഷിച്ചിരിക്കുന്നു.കൂടാതെ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത സ്ഥാപനത്തിന് ടെലിഫോൺ ചാർജ്ജ് അടച്ചിരിക്കുന്നു.

5. പദ്ധതിയുടെ മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

പദ്ധതിയ്ക്കായി ചുവടെ ചേർക്കുന്ന സാധനങ്ങൾ സിഡ്കോയിൽ നിന്നും വാങ്ങിയിട്ടുണ്ട്. രണ്ട് തവണകളിലായി വ്യത്യസ്ത ഇൻവോയ്സ് പ്രകാരം സാധനങ്ങൾ ഓരോന്നും 2 എണ്ണം വീതം വാങ്ങിയിട്ടുണ്ട്. വിശദാംശം ചുവടെ-

ക്രമ നം	ഇനം	എണ്ണം	തുക/ഇൻവോയ്സ് നം/ ഓർഡർ ചെയ്ത തീയതി (EKM/23-24/38 Dt 3.26.243)	തുക/ഇൻവോയ്സ് നം / ഓർഡർ ചെയ്ത തീയതി (EKM/23-24/343 Dt .19.2.24)
1	സ്റ്റീൽ ക്യാബിനെറ്റ്	2	11900	11900
2	കംപ്യൂട്ടർ ടേബിൾ	2	6646	6648
3	റിവോൾവിംഗ് ചെയർ	2	5976	5976
4	HP ഡെസ്ക് ടോപ്പ് കംപ്യൂട്ടർ	2	43900	50638
5	പ്രിന്റർ	2	16900	18044
	ആകെ തുക (നികുതി ഉൾപ്പെടെ)		100680	109981

രണ്ട് കരിയർ ഗൈഡൻസ് സെന്ററുകൾക്കായാണ് സാധനങ്ങൾ വാങ്ങിയിട്ടുള്ളത്. 26/7/24 ൽ ഓഡിറ്റ് ടീം നടത്തിയ ഭൗതിക പരിശോധനയിൽ വയ്യേറ്റ് അംഗൻവാടിയുടെ (സെന്റർ നം. 24) മുകളിലത്തെ നിലയിലും വലിയകട്ടക്കാൽ അംഗൻവാടിയിലും (സെന്റർ നം. 27) മേൽ പദ്ധതിയ്ക്കായി വാങ്ങിയ സാധനങ്ങൾ പൊടിപിടിച്ച് വൃത്തിയില്ലാത്ത അവസ്ഥയിൽ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു. മേൽ പദ്ധതി ചെലവിൽ ടെലിഫോൺ ചാർജ്ജായി വിവിധ ബില്ലുകൾ പ്രകാരം 3578/- രൂപയും നല്കിയിട്ടുണ്ട്. എന്നാൽ സെന്ററുകൾ ഇതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം. 33/29.7.24) 2023-24 വർഷം സ്പിൽ ഓവറായ പ്രസ്തുത പ്രോജക്ടിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ചെയ്യേണ്ട പ്രവർത്തനങ്ങൾ വിവരിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ഭരണസമിതിയോട് പ്രോജക്ടിന്റെ ഉദ്ദ്യേശ്യ ലക്ഷ്യം, നടത്തിപ്പിന്റെ ചുമതല എന്നിവയെ കുറിച്ച് സ്പഷ്ടീകരണം ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമായിട്ടില്ലാത്തതിനാൽ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലായെന്ന് അറിയിച്ചു. വാങ്ങിയ സാധനങ്ങളിൽ 100680/- രൂപയുടെ സാധനങ്ങൾ വാങ്ങിയിട്ടുള്ളത് 26.04.23 ൽ (Order No. SSE EKM/P1/23-24/49 Dt 26.4.23) മുൻ ഐസിഡിഎസ് സൂപ്പർവൈസർ ആണെന്നും 15.05.23 -ൽ പഞ്ചായത്തിൽ ജോയിൻ ചെയ്തപ്പോൾ മുമ്പ് വാങ്ങിയ സാധനങ്ങളുടെ ബിൽ തുക മാറുക മാത്രമാണ് നിലവിലെ ഐ.സി.ഡി.എസ് സൂപ്പർവൈസർ ചെയ്തതെന്നും എൻകുയറിക്ക് മറുപടിയായി അറിയിച്ചു. ടെലിഫോൺ കണക്ഷനും നെറ്റ് റീചാർജ്ജിംഗിനുമായാണ് 3578/- രൂപ ചെലവഴിച്ചതെന്നും ഭരണസമിതിയുമായി ആലോചിച്ച് ഉചിതമായ സ്ഥാനം കണ്ടെത്തി പദ്ധതിയുടെ നടത്തിപ്പിനായി തുടർനടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു.

ഈ സാഹചര്യത്തിൽ പദ്ധതിയ്ക്കായി ചെലവഴിച്ച തുക 214239/- (100680+109981+3578) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സാധനങ്ങൾ 26.4.23 തീയതിയിൽ വാങ്ങി സ്റ്റോക്ക് ചെയ്തതിനാൽ പ്രസ്തുത സാധനങ്ങളുടെ വിലയായ 100680/- രൂപ മുൻ ഐ.സി.ഡി.എസ് സൂപ്പർവൈസറുടേയും ബാക്കി തുകയുടെ സാധനങ്ങളും ടെലിഫോൺ ബില്ലും നിലവിലെ സൂപ്പർവൈസർ ചെലവ് ചെയ്തതിനാൽ 113559/- രൂപ നിലവിലെ ഐസിഡിഎസ് സൂപ്പർവൈസറുടേയും ബാദ്ധ്യതയായി നിജപ്പെടുത്തുന്നു.

കരിയർ ഗൈഡൻസിന്റെ പ്രവർത്തനം നടത്തിപ്പ് എന്നിവ സംബന്ധിച്ച വിശദാംശം, അവയെ സാധൂകരിക്കുന്ന രേഖകൾ എന്നിവ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. വ്യക്തമായ ആസൂത്രണത്തിന്റെ അഭാവം, ഉദ്ദേശ്യ ശുദ്ധിയിലുള്ള അവ്യക്തത, സംഘാടനത്തിന്റെ പരാജയം, ലക്ഷ്യപ്രാപ്തിയെക്കുറിച്ചുള്ള ധാരണ ഇല്ലായ്മ എന്നിവ പദ്ധതികളുടെ ലക്ഷ്യപ്രാപ്തിക്ക് വിഘാതം സൃഷ്ടിക്കുന്നു. പദ്ധതി പണത്തിന്റെ ദുരുപയോഗം ഗുരുതരമായ അപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു. ഇത്തരം അപാകതകൾ ഭരണസമിതി കൃത്യമായും വിശകലനം ചെയ്യേണ്ടതാണ്.

1-34 ഭിന്നശേഷി കലാമേള – പദ്ധതിയിലെ അപാകതകൾ

പദ്ധതി നം., പേര്	SO 119/24, ഭിന്നശേഷി കലാമേള

അടങ്കൽ തുക	75000/-
ചെലവ് തുക	75000/- (വികസന ഫണ്ട്)
ബിൽ നം തീയതി	231/18.11.24

ഐസിഡിഎസ് സൂപ്പർവൈസർ നിർവഹണം നടത്തിയ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്കുള്ള കലാമേള പദ്ധതിയിൽ ഭിന്നശേഷിക്കാരായ കുട്ടികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചിട്ടുണ്ട്. പദ്ധതിയുടെ സംഘാടനം, ഭക്ഷണചെലവ്, സമ്മാനങ്ങൾ വാങ്ങി നൽകൽ എന്നിവക്കാണ് പദ്ധതി തുക ചെലവഴിച്ചിട്ടുള്ളത്. കൂടാതെ "പാടാൻ കൊതിച്ച പാട്ടുകൾ" എന്ന നാടൻപാട്ട് അവതരിപ്പിച്ചതിന് ശ്രീ സന്തോഷ്ബാബു, വാറാംകുന്ന് വീട്, ആലിയാട് പി ഒ എന്നയാൾക്ക് 7000/- രൂപ നല്കിയിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ, സബ്സിഡി മാർഗരേഖ സഉ(കൈ)നം. 115/2022/ തസ്വഭവ തീയതി 28.5.2022 ഖണ്ഡിക 7.1.13 പ്രകാരം കുട്ടികളുടെ ശാരീരിക മാനസിക ഉല്ലാസത്തിന് സഹായകമായതും അവർക്ക് പങ്കെടുക്കാൻ കഴിയുന്നതുമായ ഇനങ്ങൾ ഉൾപ്പെടുത്തി ഏകദിന മത്സരങ്ങൾ സംഘടിപ്പിക്കാമെന്ന് നിർദ്ദേശമുണ്ട്. എന്നാൽ ഇത്തരം കലാമേളകളിൽ പുറത്ത് നിന്നുള്ള കലാകാരന്മാരുടെ പരിപാടികൾ അവതരിപ്പിച്ച് അവയ്ക്ക് പ്രതിഫലം നല്കാമെന്ന് നിർദ്ദേശിച്ചിട്ടില്ല. മാർഗരേഖയിൽ അനുവദനീയമല്ലാത്ത പരിപാടി അവതരിപ്പിച്ച് തുക നല്കിയ സാഹചര്യം വിശദമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻകുയറിക്ക് (നം. 32/29.7.24) സാമൂഹ്യപരമായ പരിമിതികളിൽ കഴിയുന്ന ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരുടെ സാമൂഹ്യവും സാസ്ക്കാരികവുമായ മാനസിക ഉല്ലാസത്തിന് വേണ്ടി ഭരണസമിതിയുടെ നിർദ്ദേശ പ്രകാരമാണ് ശ്രീ. സന്തോഷ്ബാബുവിന്റെ പരിപാടി അവതരിപ്പിച്ചതെന്നും ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കില്ലായെന്നും അറിയിച്ചു.
പ്രതിഫലം ആഗ്രഹിക്കാത്ത സന്നദ്ധ പ്രവർത്തകരെ കണ്ടെത്തി ഇത്തരം കലാപരിപാടികൾ അവതരിപ്പിക്കാവുന്നതും അത്തരത്തിൽ മാനസിക ഉല്ലാസം വർദ്ധിപ്പിക്കാനുതകുന്ന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാവുന്നതുമാണ്.

1-35 വയോജന കലാമേള – പദ്ധതിയിലെ അപാകതകൾ

പദ്ധതി നം, പേര്	SO 121/24 വയോജന കലാമേള
അടങ്കൽ തുക	300000/-
ചെലവ് തുക	58722/- (തനത്ഫണ്ട്)
ബിൽ നം./ തീയതി	വൗച്ചർ നം. 223001464, ചെക്ക് നം. 5894998, 18.3.24, 2500/- വൗച്ചർ നം. 223001362, ചെക്ക് നം. 100990, 2.3.24, 5956/- വൗച്ചർ നം. 223001199, ചെക്ക് നം. 99670, 10.2.24, 50266/-

ഐസിഡിഎസ് സൂപ്പർവൈസർ നിർവഹണം നടത്തിയ മേൽ പദ്ധതിയിൽ വയോജനങ്ങൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചിട്ടുണ്ട്. പദ്ധതിയുടെ സംഘാടനം, ഭക്ഷണചെലവ്, സമ്മാനങ്ങൾ വാങ്ങി നൽകൽ എന്നിവയ്ക്കാണ് പദ്ധതി തുക ചെലവഴിച്ചിട്ടുള്ളത്. കൂടാതെ "പാടാൻ കൊതിച്ച പാട്ടുകൾ" എന്ന നാടൻപാട്ട് അവതരിപ്പിച്ചതിന് ശ്രീ. സന്തോഷ്ബാബു, വാറാംകുന്ന് വീട്, ആലിയാട് പി.ഒ. എന്നയാൾക്ക് 6000/- രൂപ നല്കിയിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ, സബ്സിഡി മാർഗരേഖ സഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 6.5 ൽ വയോജന ക്ഷേമവും പാലിയേറ്റീവ് കെയർ സംവിധാനവും എന്നതിൽ ഇപ്രകാരം കലാപരിപാടി നടത്താൻ നിർദ്ദേശമില്ല. പുറത്തുനിന്നുള്ള വ്യക്തകളെ കൊണ്ട് ഇത്തരം കലാപരിപാടികൾ അവതരിപ്പിച്ച് അവയ്ക്ക് പ്രതിഫലം നല്കാനുണ്ടായ സാഹചര്യവും അന്വേഷിച്ച് നല്കിയ ഓഡിറ്റ് എൻകുയറിക്ക് (നം. 31/29.7.24) വയോജനങ്ങളുടെ മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിന് വേണ്ടിയാണ് ഭരണസമിതിയുടെ നിർദ്ദേശാനുസരണം ശ്രീ. സന്തോഷ് ബാബുവിന്റെ പരിപാടി അവതരിപ്പിച്ചതെന്നും ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കില്ലായെന്നും അറിയിച്ചു.

പ്രതിഫലം ആഗ്രഹിക്കാത്ത സന്നദ്ധ പ്രവർത്തകരെ കണ്ടെത്തി ഇത്തരം കലാപരിപാടികൾ അവതരിപ്പിക്കാവുന്നതും അത്തരത്തിൽ മാനസിക ഉല്ലാസം വർദ്ധിപ്പിക്കാനുതകുന്ന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാവുന്നതുമാണ്.

1-36 ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ നൽകൽ- സ്പിൽ ഓവർ പദ്ധതി നടപ്പിലാക്കിയിട്ടില്ല

2021-22 വർഷത്തിൽ DPC അംഗീകാരം ലഭിച്ച 'ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ നൽകൽ' എന്ന പദ്ധതി തുടർന്നുള്ള വർഷങ്ങളിലും സ്പിൽ ഓവറായി തുടരുന്നു. ഓഡിറ്റ് വർഷത്തിലും സ്പിൽ ഓവറായി ഉൾപ്പെടുത്തിയ ടി പദ്ധതിക്കായി തൻവർഷം പണം ഒന്നും ചെലവഴിച്ചിട്ടില്ല. എന്നാൽ 17.02.2024 ജനറൽ കമ്മിറ്റി മിനിട്സ് പരിശോധിച്ചതിൽ തീരുമാനം 3-2 (22)

പ്രകാരം ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥയായ ടി പദ്ധതിയുടെ ഭാഗമായി കെൽട്രോൺ, ഉപകരണങ്ങൾ നൽകിയ വകയിൽ ബിൽ നമ്പർ PR 241/21-22 പ്രകാരം 2,48,995/- രൂപയും PR 236/21-22 പ്രകാരം 1,28,000/- രൂപയും ആവശ്യപ്പെട്ടിരിക്കുന്നുവെന്നും എന്നാൽ ടി ബിൽ പ്രകാരം ഏതെങ്കിലും ഉപകരണങ്ങൾ ലഭിച്ചതിന്റെ രേഖകൾ മുൻ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിലവിലുള്ള ഐ.സി.ഡി.എസ് സൂപ്പർവൈസർക്ക് കൈമാറിയിട്ടില്ല എന്ന് കാണിച്ച് നിലവിലുള്ള ഐ.സി.ഡി.എസ് സൂപ്പർവൈസർ കത്ത് നൽകിയ സാഹചര്യത്തിൽ മുൻ ഐ.സി.ഡി.എസ് സൂപ്പർവൈസറിൽ നിന്നും വിശദീകരണം വാങ്ങുന്നതിനും, വിഷയം ബന്ധപ്പെട്ട അധികാരികളെ അറിയിക്കുന്നതിനും യോഗം തീരുമാനിച്ചതായി കാണുന്നു.
ടി കമ്മിറ്റി തീരുമാനത്തിൻ മേൽ സ്വീകരിച്ച തുടർനടപടികൾ, ടി പ്രോജക്ടിന്റെ ഭാഗമായി കെൽട്രോണിൽ നിന്നും ലഭിച്ച വസ്തുക്കളുടെ വിവരം, ടി പ്രോജക്ടുമായി ബന്ധപ്പെട്ട ഫയലുകൾ എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 37 തീയതി 29.07.2024) സ്പിൽ ഓവറായി ഉൾപ്പെടുത്തിയ ടി പ്രോജക്ടുമായി ബന്ധപ്പെട്ട് യാതൊരു വ്യക്തതയുമില്ലാത്തതിനാൽ തൻവർഷം പദ്ധതി നിർവഹണം നടത്താൻ കഴിയാത്ത സാഹചര്യമാണെന്നാണ് നിലവിലുള്ള ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചത്.
ടി പ്രോജക്ട് നിർവഹണവുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ, 17.02.2024 ലെ 3-2 (22) കമ്മറ്റി തീരുമാനത്തിൻ മേൽ സ്വീകരിച്ച തുടർനടപടികൾ എന്നിവയുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-37 MGNREGA സോക്പിറ്റ് നിർമ്മാണം - അപാകതകൾ

MGNREGA പദ്ധതിയിൽ ഉൾപ്പെടുത്തി സോക്പിറ്റ് നിർമ്മാണം (വ്യക്തിഗത ആനുകൂല്യം) പ്രവൃത്തിയുടെ ഫയലിൽ ഒന്നും തന്നെ പ്രവൃത്തിക്കാവശ്യമായ സാധനങ്ങൾ വാങ്ങിയതിന്റെ ബിൽ ഹാജരാക്കിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ-

ക്രമ നം	ഗുണഭോക്താവിന്റെ പേര്	മെറ്റീരിയൽ തുക	വേതന തുക
1	വനജ.കെ	6304	1244
2	നസീറാബീവി	5662	2172
3	ഷീബ	5662	2172
4	വസന്ത	5890	1599
5	റീന.വി	5922	2082

MGNREGA മാസ്റ്റർ സർക്കുലർ 22-23, ഖണ്ഡിക 7.1.7 പ്രകാരം മെറ്റീരിയൽ വർക്കിന് സാധനങ്ങൾ വാങ്ങുമ്പോൾ GST ബിൽ ഹാജരാക്കേണ്ടതാണ്. ബിൽ ഹാജരാക്കാതെ മെറ്റീരിയലിന് തുക അനുവദിച്ച സാഹചര്യം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻകപയറിക്ക് (നം. 42/30.7.24) 6000/- രൂപ വരെയാണ് ഒരു ഗുണഭോക്താവിന് സോക്പിറ്റ് നിർമ്മാണത്തിന് മെറ്റീരിയൽ ഇനത്തിൽ ലഭിക്കുന്നതെന്നും, ചെറുകിട കച്ചവടക്കാരിൽ നിന്നും ഇത്തരം സാധനങ്ങൾ വാങ്ങുമ്പോൾ ബിൽ ലഭിക്കാറില്ലാത്തതിനാലാണ് ആയത് ലഭ്യമാക്കാൻ സാധിക്കാത്തത് എന്നും അറിയിച്ചു. ഭാവിയിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ ബിൽ വാങ്ങി സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചു.

MGNREGS മാസ്റ്റർ സർക്കുലറിൽ പ്രതിപാദിച്ചിട്ടുള്ള നിർദ്ദേശങ്ങൾക്കനുസൃതമായി ആവശ്യമായ രേഖകൾ ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

1-38 MGNREGA കാലിതൊഴുത്ത് നിർമ്മാണം- അനുബന്ധരേഖകൾ സൂക്ഷിച്ചിട്ടില്ല

MGNREGA പദ്ധതിയിൽ ഉൾപ്പെടുത്തി ശ്രീമതി വിജയകുമാരിക്ക് കാലിതൊഴുത്ത് (വ്യക്തിഗത ആനുകൂല്യം) നിർമ്മിച്ച് നല്കിയിട്ടുണ്ട്. വിശദാംശം ചുവടെ-

പദ്ധതി നം	1543/2022-23
ആകെ തുക	219733
വേതന ഘടകം	53528/-
മെറ്റീരിയൽ തുക	166205

മേൽ പ്രവൃത്തിയുടെ ഫയലിൽ ചുവടെ ചേർക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല.

1. തൊഴിലുറപ്പ് പദ്ധതിയുടെ ഫീൽഡുതല പരിശോധനകൾ കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച് പുറപ്പെടുവിച്ച 11.1. 21 ലെ ഡിഡി2/336/2020/തസ്വഭവ നമ്പർ സർക്കുലറിൽ അനുബന്ധം 2 ആയി ചേർത്തിട്ടുള്ള പ്രവൃത്തി തുടങ്ങുന്നതിന് മുൻപ് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തലോടുകൂടിയ പൊതു പരിശോധനാ റിപ്പോർട്ട്, അനുബന്ധം-3 പ്രകാരമുള്ള സാങ്കേതിക റിപ്പോർട്ട് എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

3. മേൽ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തി അവസാനിച്ച ശേഷമുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പൊതുപരിശോധനാ റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

പ്രസ്തുത വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം 50/31.7.24) പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പുള്ള പൊതു പരിശോധന റിപ്പോർട്ടും സാങ്കേതിക റിപ്പോർട്ടും ഫയലിൽ സൂക്ഷിക്കാൻ വിട്ടു പോയതാണെന്നും, ഭാവിയിൽ ഇത്തരം വീഴ്ചകൾ ഉണ്ടാവാതെ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചു.

MGNREGS മാസ്റ്റർ സർക്കുലർ, സർക്കാർ ഉത്തരവ് എന്നിവ പ്രകാരമുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആയതിനെ സാധൂകരിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

1-39 കെൽട്രോണിൽ നിന്നും ലാപ്ടോപുകൾ ലഭ്യമായില്ല – 193104/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ	S0268/24
പ്രോജക്ടിന്റെ പേര്	കുടുംബാരോഗ്യകേന്ദ്രത്തിലും ഉപകേന്ദ്രത്തിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ
അടങ്കൽ	385000/- (ഹെൽത്ത് ഗ്രാന്റ്)
ചെലവ്	239033
റിക്വിസിഷൻ ഐ.ഡി	5024800401230032/04.03.2024 തുക 2610/- 5024800401230035/16.01.2024 തുക 14514/- 5024800401230041/20.02.2024 തുക 4160/- 5024800401230044/12.03.2024 തുക 193104/- 5024800401230047/12.03.2024 തുക 19415/- 5024800401230053/22.03.2024 തുക 5230/-
നിർവ്വഹണം	**മെഡിക്കൽ ഓഫീസർ, പി.എച്ച്.സി**

ടി പദ്ധതിക്കായി റിക്വിസിഷൻ ഐ.ഡി 5024800401230044/12.03.2024 പ്രകാരം പ്രഫോർമ ഇൻവോയ്സ് നം. TVM/ITBG/PI/RM/643/23-24 തീയതി 11.03.2024 ന്റെ അടിസ്ഥാനത്തിൽ 4 ലാപ്ടോപുകൾ വാങ്ങുന്നതിനായി 193104/- രൂപ കെൽട്രോണിന് കൈമാറിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതി വരെയും ലാപ്ടോപ് ലഭ്യമായിട്ടില്ല. ലാപ് ടോപുകൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (44/30.07.2024) ലാപ്ടോപുകൾ ഒരു മാസത്തിനകം ലഭ്യമാക്കുമെന്ന് കെൽട്രോണിൽ നിന്നും അറിയിച്ചതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലാപ്ടോപുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം രേഖകൾ സഹിതം അറിയിക്കുതുവരെ 193104/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-40 “ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ" - മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല – 145140/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ	S0110/24
പ്രോജക്ടിന്റെ പേര്	ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ
അടങ്കൽ	500000/- (മെയിന്റനൻസ് ഫണ്ട് - റോഡിതരം - 400000/- വികസന ഫണ്ട് ജനറൽ - 100000/-)
ചെലവ്	400000/- (മെയിന്റനൻസ് ഫണ്ട് - റോഡിതരം)
ബിൽ നമ്പർ (എ.സി.ആർ പ്രകാരം)	238/23.11.2023 തുക 400000/-
നിർവ്വഹണം	**മെഡിക്കൽ ഓഫീസർ, ആയൂർവേദം**

മേൽ ബിൽ പ്രകാരം പ്രഫോർമ ഇൻവോയ്സ് നം. PF 482/23.09.2023 ന്റെ അടിസ്ഥാനത്തിൽ 400000/- രൂപ ഹോംകോയ്ക്ക് കൈമാറിയെങ്കിലും LF 129/13.05.2024 നമ്പർ ടാക്സ് ഇൻവോയിസ് പ്രകാരം 254860/- ന്റെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. അവശേഷിക്കുന്ന 145140/- രൂപയ്ക്കുള്ള മരുന്നുകൾ ലഭിക്കുന്നതിനായി ഹോകോയുമായി ബന്ധപ്പെട്ടുവെന്നും ഒരു മാസത്തിനകം മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അന്വേഷണക്കുറിപ്പിന് മറുപടിയായി (06/24.07.2024) അറിയിച്ചിട്ടുണ്ട്. മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കി, സ്റ്റോക്കിലെടുത്ത് വിവരം

രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കുന്നതുവരെ 145140/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-41 അംഗൻവാടി ഭൗതികസാഹചര്യം - അവലോകനം

അങ്കണവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച് നല്കിയ എൻകൃയറിക്ക് (നം 17/26.07.2024) ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1)ഭൗതിക സാഹചര്യം

ക്രമ നമ്പർ	വിഷയം	എണ്ണം
1	പഞ്ചായത്തിലെ അങ്കണവാടികളുടെ എണ്ണം	24
2	സ്വന്തമായി കെട്ടിടം ഇല്ലാത്തവ	Nil
3	വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ	Nil
4	സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തവ	Nil
5	ചുറ്റുമതിൽ ഇല്ലാത്തവ	4
6	കുടിവെള്ള സൗകര്യം, ജലസംഭരണി എന്നിവ ഇല്ലാത്തവ	7
7	ഫിറ്റ്നസ് ഇല്ലാതെ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ എണ്ണം	ഇല്ല

2) സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 3.2.3 Xi. F, Gഎന്നിവ പ്രകാരം ALMS കമ്മിറ്റി മുഖാന്തിരം വർഷത്തിലൊരിക്കൽ കിണറും മാസത്തിലൊരിക്കൽ ജലസംഭരണിയും വൃത്തിയാക്കുന്നുണ്ട് എന്ന് അറിയിച്ചു.

3) സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ 18.12.2010 ലെ ICDS.ബി.3-312/2010 നമ്പർ കത്ത് പ്രകാരം ശിശുവികസന/പ്രോഗ്രാം ഓഫീസർമാർക്ക് ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി തൃപ്തികരമാണെന്നുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 2023-24 വർഷം ന്യൂട്രിമിക്സിന്റെ (THRS) ഗുണനിലവാരം പരിശോധിച്ചതിന്റെ റിപ്പോർട്ട് ലഭിച്ചിട്ടില്ല എന്ന് അറിയിച്ചു.

4) അങ്കണവാടികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി എല്ലാ വർഷവും മെയ് മാസം പത്താം തീയതിയ്ക്ക് മുൻപ് തദ്ദേശ സ്ഥാപനത്തിലെ എഞ്ചിനീയർ/ ഓവർസിയർ, വാടക കെട്ടിടത്തിൽ ഉൾപ്പെടെ പ്രവർത്തിക്കുന്ന എല്ലാ അങ്കണവാടികളും സന്ദർശിച്ച് അവയുടെ ഫിറ്റ്നസ്സ് ഉറപ്പുവരുത്തി സർട്ടിഫിക്കേറ്റ് നൽകണമെന്നും തദ്ദേശ സ്ഥാപനത്തിന്റെ അധ്യക്ഷൻ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, എഞ്ചിനീയർ, അങ്കണവാടി വർക്കർമാർ എന്നിവർ അടങ്ങുന്ന സമിതി മെയ് മാസം മുപ്പതിനകം ഫിറ്റ്നസ്സ് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണെന്ന് 22.03.2011- തീയതിയിലെ 31055/DC2/2011/LSGD നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്.

അംഗനവാടിയുടെ ഭൌതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കേണ്ടതും, കുടിവെള്ള ക്ഷാമം നേരിടുന്ന പക്ഷം ആയത് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതും ന്യൂട്രിമിക്സ് കൃത്യമായ ഇടവേളകളിൽ പരിശോധിച്ച് സാക്ഷ്യപത്രം സൂക്ഷിക്കേണ്ടതുമാണ്.

1-42 മഴക്കാല പൂർവ്വശുചീകരണം -ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല – 134000/- രൂപ തടസ്സപ്പെടുത്തുന്നു.

മഴക്കാല പൂർവ്വശുചീകരണത്തിന്റെ ഭാഗമായി 16 വാർഡുകൾക്കായി വാർഡ് ഒന്നിന് 10000/- രൂപ ക്രമത്തിൽ ആകെ 160000/- (Cheque No.76987 Date 2.8.23) രൂപ മെഡിക്കൽ ഓഫീസറിന് നൽകിയിട്ടുണ്ട്. മേൽ തുകയിൽ 2,4,7 എന്നിവ ഒഴികെയുള്ള 1,3,5,6,8,9,10,11,12,13,14,15,16 വാർഡുകൾ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. രണ്ടാം വാർഡ് 6000/- രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് ഹാജരാക്കിയത്. രേഖകൾ ഹാജരാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം.59 തീയതി 31.07.24) ചെലവ് രേഖകൾ കൺവീനർമാരുടെ കൈവശം ആണെന്നും ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്നും അറിയിച്ചു. രേഖകൾ ഹാജരാക്കാത്തതിനാൽ 134000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-43 വാട്ടർ ടാങ്ക് വാങ്ങിനൽകൽ – എസ് സി -ഗുണഭോക്തൃവിഹിതമിനത്തിലെ തുക CFC ഫണ്ടിൽ നിന്ന്

അനുവദിച്ചു - 34938/-രൂപ തടസ്സം ചെയ്യുന്നു

പ്രോജക്ട്	Proj. No.19/24 – വാട്ടർ ടാങ്ക് വാങ്ങി നൽകൽ – എസ് സി
അടങ്കൽ	144,000 (CFC) + 48000 (ഗുണഭോക്തൃ വിഹിതം)
ചെലവ്	139750 (CFC)
ബിൽ നം./ തുക	568/24.03.24 – 1,39,750/-(CFC Untied)
നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് സെക്രട്ടറി

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന പട്ടിക ജാതി കുടുംബങ്ങൾക്ക് 75% സബ്സിഡി നിരക്കിൽ വാട്ടർടാങ്ക് വാങ്ങി നൽകുന്നതിനായി രൂപീകരിച്ച മേൽ പ്രോജക്ടിന്റെ നിർവ്വഹണത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ നിലനിൽക്കുന്നു.

1. 06.01.2024-ലെ എ2-11166/2023 നമ്പർ ദർഘാസ് പരസ്യം വഴി ലഭിച്ച ക്വട്ടേഷൻ പ്രകാരം ഏറ്റവും കുറഞ്ഞ തുക(2150/-) ക്വാട്ട് ചെയ്ത Tritech ട്രേഡേഴ്സിനെ വാട്ടർ ടാങ്ക് വിതരണം ചെയ്യുന്നതിനായി തെരഞ്ഞെടുത്ത് 25.01.24-ലെ 1(1) നമ്പർ തീരുമാനം പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ഒരു ടാങ്കിന്റെ വിലയായ 2150/-ന്റെ 25% തുകയായി 540/- രൂപ നിരക്കിൽ ഓരോ ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതം ഈടാക്കാൻ തീരുമാനിച്ചുവെങ്കിലും ആകെയുള്ള 65 ഗുണഭോക്താക്കളിൽ പത്ത് ഗുണഭോക്താക്കളിൽ നിന്ന് 550/- രൂപ നിരക്കിൽ ആണ് തുക ഈടാക്കിയിട്ടുള്ളത്. 55 ഗുണഭോക്താക്കളിൽ നിന്ന് 540/- രൂപ വീതവും ഈടാക്കിയിട്ടുണ്ട്. ഇത്തരത്തിൽ വ്യത്യസ്ത നിരക്കിൽ ഗുണഭോക്തൃവിഹിതം ഈടാക്കിയതിന്മേൽ നൽകിയ ഓഡിറ്റ് എൻകവയറി നം.7/25.07.2024-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2. ഗുണഭോക്തൃ വിഹിതം (35,200/- രൂപ) ഗുണഭോക്താക്കൾ പഞ്ചായത്ത് ഫണ്ടിലേക്ക് നേരിട്ട് അടവ് വരുത്തുകയാണുണ്ടായത്. എന്നാൽ പ്രസ്തുത തുക ചെലവഴിച്ചിട്ടില്ല. വാട്ടർ ടാങ്ക് വിതരണം ചെയ്ത Tritech ട്രേഡേഴ്സിന് 65 വാട്ടർ ടാങ്കിനുള്ള തുക പൂർണ്ണമായും ബിൽ നം.568/24.03.24 പ്രകാരം,(1,39,750/- രൂപ) CFC Untied ഫണ്ടിൽ നിന്നാണ് അനുവദിച്ചിട്ടുള്ളത്. ഇത്തരത്തിൽ ഗുണഭോക്തൃവിഹിതം ഉൾപ്പെടെയുള്ള തുക CFC ഫണ്ടിൽ നിന്ന് അനുവദിച്ചതിന്മേൽ നൽകിയ ഓഡിറ്റ് എൻകവയറി നം.7/25.07.2024-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

3. 65 വാട്ടർ ടാങ്കിനുള്ള തുക (1,39,750/- രൂപ) പൂർണ്ണമായും CFC ഫണ്ടിൽ ബിൽ നം.568/24.03.24 പ്രകാരം Tritech ട്രേഡേഴ്സിന് കൈമാറിയിട്ടുണ്ട്. എന്നാൽ 20 ഗുണഭോക്താക്കൾ ഗുണഭോക്തൃ വിഹിതം പ്രസ്തുത തീയതിക്ക് ശേഷമാണ് അടവ് വരുത്തിയിട്ടുള്ളത്.

ഇത്തരത്തിൽ ഗുണഭോക്തൃ വിഹിതം ഈടാക്കുന്നതിന് മുൻപ് തന്നെ പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നതിൽ നിന്ന് വ്യത്യസ്തമായി പദ്ധതിച്ചെലവ് പൂർണ്ണമായും CFC ഫണ്ടിൽ നിന്ന് അനുവദിച്ചതിന്മേൽ നൽകിയ ഓഡിറ്റ് എൻകവയറി നം.7/25.07.2024-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഗുണഭോക്തൃ വിഹിതമിനത്തിൽ ചെലവഴിക്കേണ്ട തുക (25%) CFC ഫണ്ടിൽ നിന്ന് ചെലവഴിച്ചതിനാൽ അധികമായി CFC ഫണ്ടിൽ നിന്ന് ചെലവഴിച്ച 34938/- രൂപ (ആകെ ചെലവിന്റെ 25%) ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ഗുണഭോക്തൃവിഹിതം ഇനത്തിലെ തുക CFC ഫണ്ടിൽ അടവ് വരുത്തി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഓഡിറ്റിൽ ചൂണ്ടിക്കാണിച്ച അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതും തുടർ വർഷങ്ങളിലെ പ്രോജക്ട് നിർവ്വഹണത്തിൽ മേൽ അപാകതകൾ ആവർത്തിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതുമാണ്.

1-44 കുടുംബശ്രീ ഹെൽപ്ഡെസ്ക് സംവിധാനം പ്രവർത്തനം ആരംഭിച്ചില്ല – ചെലവ് തുക (608085 /- രൂപ) തടസ്സം ചെയ്യുന്നു

നിർവഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് സെക്രട്ടറി
പ്രോജക്ട്	Proj. No.272/24 – ഹെൽപ്പ് ഡെസ്ക് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ
അടങ്കൽ	3,50,000 (തനത്)
ചെലവ്	2,58,099
ബിൽ നം./തീയതി	465/16.03.2024 – 1,30,000/- രൂപ 463/16.03.2024 – 18,899/- രൂപ 466/16.03.2024 – 1,09,200/- രൂപ

പ്രോജക്ട്	Proj. No./163/24 – കുടുംബശ്രീ ഹെൽപ്ഡെസ്ക് സംവിധാനം
അടങ്കൽ	3,49,986 (തനcalculateത്)
ചെലവ്	3,49,986
ബിൽ നം./ തീയതി	76/03.07.2023

ഗ്രാമപഞ്ചായത്തിൽ എത്തുന്ന ജനങ്ങൾക്ക് കുടുംബശ്രീ മുഖേന മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുന്നതിനായി, ഹെൽപ്പ് ഡെസ്ക് സംവിധാനം ഒരുക്കുന്നതിനായി തയ്യാറാക്കിയതാണ് ടി പ്രോജക്ടുകൾ.
ആദ്യ പ്രോജക്ടിൽ ഉൾപ്പെടുത്തി കുടുംബശ്രീ ഹെൽപ്പ് ഡെസ്ക് സംവിധാനം ഒരുക്കുന്നതിനായി 8GB/Windows11 Computer 2 എണ്ണം, Cannon Multifunction Machine, Printer എന്നിവ വാങ്ങുകയും Proj. No./163/24 – 'കുടുംബശ്രീ ഹെൽപ്ഡെസ്ക് സംവിധാനം' എന്ന പ്രോജക്ട് വഴി സിഡ്കോ മുഖേന അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തിട്ടുണ്ട്. ഹെൽപ്പ് ഡെസ്ക് ഒരുക്കുന്നതിനായി രണ്ട് പ്രോജക്ടുകളിലായി ആകെ 6,08,085/- രൂപ ചെലവിട്ടുവെങ്കിലും കുടുംബശ്രീ ഹെൽപ്പ് ഡെസ്ക് സംവിധാനം നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഓഡിറ്റ് എൻകെയറി നമ്പർ 5/24.07.2024 മുഖേന പ്രോജക്ടിന്റെ നിലവിലെ സ്ഥിതി അറിയിക്കാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. കുടുംബശ്രീ ഹെൽപ്ഡെസ്ക് സംവിധാനം പ്രവർത്തനം ആരംഭിക്കാത്ത സാഹചര്യത്തിൽ ഇതിനായി ചെലവ് ചെയ്ത തുക തടസ്സം ചെയ്യുന്നു. കുടുംബശ്രീ ഹെൽപ്ഡെസ്ക് സംവിധാനം പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് വിവരം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-45 പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പഠനമുറി - പ്രവൃത്തി പൂർത്തീകരിച്ചില്ല

പ്രോജക്ട്	Proj. No.161/24 – പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പഠനമുറി (SO)		
അടങ്കൽ	897000(SCP)	2,03,000 (തനത്)	11,00,000
ചെലവ്	459000	0	4,59,000
ബിൽ നം./ തീയതി	29/23.05.23- 155,000 58/16.06.2023 – 104,000 103/01.08.2023 – 50,000 138/25.08.2023 – 150000		
നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് സെക്രട്ടറി		

2022-23 സാമ്പത്തിക വർഷം 7 SC വിഭാഗം വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ നിരക്കിൽ തുക അനുവദിക്കുന്നതിനായി രൂപീകരിച്ച പ്രോജക്ടിൽ നിന്ന് 6വിദ്യാർത്ഥികൾക്ക് ആദ്യഗഡു അനുവദിക്കുകയും പദ്ധതി പൂർത്തിയാകാത്തതിനെ തുടർന്ന് 2023-24 സാമ്പത്തിക വർഷം സ്പിൽ ഓവർ പ്രോജക്ടായി മേൽ പ്രോജക്ട് രൂപീകരിച്ചിട്ടുമുണ്ട്. തൻ വർഷം 2 ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ച് തുക കൈപ്പറ്റിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം ഗുണഭോക്താക്കൾ ചമച്ച കരാർ പ്രകാരം 2023 മാർച്ച് 5നകം പണി പൂർത്തിയാക്കേണ്ടതാണ്. നാല് ഗുണഭോക്താക്കൾ 2023-24 സാമ്പത്തിക വർഷവും പണി പൂർത്തീകരിച്ചിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻകെയറി നമ്പർ 8/25.07.2024 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 2022-23 വർഷത്തിൽ ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചു എന്ന് ഉറപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-46 ബഡ്സ് സ്കൂൾ അദ്ധ്യാപികയ്ക്കും ആയയ്ക്കും ഓണറേറിയം നൽകൽ – സേവന രേഖകൾ പരിപാലിക്കുന്നില്ല

പ്രോജക്ട്	Proj. No.4/24 – ബഡ്സ് സ്കൂൾ അദ്ധ്യാപികയ്ക്കും ആയയ്ക്കും ഓണറേറിയം നൽകൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ	6,00,000 (വികസന ഫണ്ട്)
ചെലവ്	3,64,735

ബഡ്സ് സ്കൂൾ അദ്ധ്യാപികയ്ക്കും ആയയ്ക്കും ഓണറേറിയം നൽകുന്നതിനായി രൂപീകരിച്ച മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി, 03.07.23-ലെ ബിൽ പ്രകാരം 22-23 സാമ്പത്തിക വർഷത്തെ ലീവ് സറണ്ടർ ആനുകൂല്യമായി യഥാക്രമം 9195/- രൂപയും, 12260/- രൂപയും ബഡ്സ് സ്കൂൾ ആയയ്ക്കും അദ്ധ്യാപികയ്ക്കും 2023-24 സാമ്പത്തിക വർഷം അനുവദിച്ച് നൽകിയിട്ടുണ്ട്. അപാകതകൾ ചുവടെ ചേർക്കുന്നു.

1. 22-23 സാമ്പത്തിക വർഷത്തെ ലീവ് സറണ്ടർ ആനുകൂല്യം 2023-24 സാമ്പത്തിക വർഷം അനുവദിച്ച് നൽകിയത് സാധൂകരിക്കുന്ന മേൽ ജീവനക്കാരുടെ സേവന വിവരങ്ങൾ, ഹാജർ പുസ്തകം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറി നം.5/24.07.2024 -ന് മറുപടിയായി മേൽ ജീവനക്കാരുടെ നിയമന ഉത്തരവ് ആണ് പരിശോധനയ്ക്കായി ലഭ്യമാക്കിയത്. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 30.06.2014 ലെ ഇ2/2321/14 നമ്പർ സർക്കുലറിൽ കരാർ ജീവനക്കാർക്ക് ആർജിതാവധി, ആർജിതാവധി വില്പന എന്നീ ആനുകൂല്യങ്ങൾ സർക്കാർ അനുവദിച്ചിട്ടുള്ളതിനാൽ എല്ലാ കരാർ ജീവനക്കാർക്കും സേവന പുസ്തകം ആരംഭിച്ച് ബന്ധപ്പെട്ട രേഖപ്പെടുത്തലുകൾ വരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ കരാർ ജീവനക്കാരുടെ സേവന പുസ്തകമോ പീരിയോഡിക്കൽ സറണ്ടർ ഓഫ് ഏൺഡ് ലീവ് അനുവദിച്ചതുമായി ബന്ധപ്പെട്ട ഫയലുകളോ ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല.

2. ആർജ്ജിതാവധി സറണ്ടർ ചെയ്യുന്നതിനായി ജീവനക്കാർ സമർപ്പിച്ച അപേക്ഷയിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ, 2022-23 വർഷത്തെ സറണ്ടർ ആ വർഷം ക്ളയിം ചെയ്തത് സാധൂകരിക്കുന്ന രേഖ ലഭ്യമല്ല. സറണ്ടർ അപേക്ഷ പൂർണ്ണമായും പൂരിപ്പിക്കുകയോ Controlling Officer ശുപാർശ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

അപേക്ഷ പൂർണ്ണമായി പൂരിപ്പിച്ചും ആവശ്യമായ രേഖകളുടെ പിൻബലത്തോടെയുമാണ് സമർപ്പിക്കുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്. അപാകത പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-47 കൂൺകൃഷി ധനസഹായം - അധികമായി അനുവദിച്ച സബ്സിഡി തുക(4973/- രൂപ) തടസ്സം ചെയ്യുന്നു

പ്രോജക്ട്	നം.223/24 – കൂൺ കൃഷി
അടങ്കൽ	90,000 (വി.ഫ.)
ചെലവ്	67500
ബിൽ നം. / തീയതി	265/4.12.23-67500
നിർവ്വഹണ ഉദ്യോഗസ്ഥൻ	കൃഷി ഓഫീസർ

കൂൺ കൃഷിയിൽ പരിശീലനം നൽകി കൃഷി വ്യാപിപ്പിക്കുന്നതോടൊപ്പം മൂല്യ വർദ്ധിത ഉല്പന്നങ്ങൾ വിപണനം നടത്തി വ്യക്തികളുടെയും ഗ്രൂപ്പുകളുടെയും സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ രൂപീകരിച്ച പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സബ്സിഡി മാർഗ്ഗരേഖ ഖ.6.1(33) പ്രകാരം കൂൺ കൃഷിക്ക് ആനുകൂല്യം ലഭിക്കുന്നതിന് ഗുണഭോക്താവ് 100 ബെഡെങ്കിലുമുള്ള 2 യൂണിറ്റ് രൂപീകരിക്കേണ്ടതുണ്ട്. പ്രോജക്ട് വഴി ധനസഹായം അനുവദിച്ച ശ്രീമതി. ബിന്ദു വി, ശ്രീമതി. ശ്രീജ ബി., ശ്രീമതി. വാസന്തി പി. എന്നീ ഗുണഭോക്താക്കൾക്ക് 1 യൂണിറ്റ് കൃഷി ചെയ്യുന്നതിനാണ് തുക അനുവദിച്ചിട്ടുള്ളത്.

2. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഗുണഭോക്താവ് വർഷത്തിൽ 3 തവണയെങ്കിലും കൃഷി ചെയ്യണം. ആയത് സാധൂകരിക്കുന്ന പരിശോധനാറിപ്പോർട്ട് ഫയലിൽ ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻകൃയറി നം.45-ന് ലഭ്യമാക്കിയ മറുപടിയിൽ, ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾ കൂൺ കൃഷി ചെയ്യുന്നവരും മൂല്യ വർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നവരും ആണെന്നാണ് അറിയിച്ചിട്ടുള്ളത്. മറുപടി സാധൂകരിക്കുന്ന രേഖയോ സബ്സിഡി മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള പരിശോധനാറിപ്പോർട്ടോ ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

3. സബ്സിഡി മാർഗ്ഗരേഖ പ്രകാരം, ചെലവിന്റെ 40% തുക (ഒരു യൂണിറ്റിന് പരമാവധി 11250/- രൂപ) അനുവദിക്കാനാണ് അനുവാദം നൽകിയിട്ടുള്ളത്. ആയത് പാലിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	ഗുണഭോക്താവ്	ആകെ ചെലവ്	അനുവദിച്ച തുക	അനുവദിക്കാവുന്ന തുക (40 %)	അധികമായി അനുവദിച്ച തുക

1	ശ്രീമതി. ബിന്ദു വി., കൊച്ചുവിള വീട്	24684	11,250	9874	1376
2	ശ്രീമതി. ആതിര എസ്. ബാബു, നാലേക്കർ	52771	22500	21109	1391
3	ശ്രീമതി. ശ്രീജ ബി., വിളയിൽ പുത്തൻ വീട്	22610	11250	9044	2206
	ആകെ				**4973**

വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻകയറി നം.45-ന് ലഭ്യമാക്കിയ മറുപടിയിൽ, മറുപടിയോടൊപ്പം രേഖകൾ ഹാജരാക്കുന്നതായി അറിയിച്ചിട്ടുണ്ടെങ്കിലും രേഖകൾ ലഭ്യമാക്കിയിട്ടില്ല. സബ്സിഡിക്ക് ആനുപാതികമായ ചെലവ് രേഖകളുടെ അഭാവത്തിൽ, അധികമായി അനുവദിച്ച തുകയുടെ ചെലവ് (4973/- രൂപ) തടസ്സം ചെയ്യുന്നു.
പ്രോജക്ട് നിർവ്വഹണം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി നിർവ്വഹിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-48 ഫലവൃക്ഷതൈ വിതരണം - മാനദണ്ഡങ്ങൾ പാലിച്ചില്ല – 43,750/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു

പ്രോജക്ട്	Proj. No26/24 -ഫലവൃക്ഷ തൈ വിതരണം
അടങ്കൽ	50,000 (വി.ഫ.-SCP)
ചെലവ്	50,000
ബിൽ നം./തീയതി	222/15.11.2023- 50,000/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	കൃഷി ഓഫീസർ

ഗുണമേന്മയുള്ള ഫലവൃക്ഷ തൈകൾ ഒരെണ്ണമെങ്കിലും ഒരു SC കുടുംബത്തിന് നൽകുന്നതിനായി രൂപീകരിച്ച പ്രോജക്ടിന്റെ ഫയൽ രേഖകൾ പ്രകാരം, പ്ളാവിന്റെ 250 രൂപ വിലയുള്ള 200 ഗ്രാഫ്റ്റ് തൈകൾ (കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ 23.09.2023-ലെ Invoice No.X-771/23-24 പ്രകാരം വാങ്ങിയത്) ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. എസ്.സി.പി. ഫണ്ട് വിനിയോഗിച്ച് പട്ടികജാതി വിഭാഗം ഗുണഭോക്താക്കൾക്കായി നിർവ്വഹണം നടത്തിയ പ്രോജക്ടിൽ, ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റോ രേഖകളോ കൂടാതെ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ആയതിനുള്ള വിശദീകരണം, അനുബന്ധ രേഖകൾ, ഗുണഭോക്താവിനുള്ള ഫലവൃക്ഷതൈയുടെ എണ്ണം നിർണ്ണയിച്ച മാനദണ്ഡം, സർക്കാർ മാനദണ്ഡപ്രകാരം 1 സെന്റ് സ്ഥലത്ത് നടാവുന്ന പരമാവധി പ്ളാവിൻ തൈയുടെ എണ്ണം, എന്നിവയുടെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം.51-ന് ലഭ്യമാക്കിയ മറുപടിയിൽ ജാതി തെളിയിക്കുന്ന രേഖകൾ പഞ്ചായത്തിൽ ലഭ്യമാകും എന്ന മറുപടിയാണ് സമർപ്പിച്ചിട്ടുള്ളത്. ഗുണഭോക്താക്കളുടെ അർഹത മാനദണ്ഡം പരിശോധിക്കുന്നതിനുള്ള ഉത്തരവാദിത്തം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാകയാൽ മറുപടി അംഗീകരിക്കാവുന്നതല്ല. എസ്.സി.പി. ഫണ്ടിൽ നിന്ന് തുക ചെലവ് ചെയ്ത് വാങ്ങിയ വൃക്ഷതൈകൾ അർഹതാ മാനദണ്ഡം പരിശോധിക്കാതെ വിതരണം ചെയ്തതിനാൽ പ്രസ്തുത ചെലവ് (175*250=43,750/-) തടസ്സം ചെയ്യുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	ഗുണഭോക്താവ്	അപാകതകൾ	
		ജാതി തെളിയിക്കുന്ന രേഖകൾ	അനുവദിച്ച തൈകളുടെ എണ്ണം
1	ശ്രീമതി. ഗീത റ്റി	ഇല്ല	4
2	ശ്രീ. അച്യുതൻ	ഇല്ല	4
3	ശ്രീമതി. നളിനി	ഇല്ല	4
4	ശ്രീമതി. ശാന്തകുമാരി	ഇല്ല	6
5	ശ്രീമതി.ശ്രീജ ബി.	ഇല്ല	4
6	ശ്രീമതി.ശരണ്യ എം.എസ്.	ഇല്ല	4
7	ശ്രീമതി.കുമാരി വിജയ	ഇല്ല	3
8	ശ്രീമതി.മോളി ബി.	ഇല്ല	3
9	ശ്രീമതി.വിനിത എം.	ഇല്ല	3
10	ശ്രീമതി.നിർമ്മല വി.	ഇല്ല	3
11	ശ്രീമതി.ദീപ എസ്.	ഇല്ല	3

12	ശ്രീമതി.ഷാജു മോൾ	ഇല്ല	10
13	ശ്രീമതി.സിന്ധു ഡി.കെ.	ഇല്ല	4
14	ശ്രീ.ബിനുമോൻ കെ.സി.	ഇല്ല	5
15	ശ്രീമതി.ഷിമ ജെ.എസ്. (W/O ശ്രീ.ബിനുമോൻ)	ഇല്ല	5
16	ശ്രീമതി.സുധ സി.	ഇല്ല	3
17	ശ്രീമതി.സച്ചു എസ്.	ഇല്ല	4
18	ശ്രീമതി.തങ്കമണി	ഇല്ല	3
19	ശ്രീമതി.സീത സി.	ഇല്ല	4
20	ശ്രീ.ജയചന്ദ്രൻ	ഇല്ല	5
21	ശ്രീമതി.ഷിബി	ഇല്ല	3
22	ശ്രീ.മാധവൻ പി.	ഇല്ല	4
23	ശ്രീ.കുട്ടപ്പൻ	ഇല്ല	6
25	ശ്രീ.വിജയൻ	ഇല്ല	4
26	ശ്രീമതി.കുമാരി സി.	ഇല്ല	4
27	ശ്രീ.വാസുദേവൻ	ഇല്ല	2
28	ശ്രീമതി.ഷൈനി	ഇല്ല	4
29	ശ്രീമതി.ലതിക	ഇല്ല	4
30	ശ്രീമതി.ഓമന പി.	ഇല്ല	4
31	ശ്രീമതി.അപ്പിയമ്മ	ഇല്ല	4
32	ശ്രീമതി.സുമംഗല	ഇല്ല	4
33	ശ്രീമതി.ഇന്ദിര	ഇല്ല	4
34	ശ്രീ.മോഹനൻ കെ.	ഇല്ല	4
35	ശ്രീമതി.ദീപ സത്യൻ എസ്.	ഇല്ല	4
36	ശ്രീമതി.ബേബി	ഇല്ല	5
37	ശ്രീമതി.ഭാമ കെ.	ഇല്ല	5
38	ശ്രീമതി.ഷീല ഒ.	ഇല്ല	5
39	ശ്രീമതി.ലത വി	ഇല്ല	5
40	ശ്രീമതി.പ്രസന്ന	ഇല്ല	4
41	ശ്രീ.ബാബു എം	ഇല്ല	4
42	ശ്രീമതി.വാസന്തി കെ	ഇല്ല	4
43	ശ്രീമതി.ഷീജ എസ്.	ഇല്ല	4

2. മേൽ പ്രോജക്ടിൽ, ഗുണഭോക്താക്കളുടെ അപേക്ഷയിൽ കൃഷി അസിസ്റ്റന്റ് സ്ഥല പരിശോധന നടത്തി, അർഹമായ തൈകളുടെ എണ്ണം നിശ്ചയിച്ച് രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല.

എസ്.സി.പി. ഫണ്ടിൽ നിന്ന് തുക ചെലവ് ചെയ്ത് വാങ്ങിയ വൃക്ഷതൈകൾ അർഹരായ ഗുണഭോക്താക്കൾക്കാണ് വിതരണം ചെയ്തതെന്നത് സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും പ്രോജക്ട് നിർവ്വഹണം അപാകതകൾ കൂടാതെ നിർവ്വഹിക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

1-49 SSK വിഹിതം ഒടുക്കൽ- ചെലവ് വിശദാംശം ലഭ്യമല്ല

പ്രോജക്ട്	Proj. No.30/24 – SSK വിഹിതം ഒടുക്കൽ- എസ്.സി.പി.
അടങ്കൽ	3,00,000(SCP)
ചെലവ്	3,00,000
ബിൽ നം. /തീയതി	97/24.07.23
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെഡ്മാസ്റ്റർ

പ്രോജക്ട്	Proj. No.29/24 – SSK വിഹിതം ഒടുക്കൽ
അടങ്കൽ	10,00,000(വി.ഫ.)
ചെലവ്	10,00,000
ബിൽ നം. /തീയതി	96/24.07.23

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെഡ്മാസ്റ്റർ

SSK-യ്ക്ക് വിഹിതം ഒടുക്കു വരുത്തുന്നതിനായി എച്ച്.എം. നിർവ്വഹണ ഉദ്യോഗസ്ഥനായി രൂപീകരിച്ച മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ഖ.8.6 പ്രകാരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ Ssk പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടന്ന പ്രവർത്തനങ്ങൾ/ പരിപാടികൾ സംബന്ധിച്ച വിശദാംശം എസ്.എസ്.കെ. പ്രോജക്ട് ഓഫീസർ അതത് തദ്ദേശ ഭരണ സ്ഥാപനങ്ങളെ അറിയിക്കേണ്ടതുണ്ട്. 2023-24 സാമ്പത്തിക വർഷം നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശം പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

2. മേൽ പ്രോജക്ടുകളിലായി SSK വിഹിതമായി അടവാക്കിയ തുകയ്ക്ക് ലഭിച്ചതായി ഓഡിറ്റിന് ലഭ്യമാക്കിയ വിനിയോഗസാക്ഷ്യപത്രം പ്രകാരം, (No.SSK(2)/13662024/DPO/TVM തീയതി.20.04.2023), 26.07.2023-ന് അടവാക്കിയ തുകയ്ക്ക് തുക അടവാക്കുന്നതിന് മുമ്പായി 20.04.2023 തീയതിയിൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്.

മേൽ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻകെയറി നം.38-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഓരോ സ്കൂളിലും നടന്ന പ്രവർത്തനങ്ങൾ/ പരിപാടികൾ സംബന്ധിച്ച വിശദാംശം എസ്.എസ്.കെ. പ്രോജക്ട് ഓഫീസറിൽ നിന്ന് ലഭ്യമാക്കേണ്ടതും വിനിയോഗസാക്ഷ്യപത്രത്തിലെ അപാകത പരിഹരിച്ച് ലഭ്യമാക്കേണ്ടതുമാണ്.

1-50 വിദ്യാവെളിച്ചം പദ്ധതി - ലക്ഷ്യം നേടിയില്ല - തുടർ നടപടി അനിവാര്യം

പ്രോജക്ട്	Proj. No.212/24 – വിദ്യാവെളിച്ചം പദ്ധതി (SO)
അടങ്കൽ	3,00,000 (തനത്)
ചെലവ്	6,000
നിർവ്വഹണ ഉദ്യോഗസ്ഥ	ഹെഡ്മിസ്ട്രസ്

തനത് ഫണ്ട് 3,00,000/- രൂപ വകയിരുത്തിയ മേൽ സ്പിൽ ഓവർപ്രോജക്ടിൽ നിന്ന് തൻവർഷം 6000/- രൂപ മാത്രം ചെലവ് ചെയ്ത സാഹചര്യത്തിൽ പ്രോജക്ട് ലക്ഷ്യങ്ങൾ, നാളിതുവരെ ചെലവ് ചെയ്ത തുക, നിർവ്വഹിച്ച പ്രവർത്തനങ്ങൾ, എന്നിവയുടെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകെയറി നം.38-ന് ഹെഡ്മിസ്ട്രസ് ലഭ്യമാക്കിയ മറുപടി പ്രകാരം സ്പിൽ ഓവർ പ്രോജക്ട് തൻ വർഷം ലക്ഷ്യം നേടിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രോജക്ട് നിർവഹണത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

1. കോവിഡാനന്തരം കുട്ടികൾ പഠനത്തിൽ പിന്നാക്കം പോയ സാഹചര്യത്തിൽ, പഠനത്തിൽ പിന്നാക്കം നിൽക്കുന്ന എസ് സി വിഭാഗം കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി രൂപീകരിച്ച പ്രോജക്ട് ആണ് വിദ്യാവെളിച്ചം. കുട്ടികളെ അവരുടെ സൗകര്യാർത്ഥം ചെറു ഗ്രൂപ്പുകളായി തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ വരുത്തുന്നതിനും B.Ed/ TTC യോഗ്യതയുള്ള സമീപപ്രദേശത്തെ വ്യക്തികളെ ഉപയോഗിച്ച് ഭാഷ, ഗണിതം എന്നിവയിൽ പഠനപരിപോഷണ പരിപാടി നടത്തുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. പ്രോജക്ട് സ്പിൽ ഓവറായി 2023-24 സാമ്പത്തിക വർഷം നടപ്പിലാക്കിയെങ്കിലും പ്രോജക്ട് ലക്ഷ്യങ്ങൾ നിർവ്വഹിക്കുന്നതിനുതകുന്ന മേൽ പ്രവർത്തനങ്ങൾ ഒന്നും തന്നെ തൻ വർഷം നടപ്പിലാക്കിയിട്ടില്ല.

2. **ഇതുവരെ നടപ്പാക്കിയ പ്രവർത്തനങ്ങൾ** - B.Ed/ TTC യോഗ്യതയുള്ള പഞ്ചായത്തിലെ വ്യക്തികളുടെ ലിസ്റ്റ് തയ്യാറാക്കി DIET മുഖാന്തിരം ട്രെയിനിംഗ് നൽകിയിട്ടുണ്ട്. പഠന മോഡ്യൂൾ തയ്യാറാക്കുന്നതിന് DIET ഫാക്കൽറ്റിയെ ചുമതലപ്പെടുത്തിയിരുന്നുവെങ്കിലും മോഡ്യൂൾ തയ്യാറാക്കി പഠനപ്രവർത്തനങ്ങളിലേക്ക് എത്താൻ കഴിയാതിരുന്നതിനാൽ പാഠപുസ്തകങ്ങളിലെ പ്രവർത്തനങ്ങൾ മാത്രമാണ് നിർവ്വഹണ ഉദ്യോഗസ്ഥ നടപ്പാക്കിയത്.

3. ടീച്ചേഴ്സിന് പ്രതിഫലം നൽകാതിരുന്നതിനാലും കുട്ടികളെ എത്തിക്കുന്നതിലെ ജാഗ്രതകുറവും കാരണം പദ്ധതി പ്രവർത്തനത്തിൽ സ്തംഭനാവസ്ഥ നിലനിന്നിരുന്നു എന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്.

II പ്രോജക്ടുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ/നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. 2023-24 സാമ്പത്തിക വർഷം കുട്ടികൾക്ക് പാൽ, മുട്ട എന്നിവ നൽകുന്നതിനുള്ള പാത്രങ്ങൾ വാങ്ങുന്ന ചെലവ് മാത്രമാണ് നിർവ്വഹിച്ചിട്ടുള്ളത്. പ്രോജക്ട് ലക്ഷ്യം നിർവ്വഹിക്കുന്നതിനുതകുന്ന മറ്റ് പ്രവർത്തനങ്ങൾ തൻ വർഷം നടപ്പിലാക്കിയിട്ടില്ല.

2. പഠനകേന്ദ്രങ്ങളായി തെരഞ്ഞെടുത്ത സ്ഥലങ്ങൾ, ഓരോ കേന്ദ്രത്തിലും എത്തുന്ന കുട്ടികളുടെ വിവരം, ക്ളാസുകളിലെ ഹാജർ വിശദാംശം, പരിശീലകരുടെ പേരുവിവരം, DIET ട്രെയിനിംഗ് ലഭിച്ചവരുടെ വിശദാംശം എന്നിവയൊന്നും ലഭ്യമാക്കിയിട്ടില്ല.

3. പതിനാലാം പദ്ധതി മാർഗ്ഗരേഖ നിർദ്ദേശിക്കുന്ന പ്രകാരം, കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിന് സഹായകരമാകുന്ന പദ്ധതികൾ, ആവശ്യമായ മുന്നൊരുക്കങ്ങളോടെയും മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടും കുട്ടികളുടെ സുരക്ഷ ഉൾപ്പെടെയുള്ള വിഷയങ്ങളിൽ ഫലപ്രദമായ മോണിറ്ററിംഗ് ഉറപ്പാക്കികൊണ്ടും വിദ്യാർത്ഥികൾക്ക് എത്തിചേരാൻ കഴിയുന്ന പരിശീലന കേന്ദ്രങ്ങൾ തെരഞ്ഞെടുത്തും, വിജയകരമായി നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

4. സർവ്വീസിലുള്ളതോ വിരമിച്ചതോ ആയ സർക്കാർ/Aided വിഭാഗം അദ്ധ്യാപകരുടെ സന്നദ്ധസേവനം ലഭ്യമാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

1-51 അലങ്കാര മത്സ്യകൃഷി - ചെലവ് വിശദാംശങ്ങളുടെ അഭാവം - ചെലവ് തുക (20,000/-) തടസ്സം ചെയ്യുന്നു

പ്രോജക്ട്	Proj. No.45/24 – അലങ്കാര മത്സ്യകൃഷി (വനിത)
അടങ്കൽ	20,000 (വി.ഫ.) + 30,000 (ഗുണഭോക്തൃ വിഹിതം)
ചെലവ്	20,000 (Bill RefNo.23020352023700999739 തീയതി.29.12.2023) (വികസന ഫണ്ട്)
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ

1000 ലിറ്റർ കപ്പാസിറ്റിയുള്ള 3 ടാങ്കുകൾ താല്ക്കാലിക മേൽക്കൂര, 1X1X1 മീറ്റർ വ്യാപ്തമുള്ള 2 ഗ്ളാസ് ടാങ്കുകൾ, മോട്ടോർ പമ്പുകൾ, ഇലക്ട്രിക്കൽ ഉപകരണങ്ങൾ, വെള്ളം അണുവിമുക്തമാക്കുന്നതിനുള്ള ഉപകരണങ്ങൾ, ഓക്സിജൻ സിലിണ്ടർ എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി മത്സ്യങ്ങളെ തീറ്റ നൽകി വളർത്തുന്നതിന് വനിതകൾക്ക് ആനുകൂല്യം നൽകന്നതിനായി രൂപീകരിച്ച പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി ശ്രീമതി. ചന്ദ്രിക, പുത്തൻവീട്, വെഞ്ഞാറമൂട് എന്ന ഗുണഭോക്താവിന് സബ്സിഡി ആനുകൂല്യമായി 20,000/- രൂപ അനുവദിച്ചിട്ടുണ്ട്. പ്രോജക്ട് ഫയലിൽ അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയതായി രേഖപ്പെടുത്തി ഉൾക്കൊള്ളിച്ചിട്ടുള്ള General Valuation-ഉം, ഗുണഭോക്താവ് സമർപ്പിച്ച ചെലവ് രേഖ പ്രകാരമുള്ള ചെലവ് വിശദാംശവും ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ സബ്സിഡി നിർണയിച്ചതിലെ വിശദാംശവും പൊരുത്തപ്പെടുന്നില്ല. (ഉദാ. General Valuation Sheet പ്രകാരം ടാങ്കുകളുടെ നിർമ്മാണ ചെലവ് 17,817/- രൂപയാണ്. എന്നാൽ ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ നിർമ്മാണ ചെലവ് 30,110/- രൂപ രേഖപ്പെടുത്തി 10,600/- രൂപ ഈയിനത്തിൽ സബ്സിഡി ശുപാർശ ചെയ്തിട്ടുണ്ട്.). പതിനാലാം സബ്സിഡി മാർഗ്ഗരേഖ (സ.ഉ.(സാധാ)115/2022/ത.സ്വ.ഭ.വ തീയതി. 28.05.22) ഖ.6.4.ബി(4) പ്രകാരം യൂണിറ്റിന്റെ പരമാവധി ചെലവ് 50,000/- രൂപയായും ജനറൽ വിഭാഗത്തിന് ചെലവിന്റെ 40% സബ്സിഡിക്കും അനുവാദം നൽകിയിട്ടുണ്ട്. സബ്സിഡി കണക്കാക്കിയത് സാധൂകരിക്കുന്ന വാലേഷൻ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം.56-ന് മറുപടി ലഭ്യമാക്കിയില്ല.

2. ടി പദ്ധതി പ്രകാരം ഗുണഭോക്താവ് ആകെ 50,000/- രൂപയിലധികം അലങ്കാര മത്സ്യകൃഷി യൂണിറ്റിന് ചെലവിട്ടതിന്റെ ചെലവ് സ്റ്റേറ്റ്മന്റ് നിർവഹണ ഉദ്യോഗസ്ഥ തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ടി ചെലവിനെ സാധൂകരിക്കുന്ന രേഖകൾ (സബ് വൗച്ചറുകൾ, ക്യാഷ് ബില്ലുകൾ, വാല്യൂവേഷൻ സ്റ്റേറ്റ്മന്റ് എന്നിവ) ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

അപാകതകളിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം.56-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

സബ്സിഡി കണക്കാക്കിയത് സാധൂകരിക്കുന്ന വാലേഷൻ വിശദാംശം, ആയതിന്റെ ചെലവ് സാധൂകരിക്കുന്ന രേഖകൾ, പഞ്ചായത്ത് തലത്തിൽ തയ്യാറാക്കിയ വാലേഷൻ റിപ്പോർട്ട് എന്നിവയുടെ അഭാവത്തിൽ ചെലവ് തുക (20,000/-) തടസ്സം ചെയ്യുന്നു. ചെലവ് സാധൂകരിക്കുന്ന രേഖകൾ, വാലേഷൻ റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. പ്രോജക്ട് നിർവ്വഹണം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് നിർവ്വഹിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്കായുള്ള ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	വർഷം	മുന്നിരിപ്പ്	തൻ വർഷം ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവഴിച്ച തുക/ തിരിച്ചടച്ച തുക	നീക്കിയിരിപ്പ്
ബ്ലോക്ക് പഞ്ചായത്ത്	2023-24	0	40000	37/24 ലൈഫ് പി.എം.എ.വൈ ഭവന പദ്ധതി ജനറൽ	**40000**	0
		0	120000	38/24 ലൈഫ് പി.എം.എ.വൈ ഭവന പദ്ധതി എസ്.സി	120000	0
		0	339000	128/24 സ്നേഹസ്പർശം -മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	339000	0
		2399559	0	മുൻവർഷത്തെ പ്രോജക്ടുകൾ	0	2399559
ആകെ		**2399559**	**499000**		**499000**	**2399559**
ജില്ലാ പഞ്ചായത്ത്	2023-24	0	660000	38/24 ലൈഫ് പി.എം.എ.വൈ ഭവന പദ്ധതി എസ്.സി	660000	0
		0	225000	274/23 ലൈഫ് ഭൂമി വാങ്ങൽ എസ്.സി.പി	225000	0
		0	389250	128/24 സ്നേഹസ്പർശം -മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	389250	0
		0	21121	47/24 ക്ഷീരസമൃദ്ധി പാലിന് സബ്സിഡി	21121	0
ആകെ		**0**	**1295371**		**1295371**	**0**

വാർഷിക ധനകാര്യ പത്രിക പ്രകാരം

	2022-23 B-4, ഷെഡ്യൂൾ	തൻവർഷത്തെ വരവ്	ആകെ	സുലേഖ പത്രിക	നീക്കിയിരിപ്പ്	2023-24 B-4 ഷെഡ്യൂൾ

	പ്രകാരം മുന്നിരിപ്പ്			പ്രകാരം ചെലവ്		പ്രകാരം നീക്കയിരിപ്പ്
ബ്ലോക്ക് പഞ്ചായത്ത് വിഹിതം	2399559	499000	2898559	499000	2399559	2399559
ജില്ലാ പഞ്ചായത്ത് വിഹിതം	0	1295371	1295371	1295371	0	0

4-2 നിക്ഷേപ പ്രവൃത്തികൾ

സുലേഖ ചെലവ് പത്രിക പ്രകാരം

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	മുൻകൂർ നൽകിയ തുക	തൻ വർഷം ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം പ്രകാരം)	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കെ.എസ്.ഇ.ബി	9/24 പോസ്റ്റ് ഷിഫ്റ്റിംഗ്	292673	9100	283573
ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്	241/24 വെഞ്ഞാറമൂട് യുപിഎസ് - കുഴൽ കിണർ നിർമ്മാണം - പമ്പ് സെറ്റ് സ്ഥാപിക്കൽ	175261	0	175261
	222/24 മാർക്കറ്റിൽ കുഴൽകിണർ നിർമ്മാണം	71141	0	71141

വാർഷിക ധനകാര്യ പത്രിക പ്രകാരം

	മുന്നിരിപ്പ്	2023-24 വർഷത്തെ നിക്ഷേപം	ആകെ	വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത്	നീക്കിയിരിപ്പ്	2023-24 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ്
കേരള വാട്ടർ അതോറിറ്റി	4762608	0	4762608	0	4762608	5870336
കെ.എസ്.ഇ.ബി	423308	283573	706881	29193	677688	706881
ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്	0	246402	246402	0	246402	246402

നീക്കിയിരിപ്പുകൾ പൊരുത്തപ്പെടാത്തത് സംബന്ധിച്ച് ഖ.1-1-8 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

4-4 വായ്പ / വായ്പ തിരിച്ചടവ്

വായ്പ വിവരം	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം ലഭിച്ച തുക	ആകെ	തൻവർഷം തിരിച്ചടച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം)	തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (B-5 ഷെഡ്യൂൾ പ്രകാരം)
KURDFC	27641370	3160000	30801370	3166117	27635253

4-5 സ്ഥിര നിക്ഷേപം

FD നമ്പർ	തുക	പലിശ നിരക്ക്	നിക്ഷേപ തീയതി	മെച്യൂരിറ്റി തീയതി	ബാങ്ക്
138897 *	1284600	7%	17/12/2016	-----	സെൻട്രൽ ബാങ്ക്
030431	5000000	4.75	20/03/2023	Automatic Renewal After 90 Days	സെൻട്രൽ ബാങ്ക്
030475	5000000	5.5	16/05/2023	Automatic Renewal After 180 Days	സെൻട്രൽ ബാങ്ക്
030476	5000000	5.5	16/05/2023	Automatic Renewal After 180 Days	സെൻട്രൽ ബാങ്ക്
030477	5000000	5.5	16/05/2023	Automatic Renewal After 180 Days	സെൻട്രൽ ബാങ്ക്
41580300004892	5000000	5.5	15/05/2023	Automatic Renewal After 180 Days	ബാങ്ക് ഓഫ് ബറോഡ
TVM/019446	3000000	5.5	05.10.2023	02.04.2024	കേരള ബാങ്ക്

*കോടതിയിൽ ജാമ്യമായി ടി എഫ്.ഡി റസീപ്റ്റ് സമർപ്പിച്ചു. പലിശ യഥാസമയം ലഭിക്കുന്നുണ്ട്.

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം

ഇല്ല

4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്തവിവരം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

മുന്നിരിപ്പ്	51973676.00
ഓഡിറ്റ് വർഷത്തെ വരവ്	66537172.00
ആകെ	118510848.00
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	90382461.00
നീക്കിയിരിപ്പ്	28128387.00
വരവിനങ്ങളിലെ നഷ്ടം	53000.00
ചെലവിനങ്ങളിലെ നഷ്ടം	ഇല്ല
ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	**18,18,277**

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വരവിനത്തിലെ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-22	53,000	ശ്രീ.ജോയ്കുമാർ.വി, സെക്രട്ടറി

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-24	2,46,402	ശ്രീ. രാജേഷ്, സെക്രട്ടറി, നെല്ലനാട് ഗ്രാമപഞ്ചായത്ത്
1-31	21,000	ശ്രീമതി. സാവിത്രി, ഐ സി ഡി എസ് സൂപ്പർവൈസർ

1-32	1,52,646	ശ്രീമതി. സാവിത്രി, ഐ സി ഡി എസ് സൂപ്പർവൈസർ (1,16,823/-രൂപ) ശ്രീമതി. വനജകുമാരി, ഐ.സി.ഡി.എസ് സൂപ്പർവൈസർ (35,823/-രൂപ)
1-33	2,14,239	ശ്രീമതി. സാവിത്രി, ഐ സി ഡി എസ് സൂപ്പർവൈസർ (1,00,680/-രൂപ) ശ്രീമതി വനജകുമാരി, ഐ.സി.ഡി.എസ് സൂപ്പർവൈസർ (1,13,559/-രൂപ)
1-39	1,93,104	ഡോ. അനു തോമസ്, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി.
1-40	1,45,140	ഡോ. ജയശങ്കർ.പി, മെഡിക്കൽ ഓഫീസർ, ആയൂർവേദം
1-42	1,34,000	ഡോ. സജി കുമാർ, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി.
1-43	34,938	ശ്രീ. രാജീവ് റ്റി.കെ., അസിസ്റ്റന്റ് സെക്രട്ടറി
1-44	6,08,085	ശ്രീ. രാജീവ് റ്റി.കെ., അസിസ്റ്റന്റ് സെക്രട്ടറി
1-47	4,973	ശ്രീമതി. സുമറോസ് സുന്ദരൻ, കൃഷി ഓഫീസർ
1-48	43,750	ശ്രീമതി. സുമറോസ് സുന്ദരൻ, കൃഷി ഓഫീസർ
1-51	20,000	ശ്രീമതി. മിനി കെ. നായർ, ഫിഷറീസ് ഓഫീസർ
ആകെ	**18,18,277**	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി സാവിത്രി, ഐ.സി.ഡി.എസ് സൂപ്പർവൈസർ	ഐ.സി.ഡി.എസ്.സൂപ്പർവൈസർ മാണിക്കൽ ഗ്രാമ പഞ്ചായത്ത്	ചിഞ്ചുമ, മന്തിക്കുഴി, പരുത്തി കുഴി . പി ഒ, നെല്ലനാട്
ശ്രീമതി.വനജകുമാരി, ഐ.സി.ഡി.എസ്.സൂപ്പർവൈസർ	ഐ.സി.ഡി.എസ്.സൂപ്പർവൈസർ പുല്ലമ്പാറ ഗ്രാമ പഞ്ചായത്ത്	വനജ ലാൻഡ്, ചക്കക്കാട്, വെള്ളുമണ്ണടി, വെഞ്ഞാറമൂട് 9645002778
ശ്രീ. രാജേഷ്, സെക്രട്ടറി	സെക്രട്ടറി, നെല്ലനാട് ഗ്രാമ പഞ്ചായത്ത്	കുന്നിക്കോട് വീട്, ആലിയാട് പി.ഒ, വെഞ്ഞാറമൂട് 7012881375
ശ്രീ.രാജീവ് റ്റി.കെ., അസിസ്റ്റന്റ് സെക്രട്ടറി	അസി. സെക്രട്ടറി, നെല്ലനാട് ഗ്രാമ പഞ്ചായത്ത്	രാജീവം, പ്രൈവറ്റ് ബസ് സ്റ്റാന്റിന് സമീപം, കിളിമാനൂർ
ശ്രീമതി. സുമ റോസ് സുന്ദരൻ, കൃഷി ഓഫീസർ	കൃഷി ഓഫീസർ, നെല്ലനാട് ഗ്രാമ പഞ്ചായത്ത്	നെടിയ വിള വീട്, ഹരിഹരപുരം പി.ഒ., അയിരൂർ, വർക്കല ഫോ.9947466545
ഡോ.അനു തോമസ്, മെഡിക്കൽ ഓഫീസർ	മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ്, എഫ്.എച്ച്.സി.	ചക്കാലയിൽ. കളയിൽ

	വാമനപുരം	സ്കൂയർ. വട്ടപ്പാറ പി.ഒ, തിരുവനന്തപുരം – 695028 ഫോ- 9895095018
ഡോ. ജയശങ്കർ.പി, മെഡിക്കൽ ഓഫീസർ	മെഡിക്കൽ ഓഫീസർ, ആയൂർവേദ ഹോസ്പിറ്റൽ, നെല്ലനാട്	മൽഹാർ, ചക്കകോണം പി.ഒ, കരകുളം ഫോ- 8593983282
ശ്രീമതി.മിനി കെ.നായർ, ഫിഷറീസ് ഓഫീസർ	ഫിഷറീസ് ഓഫീസർ, മത്സ്യഭവൻ, കാട്ടാക്കട	തനിയ, ഉളിയൂർ, പഴകുറ്റി പി.ഒ, നെടുമങ്ങാട് ഫോ – 9447793060
ശ്രീ.ജോയ്കുമാർ.വി, സെക്രട്ടറി	സെക്രട്ടറി	സുഗതൻ ഏരിയ, കാട്ടായിക്കോണം, പോത്തൻകോട് പി.ഒ, ഫോൺ നം.8089724366

4-10 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാനുള്ള ഖണ്ഡികകളുടെ എണ്ണം
2002-03	കെ.എസ്.എ.റ്റി.വി.എം ജിപി 13/892/2022തീയതി 17.10.2022	1 (3-5)
2009-10		1 (3-4)
2010-11		4 (3-6(A,B), 3-7(B), 3-8, 3-9
2011-12		5 (2-1, 3-3, 3-8, 3-9, 3-12)
2012-13		9 (3-6, 3-7, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15)
2014-15		5 (3-1, 3-3, 3-4, 3-5, 3-7, 3-10)
2015-16		1 (3-3)
2016-17		10 (2-1, 2-6, 3-2, 3-3, 3-4, 3-9, 3-10, 3-11, 3-15, 3-16)
2017-18	കെ.എസ്.എ.റ്റി.വി.എം ജിപി 10/2347/2018 തീയതി 15.02.2019	25
2018-19	കെ.എസ്.എ.റ്റി.വി.എം.ജി.പി.10/459/2020 തീയതി 29.05.2020	32
2019-20	കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1113/2021തീയതി 07.01.2023	36
2020-21	കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1145/2021തീയതി 07.01.2023	30
2021-22	കെ.എസ്.എ.റ്റി.വി.എം.ജി.പി.13/139/2023തീയതി 17.02.2023	36
2022-23	കെഎസ്എ/റ്റിവിഎം/ജി പി-13/1551/2023 തീയതി 15.02.2024	48

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1(4) dated 1(4) dated 23-05-2024 and submitted on 10-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Nellanad Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Nellanad Grama Panchayat as on 31-03-2024

Date: 27/09/2024 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Nellanad Grama Panchayat for the Year 2023-2024.

1.Major Observations

NIL

2.Other Observations

1. Mandatory Statements are not submitted for Audit eg: The financial ratios, notes to accounts, B-1 Shedule (Adjusted performance for the current year)
are not submitted with the annual financial statement.

2. In the cash flow statement-Net derease in cashflow (Rs. -23845289/-) does not match with net cash generated by operating, investing, financing activities
(30068816/-).

3. No action has been taken to realise the amount of Rs. 28307/- under the Liability head in respect of Stale cheques.

4. Lapses in making timely and accurate demand entries in respect of tax and non tax revenue.

5. Outstanding expenses like honorarium for members, fuel expenses etc due in the current financial year were not seen included in the expenditure side
of the Income & Expenditure statement and under Current liabilities in the balance sheet.

6) Following bank account shows credit balance for certain periods

Account	Period showing credit balance
KERALA GRAMIN BANK (40338101037861)	23.11.2023 to 27.11.2023

7) The amount for which utilization certificate received (Rs. 29193/- deposited with KSEB) has not been adjusted from the advance head.

8. The following grants were spent but not adjusted in concerned liablity head.

Grant	amount	Head code which the grant amount booked
DFK CHALLENGE FUND II INSTALLMENT	682,719	320800199 Other Grants, Funds & Contributions For Specific Purposes - Capital
Literacy Scheme Grant	8555	320100197 Literacy Scheme Grant

9.An amount of Rs 15559/- has been deducted from the property tax demand through the head Prior period income-property tax in the income and expenditure schedule. But the documents to validate it have not been made available for audit.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്